# മേഖലാ പരിപാടികൾ - സ്കീമുകളുടെ വിശദാംശങ്ങൾ
# കൃഷിയും അനുബന്ധ മേഖലകളും

## സംസ്ഥാന പദ്ധതി

### വിള വികസനം

### 1) ഭക്ഷ്യ വിള ഉൽപാദനം

**(വിഹിതം: 16725.00 ലക്ഷം രൂപ)**

ഭക്ഷ്യവിള ഉല്പാദനത്തിൽ നാല് പദ്ധതികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത് – നെല്ല് വികസനം, പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ വികസനം , പച്ചക്കറി വികസനം, കിഴങ്ങ്/പയർ വർഗ്ഗങ്ങളുടെ വികസനം.

പതിമൂന്നാം പഞ്ചവത്സരപദ്ധതിയിൽ ഹരിത കേരളവുമായി ബന്ധപ്പെടുത്തി അധിക വിഭവം, പുതിയ ഘടകങ്ങൾ, സ്ഥാപന വികസനം എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് കേന്ദ്രീകൃത സ്വഭാവത്തോടെ ഒരു പുനക്രമീകരണം ഉദ്ദേശിച്ചിട്ടുണ്ട്. 2019-20-ൽ ഇതിനായി 167.25 കോടി രൂപ വകയിരുത്തുന്നു. ഈ പദ്ധതിയുടെ 33 ശതമാനം ഗുണഭോക്താക്കൾ വനിതകളായിരിക്കും.

| | | |
|---|---|---|
| i) | നെല്ല് വികസനം | **ശീർഷകം : 2401-00-102-90** |
| | | **വിഹിതം: 9085.00 ലക്ഷം രൂപ** |

സംസ്ഥാനത്ത് 7 പ്രത്യേക കാർഷിക മേഖലയിൽപ്പെടുന്ന പ്രകൃത്യാ തന്നെ നെൽകൃഷിക്ക് അനുകൂല സാഹചര്യമുള്ളതും ഉൽപ്പാദന വർദ്ധനവിന് സാദ്ധ്യതയുള്ളതുമായ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് തരിശുനില കൃഷിക്കും ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾക്കും ഊന്നൽ നൽകി നെൽക്കൃഷി വികസന പരിപാടികൾ നടപ്പിലാക്കുന്നതിന് പ്രധാന ഊന്നൽ നൽകുന്നു. നെൽകൃഷിയുടെ വിസ്തൃതി വർദ്ധിപ്പിച്ച് 3 ലക്ഷം ഹെക്ടർ ആക്കുക എന്ന ലക്ഷ്യം പതിമൂന്നാം പദ്ധതിയുടെ അവസാനത്തോടെ കൈവരിക്കുന്നതിന് ലക്ഷ്യമിടുന്നു. ഇതിലേയ്ക്കായി 2019-20-ൽ 90.85 കോടി രൂപ വകയിരുത്തുന്നു.

സുസ്ഥിര നെൽകൃഷി വികസനത്തിന് ഉല്പാദനോപാധികൾക്കുള്ള സഹായമായി നൽകുന്നതിന് 6500.00 ലക്ഷം രൂപ വകയിരുത്തുന്നു. ഇതിൽ 200.00 ലക്ഷം രൂപ തൃശ്ശൂർ കോൾ നിലങ്ങൾക്ക് വകയിരുത്തിയിരിക്കുന്നു . ഗുണമേന്മയുള്ള വിത്തുകൾ , ജൈവ

ഉല്പാദനോപാധികൾ, സർട്ടിഫിക്കേഷൻ, ജൈവ നിയന്ത്രണകാരികൾ എന്നിവയ്ക്കുള്ള സഹായമായാണ് വകയിരുത്തിയിട്ടുള്ളത്. 400.00 ലക്ഷം രൂപ പാലക്കാട് ജില്ലയ്ക്കും 100.00 ലക്ഷം രൂപ പൊക്കാളി കൃഷി മേഖലയ്ക്കും ഉല്പാദനോപാധികൾക്കുള്ള സഹായമായി വകയിരുത്തിയിരിക്കുന്നു.

പാടശേഖര സമിതികളുടെ കൂട്ട് കൃഷി പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് 300.00 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു. ഈ തുക കൂട്ട്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ഇ-പേയ്മെന്റ് സമ്പ്രദായം നടപ്പിലാക്കുന്നത് സഹായിക്കുന്നതിനുമായി ഒരു സുതാര്യ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ പാടശേഖര സമിതികൾക്ക് നൽകാവുന്നതാണ് . പാടശേഖരങ്ങൾ പുനരുജ്ജീവിപ്പിച്ച് അരിമില്ലുകൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹനം നൽകുന്നതാണ്. ഉത്തമ കൃഷി മുറകളുടെ സർട്ടിഫിക്കേഷൻ നടത്തുന്നതിനുള്ള സഹായവും പാടശേഖരങ്ങൾക്ക് നൽകുന്നതാണ്.

നെൽകൃഷി വികസന ഏജൻസിക്കുള്ള സഹായം പ്രോജക്ട് അടിസ്ഥാനത്തിൽ നൽകുന്നതാണ്. ഇതിനായി 150.00 ലക്ഷം രൂപ വകയിരുത്തുന്നു.

തരിശുനില കൃഷിയ്ക്കുവേണ്ടി 2016-17 ൽ മൂന്ന് വർഷത്തേയ്ക്ക് അംഗീകരിച്ച സഹായം ഈ വർഷവും തുടരുന്നതിനായി ഒരു സമഗ്ര കേന്ദ്രീകൃത രീതി അവലംബിക്കുന്നതാണ് . തരിശുനില കൃഷിക്കായി 1200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, കുടുംബശ്രീ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സജീവ പങ്കാളിത്തത്തോടെ നെൽകൃഷിക്കനുയോജ്യമായ തരിശുനിലങ്ങൾ ഘട്ടം ഘട്ടമായി പ്രോജക്ട് അടിസ്ഥാനത്തിൽ സുസ്ഥിര നെൽകൃഷിക്കായി ഏറ്റെടുക്കുന്നതാണ് . കൃഷി ഓഫീസർമാരുടെ നേതൃത്വത്തിൽ ഉള്ള ഒരു സംഘം തദ്ദേശഭരണസ്ഥാപനങ്ങളുമായി ചർച്ച ചെയ്ത് പഞ്ചായത്ത് തലത്തിൽ തയ്യാറാക്കുന്ന ഗുണഭോക്തൃ ലിസ്റ്റിന്റെ അടിസ്ഥാനത്തിലായിരിക്കും സഹായം അനുവദിക്കുന്നത്. മൊത്തം നെൽകൃഷി വിസ്തൃതി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഒരുപൂ കൃഷിയെ ഇരുപൂ കൃഷിയാക്കിയും ഇരുപൂ കൃഷിയെ മൂന്ന്പൂ കൃഷിയുമാക്കി ഉയർത്തുന്നതിനുള്ള സാധ്യത കണ്ടെത്തേണ്ടതാണ്.

കര നെൽകൃഷിയുടെ സാധ്യത കണക്കിലെടുത്ത് ഇത് വികസിപ്പിക്കുന്നതിനായി 375.00 ലക്ഷം രൂപ വകയിരുത്തുന്നു. ഇവിടെയും ആവശ്യമായ പശ്ചാത്തല സൌകര്യങ്ങൾ ഒരുക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങളുടേയും, തൊഴിലുറപ്പിന്റേയും പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്. കര നെൽകൃഷിക്കും തരിശുനില കൃഷിക്കുമുള്ള കർഷക ഗ്രൂപ്പ് രൂപീകരിക്കുന്നതിന് സഹായം നൽകുന്നതാണ്. ഓരോ വർഷവും തരിശുനിലത്തിൽ കൃഷി ചെയ്ത വിശദാംശങ്ങളുടെ ഒരു ഡാറ്റാ ബേസ് ഓരോ കൃഷി ഭവനിലും , പഞ്ചായത്തിലും സൂക്ഷിക്കേണ്ടതാണ്. തരിശുനിലകൃഷിയുടെ വിസ്തൃതി, പ്രവർത്തനരീതികൾ, ഒരു ഹെക്ടറിൽ നിന്നുള്ള ഉല്പാദനം എന്നിവ ഡാറ്റാ ബേസിൽ ഉൾപ്പെടുത്തേണ്ടതാണ്.

ഓരോ പ്രദേശത്തിനും അനുയോജ്യമായ സർട്ടിഫൈഡ് വിത്തുകൾ ലഭ്യമാക്കുന്നത് ഉറപ്പാക്കുന്നതിനായി രജിസ്റ്റേഡ് സീഡ് ഗ്രോവേഴ്സ് പ്രോഗ്രാം (ആർ.എസ്.ജി.പി) സീഡ് വില്ലേജ് അടിസ്ഥാനത്തിൽ ഊന്നൽ നൽകികൊണ്ട് തുടരുന്നതാണ് . ഇതിനായി 125.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. രജിസ്റ്റേഡ് സീഡ് ഗ്രോവേഴ്സിന്റെ പട്ടിക ഉൾപ്പെടുന്ന ഒരു ഡാറ്റാ ബേസ് തയ്യാറാക്കേണ്ടതാണ്.

മിനി റൈസ് മില്ലുകളും, പാർബോയിലിംഗ് യൂണിറ്റുകളും, അരിയുടെയും, അരി കൊണ്ടുള്ള ഉല്പന്നങ്ങളുടെയും പ്രാദേശികസംസ്കരണത്തിനും , പായ്ക്കിംഗിനും ബ്രാന്റിംഗിനും വിപണനത്തിനുമായി സ്ഥാപിക്കുന്നതാണ്. കൂടാതെ സവിശേഷ അരിയിനങ്ങളുടെ സംസ്കരണത്തിനായി സ്പെഷ്യൽ മിനി റൈസ് മില്ലുകളും സ്ഥാപിക്കുന്നതാണ് . പാടശേഖര സമിതികൾ/ സഹകരണസംഘങ്ങൾ/ എൻ.ജി.ഒകൾ/ എഫ്.പി.ഒകൾ/കർഷകസംരംഭകർ എന്നിവർ മുഖേന ആർ .കെ.വി.വൈയിൽ നിന്നുള്ള ധനസഹായത്തോടെ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിരിക്കുന്നു . സർട്ടിഫിക്കേഷനുള്ള സഹായവും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനായി 70.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

വെള്ളപ്പൊക്കത്തേയും, വരൾച്ചയേയും അതിജീവിക്കാൻ സാധിക്കുന്ന വിവിധ ഇനം നെല്ലിനങ്ങൾ വിവിധ ഗവേഷണങ്ങൾ മുഖേന വികസിപ്പിച്ചിട്ടുണ്ട് . കുട്ടനാട് പോലെയുള്ള പ്രദേശങ്ങളിൽ ഇത്തരം ഇനങ്ങൾ കർഷകരുടെ ഇടയിൽ പ്രചരിപ്പിക്കേണ്ടത് ആവശ്യമാണ് . ആയതിനാൽ, കുട്ടനാട് ഉൾപ്പെടെ നെൽക്കൃഷിയ്ക്ക് അനുയോജ്യമായ പ്രദേശങ്ങളിൽ ഇത്തരം ഇനങ്ങൾ പരീക്ഷണാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിനായി 25.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പ്രവർത്തന സഹായത്തിനായി 20.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | വിഹിതം *(ലക്ഷം രൂപ)* | |
|---|---|---|---|
| | | ആന്വൽ പ്ലാൻ | ഗ്രീൻ ബുക്ക് |
| 1 | സുസ്ഥിര നെൽകൃഷി വികസനം | 6500.00 | 5800.00 |
| 2 | നെൽകൃഷി വികസന ഏജൻസികൾ | 150.00 | |
| 3 | സവിശേഷ അരി പ്രോത്സാഹിപ്പിക്കൽ (10000 രൂപ / ഹെക്ടർ) | 120.00 | 120.00 |
| 4 | ഗ്രൂപ്പ് ഫാമിംഗിനായി പാടശേഖര സമിതികൾക്ക് പ്രവർത്തന സഹായം | 300.00 | 300.00 |
| 5 | നെൽവയൽ നികത്തൽ നിയമം 2008 നടപ്പിലാക്കൽ | 50.00 | 50.00 |
| 6 | കര നെൽകൃഷി പ്രോത്സാഹനം | 375.00 | 375.00 |

| | | | |
|---|---|---|---|
| 7 | തരിശുനെൽകൃഷി പ്രോത്സാഹനം | 1200.00 | 1200.00 |
| 8 | ഒരുപൂ കൃഷി ഇരുപൂകൃഷിയാക്കുന്നതിനുള്ള സഹായം | 100.00 | |
| 9 | രജിസ്റ്റേഡ് സീഡ് ഗ്രോവേഴ്സ് പ്രോഗ്രാം/സീഡ് വില്ലേജ് പരിപാടി | 125.00 | 125.00 |
| 10 | നെൽകൃഷി വികസനത്തിനായി പാടശേഖരങ്ങളിൽ പശ്ചാത്തല സൌകര്യങ്ങൾ ഒരുക്കുന്നതിന് പദ്ധതിയധിഷ്ഠിത സഹായവും ബ്ലോക്ക് ലെവൽ കൺവേർജൻസും(പുതിയത്) | 50.00 | |
| 11 | പ്രാദേശിക സംസ്കരണത്തിനുള്ള മിനിറൈസ് മില്ലുകൾ, സവിശേഷ അരിയിനങ്ങൾ ഉൾപ്പെടെ, പാക്കിംഗിനുള്ള സഹായവും (പുതിയത്) | 70.00 | |
| 12 | വെള്ളപ്പൊക്കവും വരൾച്ചയും അതിജീവിക്കുന്ന ഇനങ്ങളുടെ പരീക്ഷണ പ്ലോട്ടുകൾ (പുതിയത്) | 25.00 | |
| 13 | പ്രവർത്തന സഹായം | 20.00 | |
| | **ആകെ** | **9085.00** | **7970.00** |

| | | |
|---|---|---|
| **ii)** | **പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ വികസനം** | **ശീർഷകം : 2401-00-103-75** |
| | | **വിഹിതം: 350.00 ലക്ഷം രൂപ** |

റാഗി, തിന, ചോളം മുതലായ ചെറുധാന്യങ്ങളും എണ്ണക്കുരുക്കളായ കപ്പലണ്ടി എള്ള് എന്നിവയും കരിമ്പും സാധ്യതാ പ്രദേശങ്ങളിൽ കൃഷി ചെയ്യാൻ പ്രോത്സാഹിപ്പിക്കുന്നതിന് ഉദ്ദേശിച്ചിരിക്കുന്നു. ഗുണമേന്മയോടുകൂടിയ വിത്തുകൾക്കും ഭൂമി ഒരുക്കൽ ജലസേചനം, മറ്റ് കൃഷി ആവശ്യങ്ങൾ തുടങ്ങിയവയുടെ ചെലവുകൾക്കുമാണ് സഹായം ഏർപ്പെടുത്തിയിട്ടുള്ളത്. പട്ടികവർഗ്ഗ സമൂഹത്തിന് ആഹാരവും പോഷക സുരക്ഷയും ഉറപ്പാക്കുന്നതിനായി അവരുടെ ഭൂമിയിൽ വിള ഉല്പാദന പരിപാടികൾ പ്രോത്സാഹിപ്പിക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ട്. പരമ്പരാഗത ഇനങ്ങളും കൃഷിരീതികളും സംരക്ഷിക്കുന്നതിനും ഈ പരിപാടിയിലൂടെ ഉദ്ദേശിച്ചിരിക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പുമായി സംയുക്തമായി പ്രോജക്ട് അടിസ്ഥാനത്തിലായിരിക്കും ഇതിന്റെ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക. 2019-20 ൽ ട്രൈബൽ അഗ്രിക്കൾച്ചറിനായി 105.00 ലക്ഷം രൂപ വകയിരുത്തുന്നു. പാലക്കാട്, വയനാട് ജില്ലകളിൽ മറ്റ് പദ്ധതികളുടെ സഹകരണത്തോടെ പട്ടികവർഗ്ഗ പദ്ധതികൾ ഏറ്റെടുക്കുന്നതിനായി 10.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. അട്ടപ്പാടിക്ക് പരമ്പരാഗത വിളകൾ ഉൾപ്പെടെയുള്ള വിളകൾക്കായി ഉല്പാദനം മുതൽ വിപണനം വരെയുള്ള പ്രത്യേക പദ്ധതി അധിഷ്ഠിത സഹായം നൽകുന്നതാണ്. മില്ലറ്റുകൾ മറ്റ് പ്രദേശങ്ങളിൽ പ്രോത്സാഹിപ്പിക്കുന്നതിനും ഉദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തിരുവിതാംകൂർ ശർക്കര , മറയൂർ ശർക്കര എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി ആധുനിക ഉല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും സഹായം നൽകുന്നതാണ്. പ്രാദേശിക പ്രാധാന്യമുള്ള ഇനങ്ങൾക്ക് ഭൌമസൂചിക ലഭിക്കുന്നതിന് വിഹിതം വിനിയോഗിക്കാവുന്നതാണ്. മൂല്യവർദ്ധനവ് പ്രോത്സാഹിപ്പിക്കുന്നതിനായി

ഹൈദ്രാബാദിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മില്ലറ്റ് റിസർച്ച്/ഐ.സി.എ.ആർ/മറ്റ് പ്രസിദ്ധ സ്ഥാപനങ്ങളുമായി ചേർന്ന് ഇൻകുബേഷൻ സെന്ററുകളും കോമൺ ഫെസിലിറ്റി സെന്ററുകളും സ്ഥാപിക്കുന്നതാണ്. ഈ പദ്ധതിയ്ക്കായി350.00 ലക്ഷം രൂപ വകയിരുത്തുന്നു

| ക്രമ നമ്പർ | ഘടകങ്ങൾ | വിഹിതം *(ലക്ഷം രൂപ)* |
|---|---|---|
| 1) | പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ വികസനം – മില്ലറ്റുകൾ, എണ്ണക്കുരുക്കൾ, കരിമ്പ് | 350.00 |
| | **ആകെ** | **350.00** |

| | | |
|---|---|---|
| **iii)** | **പച്ചക്കറി വികസനം** | **ശീർഷകം : 2401-00-119-85** |
| | | **വിഹിതം: 6390.00 ലക്ഷം രൂപ** |
| | | **ശീർഷകം : 2401-00-119-81** |
| | | **വിഹിതം: 700.00 ലക്ഷം രൂപ** |

പച്ചക്കറി ഉല്പാദനത്തിൽ സംസ്ഥാനം സ്വയം പര്യാപ്തത കൈവരിക്കുന്നതിനും , സുരക്ഷിത പച്ചക്കറി ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി വിവിധ പ്രവർത്തനങ്ങൾ സർക്കാർതലത്തിൽ ആരംഭിച്ചിട്ടുണ്ട് . വീട്ടുവളപ്പിലുള്ള പച്ചക്കറി കൃഷി , നഗര ക്ലസ്റ്ററുകൾ മുഖേന മട്ടുപ്പാവിലെ പച്ചക്കറി കൃഷിക്കായി ഗ്രോബാഗുകൾ , ക്ലസ്റ്റർ അടിസ്ഥാന വാണിജ്യ കൃഷി, പച്ചക്കറി വിത്തുല്പാദനവും വിതരണവും, സ്ഥാപനങ്ങളിലെ പച്ചക്കറി തോട്ടങ്ങളുടെ പ്രോത്സാഹനം, റെയിൻ ഷെൽറ്റർ പച്ചക്കറി കൃഷിക്കുള്ള പ്രോത്സാഹനം , ബി.എൽ.എഫ്.ഒ/എഫ്.പി.ഒ കൾക്കുള്ള സഹായം , ഗ്രേഡ് ചെയ്ത ക്ലസ്റ്ററുകൾക്കുള്ള വികസന സഹായം, വള പ്രയോഗത്തോടെയുള്ള സൂക്ഷ്മ ജലസേചനത്തിനുള്ള സഹായം , ഉല്പാദനക്ഷമതാ വർദ്ധനവിനുള്ള പരിപാടികൾ, വിപണനം, ഹൈടെക് പച്ചക്കറി ഉല്പാദനം എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ. 2019-20-ൽ ഈ പദ്ധതിയ്ക്കായി 70.90 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ഇതിൽ 63.90 കോടി രൂപയുടെ വിഹിതം കൃഷി വകുപ്പിലൂടെയുള്ള പ്രവർത്തനങ്ങൾക്കായി മാറ്റി വെച്ചിരിക്കുന്നു.

തെരഞ്ഞെടുത്ത ജില്ലകളിൽ വി .എഫ്.പി.സി.കെ-യിലൂടെയുള്ള പച്ചക്കറി കൃഷി പ്രോത്സാഹനത്തിനായി 700.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. വി.എഫ്.പി.സി.കെ-ക്ക് വകയിരുത്തിയിട്ടുള്ള 700 ലക്ഷം രൂപയിൽ 400.00 ലക്ഷം രൂപ പച്ചക്കറി കൃഷിയുടെ പ്രോത്സാഹനത്തിനും, ഉത്പാദനം, ഉത്പാദനക്ഷമത എന്നിവ ഉയർത്തുന്നതിനുമായി നീക്കിവച്ചിരിക്കുന്നു. സബ്സിഡി അടിസ്ഥാനമാക്കിയുള്ള പച്ചക്കറി കൃഷി, വി.എഫ്.പി.സി.കെ-യിലൂടെ വിഭാവനം ചെയ്യുന്നില്ല.

നഗര ക്ലസ്റ്ററുകൾക്കായി വകയിരുത്തിയിരിക്കുന്ന 850.00 ലക്ഷം രൂപയിൽ 75.00 ലക്ഷം രൂപ കോർപ്പറേഷൻ പ്രദേശത്തെ പച്ചക്കറി ഉല്പാദനവുമായി ബന്ധപ്പെട്ട മാലിന്യ നിർമ്മാർജനത്തിനായും 150.00 ലക്ഷം രൂപ മുൻപ് രൂപംകൊടുത്തിട്ടുള്ള ക്ലസ്റ്ററുകൾക്ക് തൈകളും ജൈവ നിയന്ത്രണകാരികളും സഹായമായി നൽകുന്നതിനും നീക്കിവച്ചിരിക്കുന്നു. അഗ്രോ സർവ്വീസ് സെന്ററുകളും കുടുംബശ്രീയും മുഖേന തയ്യാറാക്കിയിട്ടുള്ള ഗ്രോബാഗുകൾക്ക് സഹായം നൽകുന്നതാണ്. ഹരിത ഗ്രൂപ്പുകൾ രൂപീകരിച്ച് നഗരങ്ങളിലെ പച്ചക്കറി കൃഷി സ്ഥാപനവൽക്കരിക്കുന്നതാണ്. നഗരങ്ങളിൽ പച്ചക്കറി കർഷകരെ സ്ഥാപനവൽക്കരിച്ച് ഹരിത ഗ്രൂപ്പുകളിൽ രജിസ്റ്റർ ചെയ്ത് വേണ്ട സാങ്കേതിക സഹായവും , കോർപ്പറേഷൻ പ്രദേശത്തെ റസിഡൻസ് അസോസിയേഷന്റെ കീഴിലുള്ള ഹരിതമിത്ര മുഖേന വിപണനത്തിനുള്ള സൌകര്യങ്ങൾക്കുമായി 25.00 ലക്ഷം രൂപ വകയിരുത്തുന്നു. വാർഡ് തലത്തിൽ റെസിഡൻസ് അസോസ്സിയേഷനിൽ നിന്നുള്ള ഹരിതഗ്രൂപ്പുകൾക്കായിരിക്കും ഹരിത ഫണ്ട് അനുവദിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സജീവ പങ്കാളിത്തം ഈ പ്രവർത്തനങ്ങളിൽ ഉണ്ടാകുന്നതാണ്.

മുൻപ് രൂപീകരിച്ചിട്ടുള്ള ക്ലസ്റ്ററുകളെ അവയുടെ ഗ്രൂപ്പ് പ്രവർത്തനങ്ങൾ, ഉല്പാദനം, ഉത്പാദനക്ഷമത എന്നിവയിലെ വർദ്ധനവ്, നവീനമായ പ്രവർത്തനങ്ങൾ, നേതൃത്വം, സാങ്കതിക വിദ്യാ ഉപയോഗം, ക്ലസ്റ്ററിന്റെ സജീവത തുടങ്ങിയ പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കി വീണ്ടും തരംതിരിക്കുന്നതാണ്. മികച്ച ക്ലസ്റ്ററുകളെ 'എ' ഗ്രേഡ് ക്ലസ്റ്ററുകളായി തരംതിരിച്ച അവയ്ക്ക് നഴ്സറികൾ, സംഭരണകേന്ദ്രങ്ങൾ, പ്രീ കൂളിംഗ് കേന്ദ്രങ്ങൾ, ഉല്പാദനോപാധി കേന്ദ്രങ്ങൾ, മറ്റ് പദ്ധതി അധിഷ്ഠിത സഹായങ്ങൾ എന്നിവ അടങ്ങിയ പ്രത്യേക വികസന സഹായങ്ങൾ നൽകുന്നതാണ്. മികച്ച പ്രവർത്തനം കാഴ്ച വയ്ക്കുന്ന 2 വർഷത്തെ പ്രവർത്തന പരിചയമുള്ള 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്ക് അധിക സഹായം നല്കുന്നതാണ് ഇതിനായി അധികമായി വകയിരുത്തിയിട്ടുള്ള 30.00 ലക്ഷം രൂപ വിതരണം നടത്തുന്നതിനായി, മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന 'എ' ഗ്രേഡ് ക്ലസ്റ്റേഴ്സിന്റെ പ്രവർത്തന മികവ് കണക്കാക്കുന്നതിന് പ്രത്യേക മാനദണ്ഡം തയ്യാറാക്കേണ്ടതാണ്.

ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള വികസനമാണ് സംസ്ഥാനത്തെ പച്ചക്കറി വികസന പരിപാടിയുടെ മുഖ്യഘടകം. ജില്ലകളിലെ ക്ലസ്റ്റർ വികസനത്തിനായി 2440.00 ലക്ഷം രൂപയും ഗ്രേഡഡ് ക്ലസ്റ്ററുകൾക്ക് സഹായമായി 315.00 ലക്ഷം രൂപയും വകയിരുത്തുന്നു മോശം പ്രവർത്തനം കാഴ്ചവയ്ക്കുന്ന ക്ലസ്റ്ററുകളെ സഹായം നൽകുന്നതിൽ നിന്നും ഒഴിവാക്കി പുതിയ ക്ലസ്റ്ററുകളെ ഉൾപ്പെടുത്തേണ്ടതാണ്. ക്ലസ്റ്ററുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് സുതാര്യ മാനദണ്ഡം തയ്യാറാക്കേണ്ടതാണ്. ക്ലസ്റ്ററുകൾക്കുള്ള സഹായ തുക ഹെക്ടറിന് 15000 രൂപ എന്ന നിരക്കിൽ പരിമിതപ്പെടുത്തുന്നതാണ്. ക്ലസ്റ്ററുകളുടെ 5 ഹെക്ടർ എന്ന ഉയർന്ന പരിധി ഇളവ് ചെയ്ത്, അർഹമായ സഹായം ക്ലസ്റ്ററുകൾ കൃഷി ചെയ്യുന്ന വിസ്തൃതിയ്ക്കനുസരിച്ച് നൽകുന്നതാണ്സ്റ്റാഗേഡ് ക്ലസ്റ്ററുകൾക്കും സഹായം നൽകുന്നതാണ് വനിതകൾ, യുവാക്കൾ, വിദ്യാർത്ഥികൾ ഇവരുടെ ക്ലസ്റ്ററുകൾക്ക് മുൻഗണന നൽകി പ്രോത്സാഹിപ്പിക്കുന്നതാണ് സാധ്യമായ പ്രദേശങ്ങളിൽ ഓരോ

ക്ലസ്റ്ററുകൾക്കും പ്രോജക്ട് അധിഷ്ഠിത സഹായം നൽകുന്നതിനായി വിഹിതത്തിന്റെ ഒരു ഭാഗം ഉപയോഗിക്കാവുന്നതാണ്.

ജില്ലകളിലെ ക്ലസ്റ്റർ വികസനത്തിനായി വകയിരുത്തിയിട്ടുള്ള വിഹിതം പാരമ്പര്യ വിത്തിനങ്ങളുടെ ഉല്പാദനത്തിനും വിതരണത്തിനും, 25.00 ലക്ഷം രൂപ ദീർഘകാല പച്ചക്കറി വിത്തുകളുടെ (ബ്രെഡ് ഫ്രൂട്ട്, മുരിങ്ങ, കറിവേപ്പില, അഗത്തി) വിതരണം നടത്തി ന്യൂട്രീഷ്യണൽ ഗാർഡന് പ്രോത്സാഹനം നൽകുന്നതിനുമായും വകയിരുത്തുന്നു. പാരമ്പര്യ വിത്തിനങ്ങളുടെയും ന്യൂട്രിഷ്യണൽ ഗാർഡന്റേയും ഉല്പാദനവും വിതരണവും സ്പെഷ്യലയിസിഡ് ക്ലസ്റ്ററുകളെ ചുമതലപ്പെടുത്തേണ്ടതാണ് . നഴ്സറികളും ന്യൂട്രിഷ്യണൽ ഗാർഡനുകളും സ്ഥാപിക്കുന്നതിന് അഗ്രോസർവ്വീസ് സെന്ററുകളുടേയും കാർഷിക കർമ്മസേനയുടേയും സേവനം ഉപയോഗിക്കാവുന്നതാണ്. തരിശുഭൂമി കൃഷിയും ക്ലസ്റ്റർ തലത്തിൽ പ്രോത്സാഹിപ്പിക്കേണ്ടതാണ്

ക്ലസ്റ്റർ വികസന പദ്ധതികളുടെ പുരോഗതി വിശകലനം ചെയ്യുവാനും , നല്ല പ്രവൃത്തികൾ ഡോക്യുമെന്റ് ചെയ്യുവാനും പ്രശസ്തമായ ഒരു സ്ഥാപനം മുഖാന്തിരം ഒരു പഠനം 2019-20 ൽ ആരംഭിച്ച് പൂർത്തിയാക്കേണ്ടതുണ്ട് . ഡോക്യുമെന്റേഷനു വേണ്ടി വകയിരുത്തിയിരിക്കുന്ന തുകയിൽ നിന്നും 10.00 ലക്ഷം രൂപ ഇതിനായി ഉപയോഗിക്കാവുന്നതാണ്.

ഒരു ഹെക്ടറിന് അനുവദിച്ചിട്ടുള്ള മൊത്തം സബ്സിഡിയിൽ 25 ശതമാനം സുരക്ഷിത ഭക്ഷ്യ ഉല്പാദനത്തിനുള്ള ഉത്പാദന ഉപാധികളുടെ പ്രോത്സാഹനത്തിനും ഉത്തമ കൃഷിമുറകളുടെ പ്രോത്സാഹനത്തിനുമായി നീക്കിവച്ചിരിക്കുന്നു. ജൈവ നിയന്ത്രണകാരികൾ, ഫെറോമോൺ കെണികൾ , വിസ്തൃത സംയോജിത കീടപരിപാലനം, ജീവാണുവളങ്ങൾ എന്നിവയ്ക്കുള്ള സഹായം സബ്സിഡി ഘടകത്തിനു കീഴിൽ ഉൾപ്പെടുന്നു . ഇതുകൂടാതെ ലൈം പ്രയോഗത്തിനായി കുറഞ്ഞത് 15 ശതമാനം തുക നീക്കി വയ്ക്കേണ്ടതാണ്.

ബ്ലോക്ക് തലത്തിലുള്ള ഫെഡറേറ്റഡ് സംഘടനകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനും, നടത്തിപ്പ സഹായത്തിനുമായി റിവോൾവിംഗ് ഫണ്ട് ഉൾപ്പെടെയുള്ള സഹായം നൽകുന്നതാണ്. ഇതിനായി 100.00 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്. ബി.എൽ.എഫ്.ഒ-യിൽ പ്രവർത്തിക്കുന്നവർക്ക് അക്കൗണ്ട് മാനേജ്മെന്റ് , സ്ഥാപന വികസനവുമായി ബന്ധപ്പെട്ട് മുഖ്യ മേഖലകൾ എന്നിവയിൽ പരിശീലനം നൽകുന്നതിനും പുതിയ ഫെഡറേറ്റഡ് സംഘടനകൾക്ക് രൂപംകൊടുക്കുന്നതിനും വിഹിതം ഉപയോഗിക്കാവുന്നതാണ്. രജിസ്റ്റേഡ് ഗ്രൂപ്പുകൾക്കായിരിക്കും റിവോൾവിംഗ് ഫണ്ടിന്റെ മൊത്തം ഉത്തരവാദിത്വവും. വകുപ്പ് ഉദ്യോഗസ്ഥർക്ക് റിവോൾവിംഗ് ഫണ്ടിന് നേതൃത്വം നല്കുന്ന ചുമതല മാത്രമാണുള്ളത് . കൃഷി വകുപ്പ് മുഖേനയുള്ള ബ്ലോക്കുതല ഫെഡറേറ്റഡ് ഓർഗനൈസേഷനുകളും വി.എഫ്.പി.സി.കെ മുഖേന പഞ്ചായത്ത് തലത്തിൽ സ്ഥാപിച്ചിട്ടുള്ള മാർക്കറ്റുകളും തമ്മിൽ ഇരട്ടിപ്പ് ഉണ്ടാകരുത്. അനുയോജ്യമായ പഞ്ചായത്തുകളിൽ ഈ രണ്ടു ഓർഗനൈസേഷനുകൾക്കും യോജിച്ച് പ്രവർത്തിക്കുവാൻ

കഴിയണം. നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഏകദേശം 10 ബ്ലോക്ക് തല ഫെഡറേറ്റഡ് ഓർഗനൈസേഷൻസിന് പ്രോജക്ട് അടിസ്ഥാനത്തിൽ നിർദ്ദിഷ്ട അടിസ്ഥാന സൗകര്യ വികസന സഹായമായി പരമാവധി 10.00 ലക്ഷം രൂപ വീതം നൽകുന്നതാണ്. ചെറുകിട, നാമമാത്ര, വൻകിട കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറികളുടെ വിപണനത്തിനായി എ ഗ്രേഡ് ക്ലസ്റ്റേഴ്സും ബി.എൽ.എഫ്.ഒ-യുമായി ബന്ധപ്പെടുത്തിക്കൊണ്ട് പച്ചക്കറി ഉല്പാദന പ്രദേശങ്ങളിൽ പച്ചക്കറി ഉല്പാദക കമ്പനികൾ/എഫ്.പി.ഒ കൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഇതിനായി 100.00 ലക്ഷം രൂപ വകയിരുത്തുന്നു. ദേശീയ അന്തർദേശീയ സ്ഥാപനങ്ങളിൽ നിന്നുള്ള വിദഗ്ധരുടെ സഹായം കമ്പനികളുടെ നടത്തിപ്പിനായി ഉപയോഗിക്കാവുന്നതാണ്. അനുയോജ്യമായ സംഘടനാ പങ്കാളിത്തത്തോടെ ബി.എൽ.എഫ്.ഒ യും ക്ലസ്റ്ററുകളും കമ്പനികളുമായി ബന്ധിപ്പിക്കുന്നതായിരിക്കും.

തെരഞ്ഞെടുത്ത ബ്ലോക്കുകളിൽ ക്ലസ്റ്ററുകൾ മുഖേന നഴ്സറികൾ സ്ഥാപിക്കുന്നതാണ്. നിലവിലുള്ള നഴ്സറികൾക്കുള്ള റിവോൾവിംഗ് ഫണ്ടും പുതിയ നഴ്സറികൾക്കുള്ള സഹായവും ഇതിൽ ഉൾപ്പെടുന്നു. ഗ്രാമപഞ്ചായത്തുകൾ, കോർപ്പറേഷനുകൾ, തിരഞ്ഞെടുത്ത മുനിസിപ്പാലിറ്റികൾ എന്നിവിടങ്ങളിൽ വിത്തുല്പാദനത്തിനും വിതരണത്തിനും ചെറിയ നഴ്സറികൾ സ്ഥാപിക്കുന്നതിനുമായി 100.00 ലക്ഷം രൂപ വകയിരുത്തുന്നു. അടുക്കള പച്ചക്കറി തോട്ടത്തിനായി കേരള കാർഷിക സർവ്വ കലാശാല വികസിപ്പിച്ചെടുത്ത 10, 20 ച.മീ. വലിപ്പമുള്ള മിനി പോളീഹൗസുകൾക്ക് പ്രോത്സാഹനം നൽകുന്നതാണ്. കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർ നൽകുന്ന പ്രാദേശിക അനുയോജ്യത /സാദ്ധ്യതാ റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയായിരിക്കും ഇത് നടപ്പിലാക്കുന്നത്. പരിശീലനങ്ങൾ, മേൽനോട്ടം, വിലയിരുത്തൽ, ഡോക്യുമെന്റേഷൻ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.

പച്ചക്കറികൾക്ക് വളപ്രയോഗത്തോടെയുള്ള സൂക്ഷ്മ ജലസേചനത്തിനായി 200.00 ലക്ഷം രൂപ വകയിരുത്തുന്നു. ഘടകങ്ങൾ തിരിച്ചുള്ള പദ്ധതി വിഹിതം താഴെ കൊടുത്തിരിക്കുന്നു

| ക്രമ നമ്പർ | ഘടകങ്ങൾ | വിഹിതം *(ലക്ഷം രൂപ)* | |
|---|---|---|---|
| | | ആന്വൽ പ്ലാൻ | ഗ്രീൻ ബുക്ക് |
| 1 | വി.എഫ്.പി.സി. കെ-യ്ക്ക് സഹായം | 700.00 | |
| 2 | പുരയിടങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക (ഓണത്തിനുള്ള പച്ചക്കറി ഉല്പാദനം ഉൾപ്പെടെ) | 1000.00 | 1000.00 |
| 3 | അർബൻ ക്ലസ്റ്ററുകളുടെ പ്രോത്സാഹനവും മാലിന്യ നിർമാർജ്ജനവും | 850.00 | |
| 4 | സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി | 300.00 | 300.00 |
| 5 | പരിശീലനം, ബോധവത്ക്കരണം, പ്രചരണം | 50.00 | 50.00 |
| 6 | ജില്ലകളിൽ ക്ലസ്റ്റർ വികസനം | 2440.00 | 2440.00 |
| 7 | സാങ്കേതിക സഹായവും കരാർ നിയമനവും | 100.00 | 100.00 |

| | | | |
|---|---|---|---|
| 8 | ഗ്രേഡ് ചെയ്യപ്പെട്ട ക്ലസ്റ്ററുകൾക്ക് വികസന സഹായം | 315.00 | |
| 9 | ഡോക്യുമെന്റേഷൻ | 25.00 | |
| 10 | ബ്ലോക്കുതല ഫെഡറേറ്റഡ് സംഘടനകൾ (ബ്ലോക്ക് സംഘ മൈത്രികൾ) | 100.00 | |
| 11 | നേഴ്സറികൾ | 100.00 | 100.00 |
| 12 | മഴ ഷെൽട്ടറുകൾ | 600.00 | 600.00 |
| 13 | ഫെർട്ടിഗേഷനോടുകൂടിയ സൂക്ഷ്മ ജലസേചനം | 200.00 | 200.00 |
| 14 | മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്ന എ ഗ്രേഡ് ക്ലസ്റ്ററുകൾക്ക് അവരുടെ ഉല്പാദനത്തിന്റെ വ്യാപ്തിക്കനുസരിച്ചുള്ള അവശ്യ സഹായം | 30.00 | |
| 15 | വിളവെടുത്ത പച്ചക്കറികൾ സൂക്ഷിക്കുന്നതിനായി സീറോ എനർജി കൂൾ ചേമ്പറുകളുടെ പ്രോത്സാഹനം | 100.00 | 100.00 |
| 16 | പച്ചക്കറി ഉല്പാദക കമ്പനികൾ | 100.00 | |
| 17 | പ്രവർത്തന സഹായം | 80.00 | |
| | **ആകെ** | **7090.00** | **4890.00** |

പ്രവർത്തന ചെലവിനായി 80.00 ലക്ഷം രൂപ വകയിരുത്തുന്നു. ഇതിൽ ഒരു വിഹിതം ക്യാമ്പയിനുകൾ സംഘടിപ്പിക്കുന്നതിനായി വിനിയോഗിക്കാവുന്നതാണ്.

ഭക്ഷ്യ വിള ഉല്പാദന പദ്ധതി ഹരിതകേരളം പദ്ധതിയുമായി ബന്ധപ്പെടുത്തേണ്ടതും പഞ്ചായത്ത് തലത്തിൽ വ്യക്തമായി നിശ്ചയിച്ചിട്ടുള്ള ഭൗതീകലക്ഷ്യങ്ങൾ ഉറപ്പാക്കേണ്ടതുമാണ്. കൃഷി വകുപ്പ് കർഷക ഗ്രൂപ്പുകളുടെയും പഞ്ചായത്തുകളുടെയും സഹായത്തോടെ ബ്ലോക്ക് തലത്തിലും പഞ്ചായത്ത് തലത്തിലും നെൽ വികസന പ്രോജക്ടിനും പച്ചക്കറി വികസന പ്രോജക്ടിനുമുള്ള ക്യാമ്പയിനുകൾ സംഘടിപ്പിക്കേണ്ടതാണ്.

| | | |
|---|---|---|
| **iv)** | **കിഴങ്ങ് / പയറുവർഗ്ഗങ്ങളുടെ വികസനം** | **ശീർഷകം : 2401-00-112-96** |
| | | **വിഹിതം: 200.00 ലക്ഷം രൂപ** |

പച്ചക്കറി തോട്ടങ്ങളിലും, നെൽപ്പാടങ്ങളിൽ മൂന്നാം വിളയായും വിവിധ പയർവർഗ്ഗങ്ങൾ കൃഷി ചെയ്ത് അവയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിച്ചിരിക്കുന്നു . കൂടാതെ കേന്ദ്ര കിഴങ്ങ് വിള ഗവേഷണ കേന്ദ്രവുമായി സംയുക്തമായി കിഴങ്ങ് വർഗ്ഗങ്ങൾ പ്രോത്സാഹിപ്പിക്കുന്നതാണ്. 2019-20 ൽ ഇതിനായി 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| **ക്രമ നമ്പർ** | **ഘടകങ്ങൾ** | **വിഹിതം *(ലക്ഷം രൂപ)*** |
|---|---|---|
| **1** | കിഴങ്ങ് / പയറുവർഗ്ഗങ്ങളുടെ വികസനം | 200.00 |
| | **ആകെ** | **200.00** |

| 2) | നാളികേര വികസനം | ശീർഷകം : 2401-00-103-87 |
|---|---|---|
| | | വിഹിതം: 6900.00 ലക്ഷം രൂപ |

തെങ്ങിൻ തോട്ടങ്ങളിൽ മെച്ചപ്പെട്ട കാർഷിക പരിപാലനം, ഇടവിളക്കൃഷി, സമ്മിശ്ര കൃഷി എന്നിവ നടത്തി യൂണിറ്റ് വിസ്തീർണ്ണത്തിൽ നിന്നും പരമാവധി ആദായം വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത് . നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി, ഉയർന്ന ഉല്പാദനക്ഷമതയുള്ള ഇനങ്ങൾ നട്ടുപിടിപ്പിക്കേണ്ടതും, മെച്ചപ്പെട്ട പരിപാലന രീതികൾ നടപ്പിലാക്കേണ്ടതും ആവശ്യമാണ് . കൃത്യമായ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി സംസ്ഥാനത്ത് നളികേര വികസന കൌൺസിൽ രൂപീകരിച്ചിട്ടുണ്ട്.

നാളികേര വികസന പരിപാടിയുടെ കീഴിൽ തേങ്ങയുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി രോഗം ബാധിച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടി മാറ്റി പുതിയ തൈകൾ നടുക , സംയോജിത കീടരോഗ നിയന്ത്രണം, സംയോജിത വളപ്രയേഗം, ഇടവിള കൃഷി പ്രോൽസാഹിപ്പിക്കൽ, ജലസേചന സൗകര്യങ്ങൾ, മൂല്യ വർദ്ധിത ഉല്പന്നങ്ങളുടെ പ്രോൽസാഹനം . ഗുണമേന്മയുള്ള തൈകൾ ലഭ്യമാക്കുക , തൊഴിലവസരം ഉറപ്പാക്കുക മുതലായ പ്രവർത്തനങ്ങൾ ലക്ഷ്യമിട്ടു കൊണ്ട് തുടർച്ചയായ പ്രദേശങ്ങളിൽ കുറഞ്ഞത് 250 ഹെക്ടർ പ്രദേശത്ത് കേരഗ്രാമം എന്ന പേരിൽ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ചിരിക്കുന്നു . ലൈം, സൂക്ഷ്മ മൂലകങ്ങൾ , സെക്കന്ററി മൂലകങ്ങൾ എന്നിവയുടെ പ്രയോഗം ഉറപ്പുവരുത്തേണ്ടതാണ്.

2019-20-ൽ ഈ പദ്ധതിയ്ക്കായി 4300.00 ലക്ഷം രൂപവകയിരുത്തുന്നു. സംയോജിത വളപ്രയോഗം, സംയോജിത കീടരോഗ നിയന്ത്രണം, ജൈവ വള പ്രയോഗം, തെങ്ങ് കയറ്റ യന്ത്രങ്ങളുടെ വിതരണം , നേഴ്സറികൾ സ്ഥാപിക്കൽ, ജലസേചന യൂണിറ്റുകൾ മുതലായ പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള സമിതിയുടെ രജിസ്ട്രേഷൻ , പരിശീലനപരിപാടികൾ, യോഗങ്ങൾ എന്നിവയുൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് കൃഷിഭവനുകൾക്കുള്ള സഹായവും ഉൾപ്പെടുത്തിയിട്ടുണ്ട്. തെരഞ്ഞെടുത്ത പഞ്ചായത്തുകളിലായിരിക്കും പദ്ധതി നടപ്പിലാക്കുക. കൂടാതെ നാളികേര വികസന ബോർഡ് , തദ്ദേശ ഭരണ സ്ഥാപനങ്ങൾ, കൃഷിവകുപ്പ് എന്നിവ വഴി നടപ്പിലാക്കുന്ന പദ്ധതികൾ പഞ്ചായത്ത് തലത്തിൽ സംയോജിപ്പിച്ച് നടപ്പിലാക്കുന്നതിനുള്ള സ്ഥാപന സഹായം അധികമായി നൽകുന്നതാണ്. പഞ്ചായത്തുതല കേര അപ്പക്സ് സൊസൈറ്റികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി 5.00 ലക്ഷം രൂപവീതം സഹായം നൽകുന്നതാണ്. ഏറ്റവും കുറഞ്ഞത് 250 ഹെക്ടർ പ്രദേശത്തെങ്കിലും തെങ്ങ് കൃഷിയുള്ള, പഞ്ചായത്ത് പ്രദേശത്തെ സൊസൈറ്റികൾക്കാണ് സഹായം ഉൾപ്പെടുത്തിയിട്ടുള്ളത് . മാതൃക ഫാം പ്ലാനുകൾ തയ്യാറാക്കി തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വിഹിതത്തിൽ നിന്നും അധിക സഹായം ഉറപ്പാക്കാവുന്നതാണ്.

ഉൽപ്പാദനക്ഷമതയില്ലാത്തതും, പ്രായം ചെന്നതും രോഗം ബാധിച്ചതുമായ തെങ്ങുകൾ വെട്ടിമാറ്റി കരിക്കിനും കൊപ്രയ്ക്കും അനുയോജ്യമായ കുറിയ ഇനവും,പൊക്കം കുറഞ്ഞ ഇനം തൈകളും അടുത്തടുത്ത പ്രദേശത്ത് ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിനുള്ള പ്രോത്സാഹനം നൽകുന്നതാണ്. ഉയർന്ന ഉല്പാദനക്ഷമതയുള്ള /കുറിയ ഇനങ്ങളുടെ മാതൃകാ ഫാമുകൾ സ്ഥാപിക്കുന്നതിന് വിഹിതം വിനിയോഗിക്കാവുന്നതാണ്. മാതൃകാ ഫാമിന് കുറഞ്ഞത് 0.20 ഹെക്ടർ വിസ്തൃതി ഉണ്ടായിരിക്കണം.

നാളികേര വികസനത്തിന് പദ്ധതിയധിഷ്ഠിത സഹായത്തിനായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. നാളികേര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യം വച്ചുകൊണ്ട് പുതിയ പരിസ്ഥിതിസൌഹൃദ നൂതന ആശയങ്ങൾ വികസിപ്പിക്കുന്നതിനുവേണ്ടിയാണ് ഇത് . നാളികേരത്തിന്റേയും വെളിച്ചെണ്ണ ഉൾപ്പെടെയുള്ള ഉല്പന്നങ്ങളുടേയും ആരോഗ്യ ഗുണങ്ങൾ പ്രചരിപ്പിക്കുന്നതിനും അവയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനുമായി ബ്ലോക്കു തലത്തിൽ ക്യാംപെയിനുകൾ സംഘടിപ്പിക്കുന്നതാണ്.

കേന്ദ്ര തോട്ടവിള ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന് പ്രോജക്ട് അധിഷ്ഠിത സഹായമായി തുക വകയിരുത്തിയിട്ടുണ്ട്. നാളികേര വികസനത്തിനായി സംയോജിത കീടരോഗ നിയന്ത്രണ പരിപാടികൾ പ്രോജക്ട് രീതിയിൽ ഏറ്റെടുത്ത് പ്രധാനപ്പെട്ട കീടങ്ങളെയും രോഗങ്ങളെയും നിയന്ത്രിക്കുന്നതിന് ക്യാമ്പയിൻ അടിസ്ഥാനത്തിൽ പരിപാടികൾ നടപ്പിലാക്കുന്നതാണ്.

നാളികേര മിഷന്റെ ഭാഗമായി , സംസ്ഥാനത്തെ നാളികേര കൃഷി പുനരുജ്ജീവിപ്പിക്കുന്നതിനായി 1900.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പുതിയ തൈകൾ നട്ടും , നിലവിലുള്ളവ പരിപാലിച്ചും നാളികേര സമ്പത്ത് വർദ്ധിപ്പിക്കുക, നാളികേരത്തിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക, കാർഷിക വ്യവസായവുമായി ബന്ധിപ്പിക്കുക എന്നിവയാണ് ഉദ്ദേശ്യലക്ഷ്യങ്ങൾ.

കെ.എ.യു, സി.ഡി.ബി, സി.പി.സി.ആർ.ഐ, എഫ്.പി.ഒ കൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെ കേരളത്തിലെ ഓരോ വാർഡിലും ഓരോ വർഷവും75 തെങ്ങിൻ തൈകൾ നട്ടുപിടിപ്പിക്കേണ്ട ആവശ്യകതയുണ്ട് . പുനരുജ്ജീവന പദ്ധതിയുടെ പ്രധാന ഘടകങ്ങൾ താഴെ പറയുന്നവയാണ്.

പ്രായം ചെന്നതും, ഉല്പാദനക്ഷമതയില്ലാത്തതും, അസുഖം വന്നതുമായ തെങ്ങുകൾ മുറിച്ചു മാറ്റുക ഉയർന്ന ഉല്പാദനക്ഷമതയുള്ളതും, പൊക്കം കുറഞ്ഞതും/കുറിയ ഇനം തൈകളും വെച്ചു പിടിപ്പിക്കുക സംയോജിത പരിപാലന രീതികളിലൂടെ നിലവിലുള്ള തെങ്ങിൻതോപ്പുകൾ പുനരുജ്ജീവിപ്പിക്കുക നിലവിലുള്ള തോട്ടങ്ങളിൽ മുന്തിയ ഇനം തെങ്ങിൻ തൈകൾ വെച്ചു പിടിപ്പിക്കുക വിത്ത് തേങ്ങകൾ ലഭിക്കുന്നതിനായി തെങ്ങിൻ തോപ്പുകൾ വികസിപ്പിക്കുക മുകളിൽ പറഞ്ഞിരിക്കുന്ന ഘടകങ്ങൾക്കായി 1900.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

പുനരുജ്ജീവന പദ്ധതിയുടെ ഭാഗമായി നല്ലയിനം വിത്ത് തേങ്ങകൾ ലഭിക്കുന്ന ഫാമുകൾ വികസിപ്പിക്കേണ്ടതുണ്ട് . വെസ്റ്റ് കോസ്റ്റ് റ്റാൾ, ലക്കടീവ് ഓർഡിനറി എന്നീ ഇനങ്ങളിൽപ്പെട്ട വിത്ത് തേങ്ങകൾ വികസിപ്പിച്ചെടുക്കുന്നതിനുള്ള സാധ്യത ആറളം

ഫാമിലുണ്ട്. വിദഗ്ധ സമിതിയുടെ അഭിപ്രായമനുസരിച്ച് ആറളം ഫാമിനെ വിത്ത് തേങ്ങ ഉല്പാദനത്തിനായി വികസിപ്പിക്കേണ്ടതുണ്ട്. ഇതിനായി ആകെയുള്ള പദ്ധതി വിഹിതമായ 1900.00 ലക്ഷത്തിൽ നിന്നും 200.00 ലക്ഷം രൂപ ആറളം ഫാമിലെ/റ്റി.ആർ.ഡി.എം പ്രദേശത്തെ തെങ്ങിൻ തോപ്പുകളുടെ വികസനത്തിനും പുനരുജ്ജീവനത്തിനുമായി വിനിയോഗിക്കാവുന്നതാണ്. വിത്ത് തേങ്ങ ഉല്പാദിപ്പിക്കുന്ന തോട്ടമായി വികസിപ്പിക്കുന്നത് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സഹകരണത്തോടെയായിരിക്കണം നടപ്പിലാക്കേണ്ടത് . സംസ്ഥാനത്ത് വിത്ത് തേങ്ങ ഉല്പാദിപ്പിക്കുന്ന മറ്റ് ഫാമുകളുടെ വികസനത്തിനായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഘടകങ്ങൾ തിരിച്ചുള്ള പദ്ധതി വിഹിതം താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | വിഹിതം *(ലക്ഷം രൂപ)* | |
|---|---|---|---|
| | | ആന്വൽ പ്ലാൻ | ഗ്രീൻ ബുക്ക് |
| 1 | കേരഗ്രാമം | 4300.00 | 4300.00 |
| 2 | ഉയർന്ന ഉല്പാദനക്ഷമതയുള്ള കുറിയ/പൊക്കം കുറഞ്ഞ മാതൃകാ നാളികേര ഫാമുകളുടെ വികസനം | 300.00 | |
| 3 | സി.പി.സി.ആർ.ഐ – യുമായി സംയുക്തമായി നാളികേര വികസനത്തിനുള്ള പ്രോജക്ട് അധിഷ്ഠിത സഹായം | 50.00 | |
| 4 | ക്യാമ്പയിൻ അടിസ്ഥാനത്തിൽ തെങ്ങിൻ തോട്ടങ്ങളിൽ കീടരോഗ പരിപാലന പദ്ധതി | 250.00 | |
| 5 | നാളികേര വികസനത്തിനുള്ള പദ്ധതിയധിഷ്ഠത സഹായം | 100.00 | |
| 6 | നാളികേര മിഷന്റെ ഭാഗമായി സംസ്ഥാനത്തെ നാളികേര കൃഷി പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി – നാളികേര വികസന കൗൺസിൽ (പുതിയത്) | 1900.00 | 1900.00 |
| | **ആകെ** | **6900.00** | **6200.00** |

| | | |
|---|---|---|
| **3)** | **സുഗന്ധ വ്യഞ്ജന വികസനം** | **ശീർഷകം : 2401-00-108-59** |
| | | **വിഹിതം: 1000.00 ലക്ഷം രൂപ** |

സംസ്ഥാനത്തിന്റെ കാർഷിക സമ്പദ് വ്യവസ്ഥയിൽ സുഗന്ധ വ്യഞ്ജന വിളകൾക്ക് മുൻനിര സ്ഥാനമാണുള്ളത്. വിദേശ നാണ്യം ഉണ്ടാക്കി തരുന്നതിനു പുറമെ ജൈവ സുഗന്ധ വിളകളും മൂല്യ വർദ്ധിത സുഗന്ധ ദ്രവ്യങ്ങൾക്കും മികവുറ്റ പ്രാധാന്യം സംസ്ഥാന കാർഷിക സമ്പദ് വ്യസ്ഥയിൽ നിലവിലുണ്ട്. കുറഞ്ഞ ഉല്പാദനക്ഷമതയും , ഗുണനിലവാരത്തിലുള്ള പോരായ്മയും, രോഗങ്ങൾ, ക്ഷുദ്ര കീടങ്ങൾ തുടങ്ങിയവ മൂലമുള്ള കൃഷി നഷ്ടവും, വിളവെടുപ്പിനു

ശേഷമുള്ള നഷ്ടവും, വിലയിലുള്ള ഏറ്റക്കുറച്ചിലുകളും കേരളത്തിന്റെ സുഗന്ധ വ്യഞ്ജനങ്ങളുടെ ഉല്പാദനത്തെയും കൃഷിയേയും സാരമായി ബാധിക്കുന്നുണ്ട്. വിദേശനാണ്യ സമ്പാദനത്തിനും, കർഷകരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും സുഗന്ധ വിളകളുടെ ഉത്പാദനം ഉയർത്തേണ്ടത് അത്യന്താപേക്ഷിതമായി തീർന്നിരിക്കുകയാണ്.

കുരുമുളക് പുനരുജ്ജീവന പദ്ധതിയുടെ ഭാഗമായുള്ള വികേന്ദ്രീകൃത കുരുമുളക് നഴ്സറികൾ, പുതിയ കുരുമുളക് തോട്ടങ്ങൾ, നിലവിലുള്ള തോട്ടങ്ങളുടെ പുനരുജ്ജീവനം, ഇടുക്കി ജില്ലയിൽ സമഗ്ര കുരുമുളക് വികസനം, കൂടുതൽ പ്രദേശത്തേക്ക് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള സഹായം, വെസിക്കുലർ ആർബസ്കുലർ മൈക്കോറിസ (വി.എ.എം) പ്രോത്സാഹനം, കർഷകർ വികസിപ്പിച്ചെടുത്ത ഇനങ്ങൾ, ഗ്രാഫ്റ്റുകൾ, സോയിൽ ലെസ്സ് നഴ്സറികൾ, സൂക്ഷ്മ മൂലകങ്ങൾക്കും സെക്കൻഡറി മൂലകങ്ങൾക്കുമുള്ള സഹായം, സോയിൽ അമിലിയോറൻസ്, അഗ്രോ സർവ്വീസ് സെന്റർ മുഖേന പ്രൊഫൈലാക്ടിക് സ്പ്രേയിംഗ്, കുരുമുളക് വികസന സമിതികളുടെ പുനരുജ്ജീവനം എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് . ഇഞ്ചി, മഞ്ഞൾ, ജാതി, ഗ്രാമ്പു എന്നീ വിളകളുടെ ഇടവിള കൃഷിയും വിസ്തൃതി വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികളും ഇതിലൂടെ ഉദ്ദേശിച്ചിട്ടുണ്ട്.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ച് (ഐ.ഐ.എസ്.ആർ), കേരള കാർഷിക സർവ്വകലാശാല എന്നീ സ്ഥാപനങ്ങളുടെ സാങ്കേതിക സഹായത്തോടെ കുരുമുളകിന്റെ നടീൽ വസ്തുക്കൾ വികസിപ്പിച്ചെടുക്കുന്നതിനായി നഴ്സറികൾ സ്ഥാപിക്കുന്നതിന് പ്രോജക്ട് അധിഷ്ഠിത സഹായമായി 15.00 ലക്ഷം രൂപവകയിരുത്തുന്നു.

വയനാട് പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകയും ഈ സമഗ്ര പദ്ധതിയുമായി സംയോജിപ്പിക്കുന്നതാണ്. കുരുമുളക് കൃഷിയുള്ള പ്രദേശത്തെ കാർഷിക സേവന കേന്ദ്രങ്ങളുടെ സേവനങ്ങൾ ഈ പദ്ധതിയുമായി സംയോജിപ്പിക്കാവുന്നതാണ് . കുരുമുളക് വികസന സമിതി / കാർഷിക സേവന കേന്ദ്രം/ഫെഡറേറ്റഡ് ഓർഗനൈസേഷൻസ്/ കാർഷിക കർമ്മ സേന എന്നിവ മുഖേന ബയോഫാർമസികൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹനം നൽകുന്നതാണ്. ഇടുക്കി ജില്ലയിലെ കുരുമുളക് വികസനത്തിനായി 500.00 ലക്ഷം രൂപവകയിരുത്തുന്നു.

| | | |
|---|---|---|
| **4)** | **ഹൈടെക് അഗ്രിക്കൾച്ചർ** | **ശീർഷകം : 2401-00-113-82** |
| | | **വിഹിതം: 55.00 ലക്ഷം രൂപ** |

സാങ്കേതിക പുരോഗതിയിലൂടെ കാർഷിക വളർച്ച നേടാനാകും. ഇതിലൂടെ ഉല്പാദനം, ഉല്പാദനക്ഷമത, ആദായം, പരിസ്ഥിതി എന്നിവയിൽ ശ്രദ്ധിക്കപ്പെടുന്ന മാറ്റങ്ങൾ വരുത്തുവാൻ സാധിക്കും. വ്യത്യസ്ത കാലാവസ്ഥാ സാഹചര്യങ്ങളുമായി യോജിച്ചുപോകുന്ന തരത്തിൽ ഹരിത ഭവനത്തിന്റെ സാങ്കേതിക വിദ്യയും ഘടനയും രൂപകല്പന ചെയ്ത് പരിഷ്കരിക്കേണ്ടതും, സസ്യ വളർച്ചയ്ക്കുള്ള പുതിയ വളർച്ചാ തലങ്ങൾ ക്രമീകരിക്കേണ്ടതും ചെലവ് കുറഞ്ഞ

സാങ്കേതിക വിദ്യ ഉപയോഗിച്ച് സുഷിരങ്ങളുള്ള പ്ലാസ്റ്റിക് ട്രേകളിൽ വളർത്തിയെടുക്കുന്ന നടീൽ വസ്തുക്കളുടെ വളർച്ച ത്വരിതപ്പെടുത്തുന്ന നവീകരിച്ച സാങ്കേതിക വിദ്യയും ഇതിനൊപ്പം തന്നെ നടപ്പിൽ വരുത്തേണ്ടതാണ് . 2019-20-ൽ കൃഷിഭവൻ മുഖേന പുതിയ പോളി ഹൗസുകൾ സ്ഥാപിക്കുന്നതിനുള്ള സഹായം , റെയിൻ ഷെൽറ്ററുകൾ , ഹാർഡനിംഗ് യൂണിറ്റുകൾ, പച്ചക്കറികൾ/പൂക്കൾ/വാഴ/മറ്റ് വിളകൾ എന്നിവയ്ക്കായി തുറസ്സായ സ്ഥലത്തുള്ള സൂക്ഷ്മ കൃഷി എന്നീ പരിപാടികൾ ഉൾപ്പെടുത്തിയിരിക്കുന്നു . ഈ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട അംഗീകാരവും തിരഞ്ഞെടുപ്പും എല്ലാം ജില്ലാതല ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാണ്.

കർഷകർക്ക് പരിശീലനം, അവബോധ ക്ലാസ്സുകൾ, ഫീൽഡ് സന്ദർശനങ്ങൾ എന്നിവയ്ക്കായി 20.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

സംരംഭകരെ സഹായിക്കുന്നതിനായി ജില്ലാ സംസ്ഥാന തലത്തിൽ സ്ഥാപന സഹായത്തോടെ വിദഗ്ദ്ധരുടേയും സഹായ ഗ്രൂപ്പുകളുടേയും ഒരു ശൃംഖല വികസിപ്പിച്ചെടുക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. വി.എച്ച്.എസ്.ഇ സർട്ടിഫിക്കറ്റുള്ളവരെയും വിരമിച്ച ഉദ്യോഗസ്ഥരെയും മറ്റു വിദഗ്ധരെയും പരിശീലനം നൽകി മേൽപ്പറഞ്ഞ സഹായഗ്രൂപ്പിൽ ഉൾപ്പെടുത്തുന്നതാണ്. ഹൈടെക് അഗ്രിക്കൾച്ചർ പ്രോത്സാഹിപ്പിക്കുന്നതിനുള്ള മാനവശേഷി വികസന സഹായം 'സമേതി' മുഖേന നൽകുന്നതാണ്. ഇതിനായി 10.00 ലക്ഷം രൂപവകയിരുത്തുന്നു. സമേതിയിലുള്ള ഡെമോൺസ്ട്രേഷൻ യൂണിറ്റിന്റെ വികസനത്തിനായി വിഹിതത്തിന്റെ ഒരു ഭാഗം വിനിയോഗിക്കാവുന്നതാണ് . ഘടകങ്ങൾ തിരിച്ചുള്ള പദ്ധതി വിഹിതം താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | ഘടന | തുക *(ലക്ഷം രൂപ)* |
|---|---|---|
| 1 | സമേതി മുഖേന സാങ്കേതിക സഹായത്തിനും കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും വേണ്ടിയുള്ള മാനവ വിഭവ ഗ്രൂപ്പ് | 10.00 |
| 2 | പുതിയ പോളീഹൗസുകൾ സ്ഥാപിക്കുന്നതിനുള്ള ധനസഹായവും/ കാര്യശേഷി വർദ്ധനവും സാങ്കേതിക സഹായവും | 25.00 |
| 3 | മറ്റ് പ്രവർത്തനങ്ങൾ | 20.00 |
| | **ആകെ** | **55.00** |

| **5)** | **പഴവർഗ്ഗങ്ങൾ, പൂക്കൾ, ഔഷധസസ്യങ്ങൾ എന്നിവയുടെ വികസനം** | **ശീർഷകം : 2401-00-119-79** |
|---|---|---|
| | | **വിഹിതം: 1200.00 ലക്ഷം രൂപ** |

പഴവർഗ്ഗങ്ങൾ, പൂക്കൾ, ഔഷധസസ്യങ്ങൾ എന്നിവയുടെ വികസനത്തിനായി 1200.00 ലക്ഷം രൂപവകയിരുത്തുന്നു. ഈ പദ്ധതിയുടെ 25 ശതമാനം ഗുണഭോക്താക്കൾ വനിതകളായിരിക്കും.

വാഴപ്പഴം ഉൾപ്പെയുള്ള പഴവർഗ്ഗങ്ങളുടെ വികസനത്തിനായി കൃഷി വിസ്തൃതി വർദ്ധിപ്പിക്കുന്നതിനോടൊപ്പം നടീൽ വസ്തുക്കളുടെ വിതരണവും ഉൾപ്പെടുന്ന സമഗ്ര പദ്ധതിയ്ക്കായി 600.00 ലക്ഷം രൂപവകയിരുത്തുന്നു. ഈ പദ്ധതി കൃഷി വകുപ്പും വി.എഫ്.പി.സി.കെ-യും സംയുക്തമായി സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കുന്നതാണ് . ഹൈഡെൻസിറ്റി പ്ലാന്റിംഗ് ഉൾപ്പെടെ വാഴകൃഷിക്കായി പ്രത്യേക ധനസഹായം / ആനുകൂല്യങ്ങൾ എന്നിവയ്ക്കുള്ള തുകയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഫ്ലോറികൾച്ചർ തുടങ്ങുന്നതിനുള്ള സഹായവും ടിഷ്യൂകൾച്ചർ യൂണിറ്റുകൾ ഉൾപ്പെടെ പുതിയ ഫ്ലോറികൾച്ചർ നഴ്സറികൾ, ഗ്രേഡിംഗ്/പായ്ക്കിംഗ് സെന്ററുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള സഹായവും നൽകുന്നതാണ്. കഴക്കൂട്ടത്തുള്ള ബയോടെക്നോളജി ആന്റ് മോഡൽ ഫ്ലോറികൾച്ചർ സെന്ററും, വികേന്ദ്രീകൃത പ്രൊഡക്ഷൻ/ ഹാർഡനിംഗ് സെന്ററുകളും ശക്തിപ്പെടുത്തുന്നതിനായി ഹബ് ആന്റ് സ്പോക്ക് രീതിയിൽ പ്രത്യേകം വകയിരുത്തുന്ന ഫണ്ട് ഉപയോഗിച്ച് പ്രോത്സാഹനം നൽകുന്നതാണ്. ഈ പദ്ധതിയ്ക്കായി 500.00 ലക്ഷം രൂപവകയിരുത്തുന്നു. ആർ.കെ.വി.വൈ, എസ്.എച്ച്.എം എന്നിവയിൽ നിന്നുള്ള ഫണ്ടും ഈ പദ്ധതിയിൽ സംയോജിപ്പിക്കുന്നതാണ്.

ഔഷധ സസ്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി തൃശ്ശൂർ, മലപ്പുറം, വയനാട്, ഇടുക്കി, പാലക്കാട് ജില്ലകളിൽ നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ചിരിക്കുന്നു. പരിശീലനം, ബോധവത്ക്കരണം, ക്ലസ്റ്ററുകൾ മുഖേന വിസ്തൃതി വർദ്ധിപ്പിക്കുക, കളക്ഷൻ സെന്ററുകൾ/സസ്യ ആരോഗ്യ പരിപാലന യൂണിറ്റുകൾ സ്ഥാപിക്കുക , ട്രാൻസ്പോർട്ടേഷൻ/വിപണനം എന്നിവയ്ക്കായി 100.00 ലക്ഷം രൂപവകയിരുത്തുന്നു. കൃഷി വകുപ്പ് മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഔഷധ സസ്യബോർഡിന്റെ സഹായത്തോടെ നടപ്പിലാക്കിക്കൊണ്ടിരുന്ന പദ്ധതി ഈ പദ്ധതിയുമായി സംയോജിപ്പിക്കേണ്ടതാണ്. വിപണനത്തിനായി കൊരട്ടിയിലുള്ള CAREKERALAM, മറ്റ് ആയൂർവേദ ഫാർമസ്യൂട്ടിക്കലുകൾ എന്നിവയുമായി ബന്ധപ്പെടുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. ഘടകങ്ങൾ തിരിച്ചുള്ള പദ്ധതി വിഹിതം താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | പദ്ധതി | തുക (ലക്ഷം രൂപ) |
|---|---|---|
| 1 | പഴവർഗ്ഗങ്ങളുടെ വികസനം | 600.00 |
| 2 | പൂക്കളുടെ വികസനം | 500.00 |
| 3 | ഔഷധ സസ്യങ്ങളുടെ വികസനം | 100.00 |
| | **ആകെ** | **1200.00** |

| 6) | മണ്ണിന്റേയും വേരിന്റേയും ആരോഗ്യ പരിപാലനവും ഉത്പാദനക്ഷമത ഉയർത്തലും | ശീർഷകം : 2401-00-800-28<br>വിഹിതം: 2933.00 ലക്ഷം രൂപ |
|---|---|---|

കേരളത്തിലെ മണ്ണ് സമ്പത്തിലുണ്ടായ പോഷക മൂലകങ്ങളുടെ കുറവ് പരിഗണിച്ചു കൊണ്ട് കാർഷിക വിളകളുടെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിന്, മണ്ണിന്റെ ആരോഗ്യം ഉയർത്തേണ്ടത് അത്യന്താപേക്ഷിതമാണ്. മണ്ണ് പരിശോധനാ ഫലങ്ങളുപയോഗിച്ച് വിളകളുടെ ഉത്പാദന ക്ഷമത ഉയർത്തുക എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് മണ്ണ് പരിശോധനാ സേവനത്തെ അവലോകനം നടത്തേണ്ടതായിട്ടുണ്ട്. സൂക്ഷ്മ മൂലകങ്ങളുടെ പ്രദർശനം ഉൾപ്പെടെ സമഗ്ര മണ്ണ് പരിശോധന നടത്തുന്നതിന് പഞ്ചായത്തുകളെ ദത്തെടുക്കുന്ന പ്രവർത്തനം കൂടുതൽ പഞ്ചായത്തുകളിലേക്ക് വ്യാപിപ്പിക്കേണ്ടതാണ്. ഈ പഞ്ചായത്തുകളിൽ മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ വിജ്ഞാന വ്യാപനം നടപ്പിലാക്കുന്നതാണ്. തെരഞ്ഞെടുക്കുന്ന പഞ്ചായത്തിലെ എല്ലാ കർഷകർക്കും മണ്ണു പരിപോഷണ കാർഡ് വിതരണം ചെയ്യുന്നതാണ്. പഞ്ചായത്ത്/ബ്ലോക്ക്/ജില്ലാ/കാർഷിക പാരിസ്ഥിതിക മേഖല അടിസ്ഥാനത്തിൽ പോഷണ മൂലക മാനേജ്മെന്റ് പദ്ധതി തയ്യാറാക്കുന്നതായിരിക്കും. മണ്ണു പരിശോധന അടിസ്ഥാനത്തിലുള്ള വിജ്ഞാന വ്യാപനത്തിനായി ജില്ലാ മണ്ണ് പരിശോധനാ ലാബും മൊബൈൽ മണ്ണ് പരിശോധനാ ലാബും മുഖേന ഓരോ ജില്ലയിലും മൂന്ന് പഞ്ചായത്തുകൾ വീതം തെരഞ്ഞെടുക്കുന്നതായിരിക്കും. ജില്ലാ മണ്ണ് പരിശോധനാ ലാബ് മുഖേന നടപ്പിലാക്കുന്ന പ്രദർശന ഘടകത്തിന് ഇനി സഹായം നൽകുന്നതല്ല. കരാറടിസ്ഥാനത്തിലുള്ള മാനവശേഷിയും ഉൾപ്പെടുത്തിയിട്ടില്ല. തിരഞ്ഞെടുത്ത പഞ്ചായത്തുകളിൽ ആത്മ, ജില്ലാ മണ്ണ് പരിശോധനാ ലാബ്, മൊബൈൽ മണ്ണ് പരിശോധന ലാബുകൾ എന്നിവയുടെ സഹായത്തോടെ മണ്ണിന്റെ വിശകലനത്തിന് പ്രത്യക ഊന്നൽ നൽകുന്നതാണ്. ആത്മ മാത്രമായിരിക്കും പ്രദർശന ഘടകം നടപ്പിലാക്കുന്നത്.

ജീവാണു വളങ്ങൾ, ജീവാണു കീടനാശിനികൾ ഉപയോഗിച്ച് വിത്തിന്റെ പരിപാലനം, ട്രൈക്കോടെർമയുടെ ഉപയോഗം, വെസിക്കുലർ ആർബസ്കുലർ മൈക്കോറിസ (വി.എ.എം), ഫോസ്ഫേറ്റ് സോലുബിലൈസിംഗ് ബാക്ടീരിയ (പി.എസ്.ബി), ജൈവവള പ്രയോഗം, വളർച്ചയ്ക്കാവശ്യമായ റൈസോ ബാക്ടീരിയ (പി.ജി.ആർ) മുതലായവ ഉപയോഗിച്ച് വേരിന്റെ പരിപാലനത്തിനും വളർച്ചയ്ക്കും ആവശ്യമായ കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതാണ്. വേരിന്റെ പരിപാലനത്തിനായുള്ള ഒരു പ്രധാന ഘടകത്തിന് സഹായം നൽകുന്നതിന്റെ ഭാഗമായി തിരഞ്ഞെടുത്ത കൃഷിഭവനുകളിൽ വെസിക്കുലർ ആർബസ്കുലർ മൈക്കോറിസ (വി.എ.എം)-ന്റെ ഓൺഫാം പ്രൊഡക്ഷനും ഉപയോഗവും നടത്തുന്നതിന് സഹായം നൽകുന്നതാണ്. ഇതിനായി 100.00 ലക്ഷം രൂപവകയിരുത്തുന്നു. പ്ലാന്റ് ക്ലിനിക്കുകൾ മുഖേന റൂട്ട് ഹെൽത്ത് കാർഡ് നൽകുന്നതാണ്.

എല്ലാ പഞ്ചായത്തുകളിലെയും കർഷകർക്ക് മണ്ണ് പരിശോധനാ സേവനം ലഭ്യമാക്കുന്നതാണ്. സോയിൽ ഹെൽത്ത് മാനേജ്മെന്റ്, സോയിൽ ഹെൽത്ത് ഇനിഷ്യേറ്റീവ്സ് എന്നീ പദ്ധതികളുമായി സംയോജിപ്പിച്ച് ഈ പരിപാടി നടപ്പിലാക്കുന്നതാണ്.

മൊബൈൽ പരിശോധനാലാബും കാർഷിക സേവന കേന്ദ്രങ്ങളുടെ കീഴിലുള്ള മണ്ണ് പരിശോധനാ ലാബുകളും ഈ പദ്ധതിയുടെ നടത്തിപ്പിനായി സംയോജിപ്പിക്കേണ്ടതാണ്.

സംസ്ഥാനത്തെ മണ്ണ് പരിശോധന, ക്യാമ്പയിൻ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ, കർഷകർ, എഫ്.പി.ഒ കൾ, നബാർഡിന്റെ കർഷകക്ലബ്ബ് തുടങ്ങിയവരുടെ സഹായത്തോടെ ഏറ്റെടുക്കുന്നതിന് ഉദ്ദേശിച്ചിരിക്കുന്നു . വിളവിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി മണ്ണിന്റെ പി.എച്ച് ശരിയായ അളവിലാക്കുന്നതിന് ഗുണമേന്മയുള്ള ഉല്പാദനോപാധികളും സെക്കൻഡറി മൂലകങ്ങളും സൂക്ഷ്മ മൂലകങ്ങളും ലഭ്യമാക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ട്.

മണ്ണിന്റെ അസിഡിറ്റി ശരിയായ അളവിലാക്കുന്നതിന് വലിയ രീതിയിലുള്ള ഇടപെടൽ ആവശ്യമാണ്. 2019-20-ൽ 2491.00 ലക്ഷം രൂപ ഇതിനായി ഉൾപ്പെടുത്തിയിരിക്കുന്നു. വിവിധ വിളകൾക്ക് സൂക്ഷ്മ മൂലകങ്ങളും സെക്കൻഡറി മൂലകങ്ങളും സബ്സിഡി നിരക്കിൽ നൽകുന്നതിനായി 250.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. മണ്ണിന്റെ വിശകലനം അടിസ്ഥാനമാക്കിയുള്ള നിർദ്ദേശങ്ങൾക്കനുസരിച്ച് സോയിൽ അമിലിയോറൻസിന്റെ പ്രയോഗം ഉദ്ദേശിച്ചിട്ടുണ്ട്. ഐ.ഐ.ഐ.റ്റി.എം.കെ മുഖേനയുള്ള സോയിൽ ഫെർട്ടിലിറ്റി പോർട്ടലിന് പ്രോത്സാഹനം നൽകുന്നതാണ്. ഈ പദ്ധതിയിലൂടെ ലഭിക്കുന്ന ഡാറ്റ കെ.എസ്.എൽ.യു.ബി, മണ്ണ്ജല സംരക്ഷണ വകുപ്പ്, കെ.എ.യു എന്നീ സർക്കാർ സ്ഥാപനങ്ങളുമായി പങ്ക് വയ്ക്കേണ്ടതാണ്.

സാധ്യതാ പ്രദേശങ്ങളിൽ ലൈം ആപ്ലിക്കേഷൻ ഉൾപ്പെടെയുള്ള മണ്ണിന്റെ ആരോഗ്യ പരിപാലനത്തിനായും ഏത്തവാഴ, പച്ചക്കറികൾ എന്നിവയിൽ സൂക്ഷ്മ മൂലകങ്ങളും സെക്കൻഡറി മൂലകങ്ങളുടേയും പ്രയോഗത്തിനായും 52.00 ലക്ഷം രൂപ വകയിരുത്തുന്നു.

അനുയോജ്യമായ ഉത്പാദനോപാധികളുടെ ഏജൻസികളുമായി ബന്ധപ്പെട്ട് മണ്ണ് പരിശോധന അടിസ്ഥാനമാക്കിയുള്ള ആരോഗ്യ പരിപാലന പദ്ധതി ഫലങ്ങൾ പ്രചരിപ്പിക്കേണ്ടതാണ്. അച്ചടിമാധ്യമത്തിലൂടേയും, ദൃശ്യമാധ്യമത്തിലൂടേയുമുള്ള ബോധവൽക്കരണ പരിപാടികൾ തുടരുന്നതാണ്. ഘടകങ്ങൾ തിരിച്ചുള്ള പദ്ധതി വിഹിതം താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | തുക *(ലക്ഷം രൂപ)* | |
|---|---|---|---|
| | | ആന്വൽ പ്ലാൻ | ഗ്രീൻ ബുക്ക് |
| 1 | തെരഞ്ഞെടുത്ത ജില്ലകളിൽ സോയിൽ അമിലിയോറൻസ് | 2491.00 | 2491.00 |
| 2 | ബോധവൽക്കരണ പരിപാടികൾ/സെമിനാറുകൾ/ശില്പശാലകൾ | 10.00 | |

| | | | |
|---|---|---|---|
| 3 | സോയിൽ ഫെർട്ടിലിറ്റി പോർട്ടൽ നിലനിർത്തുന്നതിനും പഞ്ചായത്ത്/ ബ്ലോക്ക് തലത്തിൽ ന്യൂട്രിയന്റ് മാനേജ്മെന്റ് പ്ലാനിന്റെ പ്രിന്റിംഗിനും റിപ്പോർട്ടുകൾ എടുക്കുന്നതിനും IIITMK-ക്ക് വിദഗ്ധ സഹായവും | 30.00 | |
| 4 | വി.എഫ്.പി.സി.കെ മുഖേന സാധ്യതാ പ്രദേശങ്ങളിൽ മണ്ണിന്റെ ഫലഭൂയിഷ്ഠതയ്ക്കുള്ള പദ്ധതി | 52.00 | |
| 5 | സൂക്ഷ്മ മൂലകങ്ങൾക്കും സെക്കൻഡറി മൂലകങ്ങൾക്കുമുള്ള സഹായം | 250.00 | |
| 6 | റൂട്ട് ഹെൽത്ത് മാനേജ്മെന്റ് പരിപാടി | 100.00 | |
| | **ആകെ** | **2933.00** | **2491.00** |

| | | |
|---|---|---|
| 7) | **വിള ആരോഗ്യ പരിപാലനം** | **ശീർഷകം : 2401-00-107-78** |
| | | **വിഹിതം: 1163.00 ലക്ഷം രൂപ** |

സുസ്ഥിര കാർഷിക വികസനത്തിന് വിള ആരോഗ്യപരിപാലനം ഒരു സുപ്രധാന ഘടകമാണ്. കീടരോഗ പരിപാലന തന്ത്രങ്ങൾ വിളആരോഗ്യ പരിപാലനത്തിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു. സംയോജിത കീടരോഗ പരിപാലനത്തിന്റെ മെച്ചപ്പെടുത്തൽ വിള ആരോഗ്യ പരിപാലനത്തിന് വഴിതെളിയിക്കുന്നതാണ്. വിള ആരോഗ്യ പരിപാലനം എന്ന സമീപനം നല്ല സസ്യ സംരക്ഷണ പ്രവർത്തനങ്ങളിൽകൂടി സുസ്ഥിര ജൈവ വ്യവസ്ഥയും ജനങ്ങളുടെ ആരോഗ്യവും സംരക്ഷിക്കുന്നതിന് ഉതകുന്നതാണ്.

കീടരോഗ ഉപദേശക സംവിധാനത്തിലൂടെ കർഷകർക്ക് കീട നിരീക്ഷണത്തിലും മറ്റുമുള്ള ഉപദേശങ്ങൾ കൃത്യമായി ലഭ്യമാക്കുന്നതാണ്. തിരഞ്ഞെടുത്ത പഞ്ചായത്തുകളിലെ വിളവെട്ടപ്പ് രീതി പ്രകാരം നിരീക്ഷണ പ്ലോട്ടുകളുടെ എണ്ണം തീരുമാനിക്കേണ്ടതാണ്. പ്ലാന്റ് ഹെൽത്ത് മാനേജ്മെന്റിൽ പി.ജി ഡിപ്ലോമ കോഴ്സിനായി ചേർന്നിട്ടുള്ള ഉദ്യോഗസ്ഥർ ആത്മ ടീമുമായി ചേർന്ന് കീടരോഗ നിരീക്ഷണ പദ്ധതികളിലും പ്രതിമാസ സാങ്കേതിക ഉപദേശങ്ങൾ തയ്യാറാക്കുന്നതിലും പ്രധാന പങ്ക് വഹിക്കേണ്ടതാണ്.

കീട നിരീക്ഷണ സംവിധാനങ്ങളും ഉപദേശക സംവിധാനങ്ങളും അനുയോജ്യമായ ബ്ലോക്കുകളിൽ നടപ്പിലാക്കേണ്ടതാണ്. ഇതിനായി 117.75 ലക്ഷം രൂപ വകയിരുത്തുന്നു. ബ്ലോക്ക് തലത്തിൽ തീരുമാനിക്കാവുന്ന തരത്തിൽ ഫിക്സ്ഡ് പ്ലോട്ടുകളുടെ എണ്ണം കുറച്ച് കൊണ്ട് ഫിക്സ്ഡ് പ്ലോട്ടുകളും, റോവിംഗ് സർവ്വെയും പുനസംഘടിപ്പിച്ച് ക്ലിനിക്കുകളിൽ മാത്രമായി ബന്ധപ്പെടുത്തേണ്ടതാണ്. നിലവിലുള്ള 202 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾക്ക് പുറമെ പുതുതായി 50 കൃഷി ഭവനുകളിൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിക്കുന്നതാണ്. വിള ആരോഗ്യ ഉപദേശകങ്ങളും ബുള്ളറ്റിനുകളും പ്രിന്റ് ചെയ്യുന്നതിനായി 202 ക്ലിനിക്കുകൾക്കും,

മുൻവർഷങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളുടെ അവശ്യ സഹായത്തിനുമായി 100.00 ലക്ഷം രൂപ വകയിരുത്തുന്നു. കീടരോഗ നിരീക്ഷണവും റോവിംഗ് സർവ്വേയും വിശകലനം നടത്തി ജില്ലാതലത്തിൽ പ്രതിമാസ റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതാണ്. മറ്റ് സർക്കാർ വകുപ്പുകൾക്കും ഈ ഡാറ്റ നൽകേണ്ടതാണ് . ബ്ലോക്കുതല പ്ലാന്റ് ക്ലിനിക്കുകളെ ബ്ലോക്കിന്റെ പ്ലാന്റ് ക്ലിനിക്കായി നിർദ്ദേശിച്ചുകൊണ്ട് മറ്റ് കൃഷി ഓഫീസർമാരുടെയും കൂടി സേവനം കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഉറപ്പാക്കേണ്ടതാണ്. അടിസ്ഥാന സൗകര്യത്തിനുള്ള സഹായം ഉൾപ്പെടെയുള്ള അധിക സഹായം പ്ലാന്റ് ക്ലിനിക്കുകൾക്ക് നൽകുന്നതാണ്. ഘടകങ്ങൾ തിരിച്ചുള്ള പദ്ധതി വിഹിതം താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക *(ലക്ഷം രൂപ)* |
|---|---|---|
| 1 | ജി.പി.എസ്. ഉപയോഗിച്ചുള്ള കീടരോഗ നിരീക്ഷണം ഉൾപ്പടെ കീടരോഗ നിരീക്ഷണ ഉപദേശക സംവിധാനം വികസിപ്പിച്ചെടുക്കൽ | 117.75 |
| 2 | റോഡന്റ് കൺട്രോൾ | 50.00 |
| 3 | പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ | 340.00 |
| 4 | കർഷകർക്ക് ഉല്പാദനോപാധികൾ | 0.25 |
| 5 | വിള ആരോഗ്യ ഉപദേശകങ്ങളും ബുള്ളറ്റിനുകളും പ്രസിദ്ധീകരിക്കുന്നതിന് | 100.00 |
| 6 | 9 പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകളും പുതിയ ബയോ കൺട്രോൾ ലാബുകളും | 60.00 |
| 7 | ഫീൽഡ് അസിസ്റ്റന്റുമാരുടെ ഹോണറേറിയം | 416.00 |
| 8 | ജില്ലാ തല പ്ലാന്റ് ഹെൽത്ത് മാനേജർമാരുടെ ഹോണറേറിയം | 54.00 |
| 9 | കൃഷി സ്ഥലങ്ങളിൽ വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിനുള്ള സാങ്കേതിക സഹായം | 25.00 |
| | **ആകെ** | **1163.00** |

ജൈവ നിയന്ത്രണകാരികൾ എല്ലാ ജില്ലകളിലും മതിയായ അളവിൽ ലഭ്യമല്ല. നിലവിലുള്ള 9 പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകളും ജൈവ നിയന്ത്രണ ഘടകങ്ങൾ സ്റ്റോക്ക് ചെയ്യുന്നതിനായി വികസിപ്പിച്ചെടുത്ത് പാരസൈറ്റ് ബ്രീഡിംഗ് പ്രോത്സാഹിപ്പിക്കുന്നതാണ്. നിലവിലുള്ള 9 സ്റ്റേഷനുകൾ വികസിപ്പിക്കുന്നതിനും പുതിയ ജൈവ നിയന്ത്രണ ലാബുകൾ സ്ഥാപിക്കുന്നതിനുമായി 60.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

NIPHM-മായി സഹകരിച്ച് വിള ആരോഗ്യ പരിപാലനത്തിനായി ടെക്നിക്കൽ ഉദ്യോഗസ്ഥർക്ക് തുടർച്ചയായ പരിശീലന പരിപാടി സംഘടിപ്പിക്കുന്നതായിരിക്കും. കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർക്കായി സമേതിയിലൂടെ NIPHM ഹൈദരാബാദുമായി ചേർന്ന്

ആരംഭിച്ചിട്ടുള്ള ഡിപ്ലോമ കോഴ്സിന് സഹായം നൽകി സ്പെഷ്യലിസ്റ്റ് ഉദ്യോഗസ്ഥരുടെ ടീം വികസിപ്പിച്ചെടുക്കുന്നതിന് ഉദ്ദേശിച്ചിരിക്കുന്നു.

വയനാട് ആത്മയുടെ സാങ്കേതിക സഹായത്തോടെ കാട്ടാനയുടെ ആക്രമണം ഉണ്ടായേക്കാവുന്ന തോട്ടങ്ങളിൽ തേനീച്ചക്കൂടുകൾ സ്ഥാപിച്ചു കൊണ്ടുള്ള വേലി നിർമ്മിക്കുന്നതിനായി സഹായം നൽകുന്നതാണ്. വന്യമൃഗങ്ങളുടേയും പക്ഷികളുടേയും ആക്രമണത്തിൽ നിന്നുള്ള സംരക്ഷണത്തിനായി മറ്റ് വിജയപ്രദമായ പ്രാദേശിക സംവിധാനങ്ങൾക്കും സഹായം നൽകുന്നതാണ്. ഇത്തരത്തിൽ വന്യമൃഗങ്ങളുടേയും പക്ഷികളുടെയും ആക്രമണം നിയന്ത്രിക്കുന്നതിനുള്ള സാങ്കേതിക സഹായത്തിനായി 25.00 ലക്ഷം രൂപ വകയിരുത്തുന്നു.

| 8) | ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും (ജി.എ.പി) | ശീർഷകം : 2401-00-105-85 |
|---|---|---|
| | | വിഹിതം: 538.00 ലക്ഷം രൂപ |

ജൈവ കൃഷി രാജ്യത്ത് സജീവമായിക്കൊണ്ടിരിക്കുന്ന ഒരു മേഖലയാണ് . ജൈവ ഉല്പന്നങ്ങളുടെ കയറ്റുമതി സാധ്യതയും വർദ്ധിച്ചു കൊണ്ടിരിക്കുന്നു . ജൈവ സർട്ടിഫിക്കേഷനായുള്ള സഹായം , ക്ലസ്റ്ററുകളുടെ ശക്തിപ്പെടുത്തൽ , ക്ലസ്റ്ററുകൾക്ക് പ്രോത്സാഹന സഹായം, പച്ചില വള പ്രയോഗം, ജൈവ വളങ്ങൾ തയ്യാറാക്കുന്ന മാതൃകാ യൂണിറ്റുകൾ, കൃഷിഭവനുകൾ, വി.എഫ്.പി.സി.കെ മുഖേന പങ്കാളിത്ത ഗ്യാരന്റി സർട്ടിഫിക്കേഷൻ (പി.ജി.എസ്) ഉൾപ്പെടെയുള്ള സുരക്ഷിതവും ഭക്ഷ്യയോഗ്യവുമായ ഭക്ഷ്യ ഉത്പാദനം എന്നീ ഘടകങ്ങളോടെ ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന് 2019-20 ൽ ഉദ്ദേശിച്ചിരിക്കുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ പരമ്പരാഗത് കൃഷി വികാസ് യോജന (പി.കെ.വി.വൈ) യിൻ കീഴിലും ജൈവകൃഷിക്ക് വേണ്ട സഹായം നൽകുന്നതാണ്.

സീറോ ബജറ്റ് നാച്ചുറൽ ഫാമിംഗ് പ്രോത്സാഹിപ്പിക്കുന്നതിനായി 15.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പരമ്പരാഗത ഇനങ്ങൾക്ക് പ്രചരണം നൽകുന്നതിനും പരിസ്ഥിതി സൗഹൃദ കൃഷി രീതികളിലൂടെ സുരക്ഷിതവും ഭക്ഷ്യയോഗ്യവുമായ ഭക്ഷ്യഉല്പാദനത്തിനും ഊന്നൽ നൽകുന്നതിനുമായി സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗിന് പ്രോത്സാഹനം നൽകുന്നതാണ്.

ഉത്തമ കൃഷിമുറകൾക്കായി ക്ലസ്റ്റേഴ്സിനുള്ള സഹായം, പുതിയ ഇക്കോഷോപ്പുകൾക്കും നിലവിലുള്ള ഇക്കോഷോപ്പുകൾക്കുമുള്ള സഹായം , മെച്ചപ്പെട്ട കൃഷി രീതികൾ സർട്ടിഫൈ ചെയ്യുന്ന ഉൽപ്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം, മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള അവാർഡ് എന്നിവയാണ് ഈ പദ്ധതിയുടെ ഘടകങ്ങൾ. ഈ പദ്ധതിയുടെ 10 ശതമാനം ഗുണഭോക്താക്കൾ വനിതകളായിരിക്കും. ഘടകങ്ങൾ തിരിച്ചുള്ള പദ്ധതി വിഹിതം താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | തുക (ലക്ഷം രൂപ) |
|---|---|---|
| 1 | കൃഷി ഭവനുകളും വി.എഫ്.പി.സി.കെ മുഖേന പങ്കാളിത്ത ഗ്യാരന്റി സമ്പ്രദായത്തിൻ കീഴിലുള്ള ജൈവ കൃഷി | 25.00 |
| 2 | പുതിയ ക്ലസ്റ്റേഴ്സിന്റെ രൂപീകരണം. | 150.00 |
| 3 | നിലവിലുള്ള ഇക്കോഷോപ്പുകൾക്കുള്ള സഹായവും ക്ലസ്റ്ററുകൾ മുഖേന ആരംഭിക്കുന്ന പുതിയ ഇക്കോഷോപ്പുകൾക്കുള്ള സഹായവും | 33.00 |
| 4 | സീറോബഡ്ജറ്റ് നാച്ചറൽ ഫാമിംഗ് | 15.00 |
| 5 | കാർഷിക ഉല്പന്നങ്ങളിലെ കീടനാശിനി അവശിഷ്ടം വിശകലനം ചെയ്യൽ | 50.00 |
| 6 | പദ്ധതി നടത്തിപ്പിനുള്ള സഹായം | 115.00 |
| 7 | വി.എഫ്.പി.സി.കെ മുഖാന്തിരം സ്വയംസഹായ ഗ്രൂപ്പുകളിലൂടെ പഴങ്ങളുടേയും പച്ചക്കറികളുടേയും ജൈവ ഉല്പാദനവും സർട്ടിഫിക്കേഷനും | 150.00 |
| | **ആകെ** | **538.00** |

**ഉത്പാദനോപാധികളും സേവന സംവിധാനവും**

| | | |
|---|---|---|
| **9)** | **ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും** | **ശീർഷകം : 2401-00-104-91** |
| | | **വിഹിതം: 1825.00 ലക്ഷം രൂപ** |
| | | **ശീർഷകം : 4401-00-104-98** |
| | | **വിഹിതം: 675.00 ലക്ഷം രൂപ** |

ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ കൃഷി ഉത്പാദന രംഗത്തെ ഏറ്റവും അത്യന്താപേക്ഷിതവും അടിസ്ഥാന പരവുമായ ആവശ്യകതയാണ്. ഗുണ നിലവാരമുള്ള നടീൽ വസ്തുക്കൾ, വിത്തുകൾ, ജെം പ്ലാസം തുടങ്ങിയവയുടെ വിപണിയിലുള്ള അപര്യാപ്തത ഉല്പാദനക്ഷമതയ്ക്ക തന്നെ വെല്ലുവിളി ഉയർത്തുന്നുണ്ട് . കൃഷിയുടെ ഉൽപാദനക്ഷമതയ്ക്കും മൊത്തത്തിലുള്ള കൃഷി ഉൽപ്പാദനത്തിനും ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെ ലഭ്യത വിപണിയിൽ ഉണ്ടായിരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

കൃഷി ഫാമുകൾ നവീകരിച്ച് ഗുണമേന്മയുള്ള വിത്ത് ഉല്പാദന കേന്ദ്രങ്ങൾ എന്നതിലുപരി ഹൈടെക് ഫാമിംഗിനായുള്ള നൂതന കാർഷിക സാങ്കേതിക വിദ്യയുടെ പ്രചരണ കേന്ദ്രങ്ങളാക്കി മാറ്റേണ്ടതാണ്. ഫാമുകളിൽ ഗ്രീൻ ഹൗസ്, ജലസേചന സൗകര്യങ്ങൾ, ടിഷ്യൂകൾച്ചർ & ഹാർഡനിംഗ് സൌകര്യങ്ങൾ, വിത്ത് സംസ്കരണം/ ശേഖരണം/സംഭരണം തുടങ്ങിയ പരിപാടികൾ നടപ്പാക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തേണ്ടതാണ്. ജില്ലാ ഫാമുകളുടെയും സീഡ് ഫാമുകളുടെയും കാര്യത്തിൽ വകുപ്പുതല പരിപാടികൾ ഗ്യാപ് ഫില്ലിംഗിന് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 13 പ്രത്യേക

ഫാമുകളുടെ കാര്യത്തിൽ എല്ലാം വകുപ്പുതലത്തിൽ നിർവ്വഹിക്കേണ്ടതും അവ വാണിജ്യപരമായി പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. പുതിയ തരം ന്യൂക്ലിയസ് നടീൽ വസ്തുക്കൾ വാങ്ങുന്നതിനായും പ്രജനന തോട്ടങ്ങളുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും നടീൽ വസ്തുക്കളുടെ ഉൽപ്പാദനം, അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുക എന്നീ പരിപാടികൾക്കായി പദ്ധതി വിഹിതം വിനിയോഗിക്കാവുന്നതാണ്. പിന്നീട് വിശകലനം ചെയ്യുന്നതായ ഒരംഗീകൃത പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കും ഓരോ ഫാമുകൾക്കും വിഹിതം നൽകുന്നത്. ഫാമുകളുടെ പശ്ചാത്തല വികസനത്തിന് ആർ.ഐ.ഡി.എഫിന്റെ കീഴിൽ പ്രത്യേക വിഹിതം വകയിരുത്തിയിട്ടുണ്ട്.

ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ ഉൽപ്പാദനത്തിനും വിതരണത്തിനുമായി 450.00 ലക്ഷം രൂപ കേര സമൃദ്ധി പദ്ധതിയ്ക്കായി നീക്കിവച്ചിട്ടുണ്ട്. സങ്കരവും കുറിയതുമായ ഇനത്തിൽപ്പെട്ട തെങ്ങിൻ തൈകളുടെ ഉൽപ്പാദനത്തിനും വിഹിതം ഉപയോഗിക്കുന്നതാണ്. നാളികേര വികസനത്തിലൂടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ/ഘടകങ്ങൾ എന്നിവയ്ക്കു വേണ്ടിയാണ് അധിക തുക വകയിരുത്തിയിരിക്കുന്നത്. 150.00 ലക്ഷം രൂപ വി.എഫ്.പി.സി.കെ വഴി പഴങ്ങളുടെയും പച്ചക്കറികളുടെയും ഗ്രാഫ്റ്റുകളും തൈകളും ഉൽപ്പാദിപ്പിക്കുന്നതിന് നീക്കിവച്ചിട്ടുണ്ട്.

ഡിപ്പാർട്ട്മെന്റ് ഫാമുകളുടെ കാർഷിക യന്ത്രവൽക്കരണമുൾപ്പെടെയുള്ള ആധുനീകരണത്തിനായി അധിക സഹായം ഉൾപ്പെടുത്തിയിട്ടുണ്ട്. ഗുണമേന്മയുള്ള ടിഷ്യൂകൾച്ചർ തൈകളുടെ ഉൽപ്പാദനത്തിനായി BMFC ക്കും, മറ്റു രണ്ടു ഫാമുകളിൽ സ്ഥാപിച്ചിട്ടുള്ള ടിഷ്യൂകൾച്ചർ ലാബുകൾക്കും അടിസ്ഥാന സൗകര്യ വികസന സഹായവും മാനുഷിക വിഭവ സഹായവും നൽകുന്നതാണ്. ആവശ്യകതക്കനുസരിച്ച് തെങ്ങിൻ തൈകൾ ഉൽപ്പാദിപ്പിക്കുന്നതിന് വകുപ്പിന്റെ നിലവിലുള്ള പശ്ചാത്തല സൗകര്യങ്ങൾ പര്യാപ്തമല്ല.

ഡിപ്പാർട്ടുമെന്റ് ഫാമുകളിൽ നെല്ല്, പച്ചക്കറി. കിഴങ്ങ് വർഗ്ഗങ്ങൾ എന്നിവയുടെയും മറ്റ് വിളകളുടെയും പരമ്പരാഗത വിത്തിനങ്ങൾ സംരക്ഷിക്കുന്നതിന് പ്രോത്സാഹനം നൽകുന്നതിന് ഉദ്ദേശിച്ചിട്ടുണ്ട്. ഫാമുകളിൽ സംയോജിത കൃഷി സമ്പ്രദായ യൂണിറ്റുകൾ സ്ഥാപിച്ച് അതിലൂടെ ഫാമുകളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ഘടകവും തുടരുന്നതാണ്.

ഡിപ്പാർട്ട്മെന്റ് ഫാമുകൾ മാതൃകാ ഡെമോൺസ്ട്രേഷൻ ഫാമുകളായി വികസിപ്പിച്ചെടുത്ത് കർഷകർക്കും പൊതുജനങ്ങൾക്കും വേണ്ടി ഫാം സ്കൂളുകൾ പ്രവർത്തിപ്പിക്കുന്നതിന് ഉദ്ദേശിച്ചിരിക്കുന്നു. ഇതിനായി 50.00 ലക്ഷം രൂപ വകയിരുത്തുന്നു. സംസ്ഥാന സീഡ് ഫാമുകളിലെ വിത്തുല്പാദന പരിപാടികൾക്കായി 200.00 ലക്ഷം രൂപ വകയിരുത്തുന്നു.

സംസ്ഥാനത്ത് കുരുമുളക് കൃഷി വികസിപ്പിക്കുന്നതിന് നല്ലയിനം കുരുമുളക് തൈകൾ അത്യന്താപേക്ഷിതമാണ്. വേര് പിടിപ്പിച്ച കുരുമുളക് വള്ളികൾ ഉൾപ്പെടെയുള്ള നടീൽ

വസ്തുക്കളുടെ ഉല്പാദനത്തിനായി 650.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഈ മേഖലയിൽ കെ.വി.കെ കണ്ണൂർ നടപ്പിലാക്കിയ പങ്കാളിത്തരീതി അവലംബിക്കേണ്ടതാണ് . കെ.വി.കെ കണ്ണൂരും, ചെറുതാഴം എഫ്.പി.ഒ യുമായി സഹകരിച്ച് വേര് പിടിപ്പിച്ച കുരുമുളക് വള്ളികൾ ഉൾപ്പെടെയുള്ള നടീൽ വസ്തുക്കൾ ഉല്പാദിപ്പിക്കുന്നതിനായി മേൽപ്പറഞ്ഞ വിഹിതത്തിൽ നിന്നും 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിലൂടെ 2019-20 കാലയളവിൽ കെ.വി.കെ കണ്ണൂർ 10 ലക്ഷം വേര് പിടിപ്പിച്ച കുരുമുളക് വള്ളികൾ ഉല്പാദിപ്പിക്കുന്നതാണ് . മേൽപ്പറഞ്ഞ വിഹിതമായ 650.00 ലക്ഷം രൂപയിൽ നിന്നും 50.00 ലക്ഷം രൂപ വയനാടിന് വകയിരുത്തിയിരിക്കുന്നു. കെ.വി.കെ അംബലവയലുമായി സഹകരിച്ച് കുരുമുളക് നടീൽ വസ്തുക്കൾ ഉല്പാദിപ്പിക്കേണ്ടതാണ് . ഘടകങ്ങൾ തിരിച്ചുള്ള പദ്ധതി വിഹിതം താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | പദ്ധതി | തുക *(ലക്ഷം രൂപ)* | ശീർഷകം |
|---|---|---|---|
| 1 | ഹൈടെക് ഫാമിംഗിനായുള്ള ഡെമോൺസ്ട്രേഷൻ യൂണിറ്റുകളുടെ പ്രവർത്തന സഹായവും സാങ്കേതിക സഹായവും | 25.00 | 2401-00-104-91 |
| 2 | ടിഷ്യൂകൾച്ചർ ലാബുകളുടെ മാനുഷിക വിഭവ സഹായം | 15.00 | 2401-00-104-91 |
| 3 | കേരസമൃദ്ധി | 450.00 | 2401-00-104-91 |
| 4 | VFPCK മുഖേനയുള്ള നടീൽ വസ്തുക്കളുടെ ഉൽപ്പാദനം | 150.00 | 2401-00-104-91 |
| 5 | ജില്ലാ കൃഷി ഫാമുകളിലും സ്പെഷ്യൽ ഫാമുകളിലും ഉയർന്ന ഉൽപ്പാദന ക്ഷമതയുള്ള തെങ്ങിൻ തൈകളുടെയും വിദേശീയമായ പഴവർഗ്ഗങ്ങളുടെയും ചെടികളുടെയും മാതൃക പ്രദർശന തോട്ടങ്ങൾ | 50.00 | 2401-00-104-91 |
| 6 | ഡിപ്പാർട്ട്മെന്റ് ഫാമുകളിൽ സംയോജിത കൃഷി സമ്പ്രദായ പ്രോത്സാഹനം | 200.00 | 2401-00-104-91 |
| 7 | വേര് പിടിപ്പിച്ച കുരുമുളക് വള്ളികൾ ഉപ്പെടെയുള്ള നടീൽ വസ്തുക്കളുടെ ഉൽപ്പാദനം-(കെ.വി.കെ കണ്ണൂർ, എഫ്.പി.ഒ ചെറുതാഴം, കെ.വി.കെ അമ്പലവയൽ എന്നിവയുടെ സഹായത്തോടെയുള്ള പദ്ധതികൾ ഉൾപ്പെടെ) | 650.00 | 2401-00-104-91 |
| 8 | സംസ്ഥാന സീഡ് ഫാമുകളുടെ വിത്ത് ഉൽപ്പാദന പരിപാടി | 200.00 | 2401-00-104-91 |

| | | | |
|---|---|---|---|
| 9 | പുതിയ പ്രോജനനി തോട്ടങ്ങൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവയുടെ പരിപാലനവും | 85.00 | 2401-00-104-91 |
| | | 15.00 | 4401-00-104-98 |
| 10 | സ്പെഷ്യൽ ഫാമുകളിൽ യന്ത്രവൽക്കരണവും അടിസ്ഥാന സൗകര്യ വികസനവും | 660.00 | 4401-00-104-98 |
| | **ആകെ** | **2500.00** | |

| | | |
|---|---|---|
| **10)** | **ലബോറട്ടറികളുടെ ആധുനീകരണം** | **ശീർഷകം : 2401-00-105-86** |
| | | **വിഹിതം: 800.00 ലക്ഷം രൂപ** |

കാർഷിക സമൂഹത്തിനുവേണ്ടി കൃഷി വകുപ്പ് നൽകി വരുന്ന പ്രധാന സേവനങ്ങൾ ഫലഭൂയിഷ്ഠത കണക്കാക്കുന്നതിനായുള്ള മണ്ണ് പരിശോധന , വളങ്ങളുടെ പരിശോധന (ജൈവ വളങ്ങളും ജീവാണു വളങ്ങളും ഉൾപ്പെടെ ) കീടനാശിനി പരിശോധന, ഉല്പാദനോപാധികളുടെ ഗുണമേന്മ പരിശോധിക്കുന്നതിനായി വിത്ത് പരിശോധന എന്നിവയാണ്. ഉൽപ്പാദനത്തെയും ഉൽപ്പാദനക്ഷമതയെയും വളരെയധികം ബാധിക്കുന്ന പ്രധാന ഘടകങ്ങളാണിവ. ശാസ്ത്രീയമായ രീതിയിൽ ഉല്പാദനോപാധികളുടെ ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതാണ്.

മണ്ണ്, വളം, കീടനാശിനി, വിത്ത് എന്നിവയുടെ സാമ്പിളുകൾ വിശകലനം ചെയ്യുന്ന ഇപ്പോഴത്തെ ലാബുകൾ വർഷങ്ങൾക്കുമുമ്പ് സ്ഥാപിച്ചതാണ്. ഈ ലാബുകളിൽ ലഭ്യമായ മിക്ക സാമഗ്രികളും വളരെ പഴയതും കാലപ്പഴക്കം ചെന്നവയുമാണ് . ഇവ വേഗതയോടും കൃത്യവുമായ പരിശോധനാ ഫലങ്ങൾ നൽകുവാൻ പര്യാപ്തമല്ല. BMFC – യുടെ ശക്തിപ്പെടുത്തൽ, കരാർ അടിസ്ഥാനത്തിലുള്ള നിയമനം, രാസവസ്തുക്കളും ഉപകരണങ്ങളും വാങ്ങുന്നതിനും വാഹന ചെലവും ഉൾപ്പെടെയുള്ള പ്രവർത്തന ചെലവ് എന്നിവയാണ് ആധുനിക വൽക്കരണത്തിന്റെ പ്രധാന ഘടകങ്ങൾ. 15 ലക്ഷം ടിഷ്യൂകൾച്ചർ സസ്യങ്ങൾ ഉൽപ്പാദിപ്പിക്കുന്ന തരത്തിൽ BMFC-യെ ശക്തിപ്പെടുത്തി ഘട്ടംഘട്ടമായി ഇത് വികസിപ്പിക്കുവാൻ ഉദ്ദേശിച്ചിരിക്കുന്നു. ഇതിന്റെ പ്രവർത്തനത്തിനായി റിവോൾവിംഗ് ഫണ്ടായി തുക വകയിരുത്തുന്നു.

സൂക്ഷ്മ മൂലകങ്ങൾ ഉൾപ്പെടെ സമഗ്ര മണ്ണു പരിശോധന നടത്തുന്നതിന് ഓരോ ജില്ലയിൽ നിന്നും ഓരോ പഞ്ചായത്തിനെ തിരഞ്ഞെടുക്കേണ്ടതാണ്. ഈ പഞ്ചായത്തുകളിൽ മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിൽ വിജ്ഞാനവ്യാപനം നടപ്പിലാക്കുന്നതാണ് . ഈ പഞ്ചായത്തിലെ എല്ലാ കർഷകർക്കും മണ്ണ് പരിപോഷണ കാർഡ് വിതരണം ചെയ്യുന്നതാണ്.

സംസ്ഥാന ബയോകൺട്രോൾ ലാബിനെ ശക്തിപ്പെടുത്തുന്നതിനായി125.00 ലക്ഷം രൂപ വകയിരുത്തുന്നു. BMFC-യ്ക്കായി വേണ്ടി വരുന്ന അധിക തുക ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ

ഉത്പാദനവും വിതരണവും എന്ന പദ്ധതിയിൽ നിന്നും വഹിക്കാവുന്നതാണ്. കൃഷി വകുപ്പിൽ ഗുണനിലവാര പരിശോധനയ്ക്കായി ഒരു ക്വാളിറ്റി കൺട്രോൾ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിക്കുന്നതിനായി 75.00 ലക്ഷം രൂപ വകയിരുത്തുന്നു. സമഗ്ര വള പരിശോധന ലാബിന്റേയും, സമഗ്ര കീടനാശിനി പരിശോധനാ ലാബിന്റെയും പ്രവൃത്തികൾ തുടരുന്നതിനായി 160.00 ലക്ഷം രൂപ വകയിരുത്തുന്നു. വകുപ്പിന് നിലവിൽ കെട്ടിടമുണ്ടെങ്കിൽ അത് പരിഗണിക്കേണ്ടതാണ്. ഘടകങ്ങൾ തിരിച്ചുള്ള പദ്ധതി വിഹിതം താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | തുക (ലക്ഷം രൂപ) |
|---|---|---|
| 1 | കഴക്കൂട്ടം BMFC ശക്തിപ്പെടുത്തുന്നതിന് | 125.00 |
| 2 | സംസ്ഥാന ബയോകൺട്രോൾ ലാബിന്റെ ശാക്തീകരണം | 125.00 |
| 3 | ലാബുകളുടെ ശക്തിപ്പെടുത്തൽ | 250.00 |
| 4 | പ്രവർത്തന സഹായവും കരാർ അടിസ്ഥാനത്തിലുള്ള നിയമനവും | 40.00 |
| 5 | സമഗ്ര വളപരിശോധനാ ലാബ്/സമഗ്ര കീടനാശിനി പരിശോധനാ ലാബ് സ്ഥാപിക്കൽ | 160.00 |
| 6 | ക്വാളിറ്റി കൺട്രോൾ എൻഫോഴ്സ്മെന്റ് വിഭാഗം | 75.00 |
| 7 | ലാബുകളുടെ അക്രഡിറ്റേഷൻ (പുതിയത്) | 25.00 |
| | **ആകെ** | **800.00** |

| **11)** | **കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ** | **ശീർഷകം : 2401-00-109-80** |
|---|---|---|
| | | **വിഹിതം: 4545.00 ലക്ഷം രൂപ** |

കാർഷിക വികസനം ഫലപ്രദമാകുന്നത് കർഷകർ സ്വീകരിക്കുന്ന ശാസ്ത്ര സാങ്കേതിക വിദ്യകളെ ആശ്രയിച്ചായിരിക്കും . കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്ത് കൃഷിസ്ഥലങ്ങൾ സന്ദർശിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ടുള്ള ഒരു കാർഷിക വിജ്ഞാന വ്യാപന സമ്പ്രദായം അത്യന്താപേക്ഷിതമാണ്. മേൽത്തട്ടിലുള്ള ശരിയായ ഏകോപനവും ഉൽപ്പാദന മേഖലയിൽ കീഴ്ത്തട്ടിലുള്ള വകുപ്പുകളുടെ സംയോജനവും വഴി ഇടക്കാലത്ത് നടപ്പാക്കിയ ആത്മ (ATMA) മാതൃകയിലുള്ള കൃഷി വിജ്ഞാന വ്യാപനം ആവശ്യമായ ഭേദഗതികളോടെ ആത്മ പ്ലസ് മാതൃകയായി സംയോജിപ്പിച്ച് പ്രചരിപ്പിച്ചിട്ടുണ്ട് . മണ്ണ് പരിശോധന, വിള ആരോഗ്യ പരിപാലനം, കാർഷിക സേവനങ്ങൾ, പരാദപ്രജനനം, നടപ്പിലാക്കി വരുന്ന എല്ലാ പദ്ധതികളുടെയും വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു കൊണ്ട് കൃഷി വകുപ്പിൽ വിജ്ഞാന വ്യാപന വിഭാഗം സ്ഥാപിച്ചിട്ടുണ്ട്.

ഈ പദ്ധതിക്കായി 2019-20-ൽ വകയിരുത്തിയിട്ടുള്ളത് 4545.00 ലക്ഷം രൂപയാണ്. സമേതിയെ ശക്തിപ്പെടുത്തുന്നതിനും, അടിസ്ഥാന സൗകര്യ വികസനത്തിനും, പ്രവർത്തന

ചെലവുകൾക്കും, ഉപകരണങ്ങൾ വാങ്ങുന്നതിനും, 5 വിദഗദ്ധർ, BTM, IT സ്പെഷ്യലിസ്റ്റുകൾ എന്നിവർക്കുള്ള ഹോണറേറിയം എന്നിവയ്ക്കായി 25.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പോസ്റ്റ് ഗ്രാജ്വേറ്റ് ഡിഗ്രിയും പി.എച്ച്.ഡിയുമുള്ള 5 വിദഗ്ധരെ സമേതിയിൽ നിയമിക്കുന്നതാണ്. എം.എസ്.ഡബ്ല്യൂ അല്ലെങ്കിൽ സോഷ്യോളജി സ്പെഷ്യലൈസേഷനോട്ടുകൂടി സോഷ്യൽ എഞ്ചിനീയറിംഗ് മേഖലയിൽപ്പെട്ട ഒരാളും മറ്റുള്ളവർ കാർഷിക വിജ്ഞാനത്തിൽ പി.എച്ച്.ഡിയോടുകൂടി നൂതന കണ്ടുപിടിത്തങ്ങളിലും കമ്മ്യൂണിക്കേഷനിലും വിദഗ്ധരുമായിരിക്കണം. രാജ്യത്തെ പ്രമുഖ സ്ഥാപനങ്ങൾ മുഖേനയുള്ള കാര്യശേഷി വർദ്ധനവ് പരിപാടി ശക്തിപ്പെടുത്തണം. ആത്മ പരിപാടികൾക്കുള്ള സംസ്ഥാന വിഹിതം കൃഷി ഉന്നതി യോജന എന്ന സംയോജിത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ആത്മ, ആത്മ പ്ലസ്, സമൂഹമാധ്യമങ്ങളുടെ സാധ്യതകൾ, കർഷകരുടെ പ്രായോഗിക അനുഭവങ്ങളും കണ്ടുപിടിത്തങ്ങളും, ലീഡ്സ് എന്നീ ഘടകങ്ങൾ സംയോജിപ്പിച്ച് കൊണ്ടുള്ള ഒരു പദ്ധതിയാണ് കേരള അഗ്രിക്കൾച്ചറൽ ഇന്നൊവേഷൻ എക്സ്റ്റൻഷൻ പ്രോജക്ട് (കെ.എ.ഐ.ഇ.പി). ഇതിനായി 1820.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഈ പദ്ധതിയിലൂടെ 941 പഞ്ചായത്തുകളിൽകൂടി ലീഡ്സ് വ്യാപിപ്പിക്കുന്നതായിരിക്കും. പഞ്ചായത്തുകളിൽ രൂപീകരിക്കുന്ന ടെക്നോളജി മാർക്കറ്റ് യൂണിറ്റുകൾ മുഖേനയാണ് പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്. പ്രാരംഭപദ്ധതിയായി ഇടുക്കിയിലും വയനാട്ടിലുമായി രണ്ട് ഡിസ്ട്രിക്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ ആന്റ് മാർക്കറ്റിംഗ് ഓർഗനൈസേഷൻ (ഡി.എഫ്.പി.എം.ഒ) സ്ഥാപിക്കുന്നതായിരിക്കും. വിപണിയിലെ വിവരങ്ങൾ ശേഖരിച്ചും , സാങ്കേതിക സഹായത്തോടുകൂടിയും, മറ്റ് സ്ഥാപനങ്ങളുമായി സഹകരിച്ചും, ഉല്പന്നങ്ങളുടെ വിപണനത്തിന് സഹായകമാകുന്നതിനും വേണ്ടിയാണിത്. ഓരോ ബ്ലോക്കിലും അധികമായ ഒരു അസിസ്റ്റന്റ് ടെക്നോളജി മാനേജറെ (നിലവിൽ ലീഡ്സ് പഞ്ചായത്തിലുള്ള ഫീൽഡ് അസിസ്റ്റന്റ് മാതൃകയിൽ) നൽകുന്നതായിരിക്കും. ഇതിലൂടെ, നിലവിൽ ലീഡ്സ് ഉള്ള ജില്ലകളായ വയനാട്, കണ്ണൂർ, പാലക്കാട്, കൊല്ലം എന്നിവയ്ക്കു പുറമേ സംസ്ഥാനം മുഴുവനും ലീഡ്സ് പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുവാനും , പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സഹായിക്കും. ലീഡ്സ്, ആത്മ പ്ലസ് , പ്രതിമാസ സാങ്കേതിക ഉപദേശങ്ങൾ തയ്യാറാക്കൽ, പഞ്ചായത്ത് റിസോഴ്സ് ഗ്രൂപ്പ്, പഞ്ചായത്ത് ഫാം പ്ലാന്റ്, ബ്ലോക്ക് തലത്തിൽ ഫാം മോഡലുകൾ സ്ഥാപിക്കുക , റിസർച്ച് സ്ഥാപനങ്ങളുടെ മോഡൽ ഫാമുകളിലേയ്ക്ക് വിദഗ്ധർ/ഉദ്യോഗസ്ഥർ, കർഷകർ എന്നിവരുടെ സന്ദർശനം എന്നീ ഘടകങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. തുറന്ന ലേലത്തിലൂടെ (ഓപ്പൺ ബിഡ്ഡിംഗ്) തിരഞ്ഞെടുക്കുന്ന സ്ഥാപനമായിരിക്കും ഇതിന്റെ മേൽനോട്ടം നടത്തുക.

ആർ.എ.റ്റി.റ്റി.സികളെ 2019-20-ൽ ശക്തിപ്പെടുത്തി സമേതിയുടെ സാറ്റലൈറ്റ് സെന്ററാക്കുന്നതിനുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുവേണ്ടി 400.00 ലക്ഷം രൂപ വകയിരുത്തി യിരിക്കുന്നു. അടിസ്ഥാന സൗകര്യങ്ങൾ, വാടകയ്ക്കായുള്ള വിഹിതം, കരാർ അടിസ്ഥാനത്തിലുള്ള നിയമനം ഇവ ഉൾക്കൊള്ളിച്ചുകൊണ്ട് ആത്മ പ്രോജക്ട് ഡയറക്ടറേറ്റ്

ശക്തിപ്പെടുത്തുന്നതാണ്. ഇതിനായി 65.00 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു. ഓരോ പ്രോജക്റ്റ് ഡയറക്ടറേറ്റിനും കൃഷി, മൃഗസംരക്ഷണം, ഫിഷറീസ് മേഖലകളുമായി ബന്ധപ്പെടുന്ന ജില്ലാ ടെക്നോളജി മാനേജർമാർ തുടരുന്നതിനുള്ള മാനവ വിഭവ സഹായമായി 200.00 ലക്ഷം രൂപ വകയിരുത്തുന്നു. ജില്ലാതലത്തിൽ നിലവിലുള്ള ജില്ലാ ടെക്നോളജി മാനേജർമാരുടെ ഹോണറേറിയം 30000 രൂപയാണ്. യാത്രാചെലവ് ഒഴികെയാണിത്. കോഴിക്കോടും പന്തളത്തുമുള്ള കർഷക കേന്ദ്ര (എഫ്.റ്റി.സി)ങ്ങളിൽ ഓരോ കൃഷി ഓഫീസർമാരെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള സഹായം ഉൾപ്പെടുത്തിയിട്ടുണ്ട്.

ഫലപ്രദമായ വിജ്ഞാന വ്യാപന സേവനത്തിനായി എല്ലാ പ്രോജക്റ്റ് ഡയറക്ടറേറ്റുകൾക്കും പ്രവർത്തന ചെലവിനും വാഹനം വാടകയ്ക്ക് എടുക്കുന്ന ചെലവിനുമായ 100.00 ലക്ഷം രൂപ വകയിരുത്തുന്നു.

ആത്മയിലൂടെ നടപ്പിലാക്കുന്ന സംയോജിത കാർഷിക സമ്പ്രദായ മാതൃകകളുടെ നിലവിലുള്ള ഘടകങ്ങൾ കൂടുതൽ സംരംഭങ്ങളോടും സാങ്കേതിക സഹായത്തോടും കൂടി ശക്തിപ്പെടുത്തി പുന:സംഘടിപ്പിക്കുന്നതാണ്.

മീറ്റിംഗുകൾ, അവലോകനയോഗങ്ങൾ, അവാർഡുജേതാക്കളായ കർഷകരുടെ ഫീൽഡ് സന്ദർശനം, കർഷകസഭ, ഞാറ്റുവേല ചന്തകൾ എന്നിവയ്ക്കായി 775.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 500.00 ലക്ഷം രൂപ താഴെ പറയുന്നവയ്ക്ക് വേണ്ടിയാണ്.
'വൈഗ' സംഘടിപ്പിക്കുന്നതിനായി മാർക്കറ്റിംഗിനു കീഴെ എസ് .എഫ്.എ.സി ക്ക് നൽകിയിരിക്കുന്ന വിഹിതത്തിനു പുറമേയുള്ള അധിക വിഹിതം – 100.00 ലക്ഷം രൂപ
സുരക്ഷിത ഭക്ഷണം/ജൈവകർഷകരുടെ ഉല്പന്നങ്ങളുടേയും സാങ്കേതിക വിദ്യയുടേയും അന്താരാഷ്ട്ര പ്രദർശനത്തിനും, ബാലശാസ്ത്ര കാർഷിക കോൺഗ്രസ്സിനും – 250.00 ലക്ഷം രൂപ
നിയുക്ത ഏജൻസികൾ മുഖേന അഗ്രോ ക്ലൈമാറ്റിക് പ്രദേശങ്ങൾ തിരിച്ചുള്ള കാർഷിക ഉത്സവങ്ങൾ - 100.00 ലക്ഷം രൂപ കാർഷിക കലണ്ടർ ആധാരമാക്കിയുള്ള ഉൽസവങ്ങളും കർഷക കൂട്ടായ്മയും – 50.00 ലക്ഷം രൂപ നെല്ല് വികസനം, പച്ചക്കറി വികസനം, ജൈവകൃഷി, കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തിയിരുന്ന അവാർഡിനുള്ള ഘടകങ്ങൾ എല്ലാം സംയോജിപ്പിച്ച് 'മികച്ച പ്രകടനത്തിനുള്ള അവാർഡ്' എന്നതിൽ ഉൾപ്പെടുത്തിയിരിക്കുന്നു . 325.00 ലക്ഷം രൂപയാണ് ഇതിനായി വകയിരുത്തിയിരിക്കുന്നത്.

തുടർന്നുകൊണ്ടിരിക്കുന്ന ഘടകമായ സംയോജിത മാതൃകാ കൃഷി യൂണിറ്റുകൾ കൂടുതൽ സാങ്കേതിക സഹായത്തോടു കൂടി ശക്തിപ്പെടുത്തുകയും , പുനസംഘടിപ്പിക്കുകയും ചെയ്യുന്നതായിരിക്കും. കാർഷിക നാശനഷ്ടത്തിനു പുറമേ, കന്നുകാലികൾ നഷ്ടപ്പെട്ടതു മൂലം യൂണിറ്റുകൾക്കുണ്ടായ നാശനഷ്ടങ്ങൾ കൂടി പരിഗണിക്കുന്ന തരത്തിൽ വിശദമായ ഒരു പദ്ധതി തയ്യാറാക്കുന്നതാണ്. സംയോജിത മാതൃകാ കൃഷി യൂണിറ്റുകൾക്ക് 2019-20 ൽ 750.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

വകുപ്പിൽ സോഷ്യൽ ആഡിറ്റ് നടപ്പാക്കുന്നതിനുള്ള പ്രവർത്തന ചെലവിനായി75.00 ലക്ഷം രൂപ വകയിരുത്തുന്നു. ഘടകങ്ങൾ തിരിച്ചുള്ള പദ്ധതി വിഹിതം താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | തുക (ലക്ഷം രൂപ) |
|---|---|---|
| 1 | ആർ.എ.റ്റി.റ്റി.സി കളും എഫ്.റ്റി.സികളും ശക്തിപ്പെടുത്തുന്നതിന് | 400.00 |
| 2 | കേരള അഗ്രിക്കൾച്ചറൽ ഇന്നൊവേഷൻ എക്സ്റ്റൻഷൻ പ്രോജക്ട് (കെ.എ.ഐ.ഇ.പി) | 1820.00 |
| 3 | സമേതിക്കുള്ള സഹായം | 25.00 |
| 4 | ആത്മ പ്രോജക്ട് ഡയറക്ടറേറ്റ് ശക്തിപ്പെടുത്തൽ | 65.00 |
| 5 | മികച്ച പ്രകടനത്തിനുള്ള അവാർഡുകൾ | 325.00 |
| 6 | പ്രോജക്ട് ഡയക്ടറേറ്റിനും എക്സ്റ്റൻഷൻ വിഭാഗത്തിനുള്ള മാനവ വിഭവ സഹായം | 200.00 |
| 7 | ഫീൽഡ് അസിസ്റ്റന്റുമാർ, ബ്ലോക്ക് ടെക്നോളജി മാനേജർമാർ ഇവർക്കായി തുടർച്ചയായുള്ള പരിശീലനം | 10.00 |
| 8 | ആത്മയ്ക്കായി വാഹനങ്ങൾ വാടകയ്ക്ക് കൊടുക്കുന്നതിനും പ്രവർത്തന സഹായത്തിനും | 100.00 |
| 9 | പൊതുജന പങ്കാളിത്തം | 775.00 |
| 10 | സംയോജിത കൃഷി സമ്പ്രദായ മോഡലുകൾ/പദ്ധതികൾ | 750.00 |
| 11 | സോഷ്യൽ ആഡിറ്റ് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തന ചിലവ് | 75.00 |
| | **ആകെ** | **4545.00** |

കാർഷിക വിജ്ഞാന വ്യാപനത്തിന്റെ കീഴിൽ നേരത്തെ ഉണ്ടായിരുന്ന ഘടകങ്ങളായ ആത്മ, ആത്മപ്ലസ്, ലീഡ്സ് മുതലായവ കെ.എ.ഐ.ഇ.പി എന്ന സംയോജിത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

| | | |
|---|---|---|
| **12)** | **കാർഷിക വിവരവും വിനിമയവും** | **ശീർഷകം : 2401-00-109-84** |
| | | **വിഹിതം: 500.00 ലക്ഷം രൂപ** |

കാർഷിക വികസനത്തിനുവേണ്ടിയുള്ള വിജ്ഞാനവും വിനിമയ സഹായവും ഫാം ഇൻഫർമേഷൻ ബ്യൂറോവഴി നടപ്പിലാക്കി വരുന്നു വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിൽ പ്രിന്റ് ഇലക്ട്രോണിക് മീഡിയയുടെ സഹായത്തോടെ സാങ്കേതിക വിദ്യ കൈമാറ്റവികസനമാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിച്ചിട്ടുള്ളത്. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ സംസ്ഥാന യൂണിറ്റ് തിരുവനന്തപുരത്തും മേഖലാ യൂണിറ്റുകൾ എറണാകുളത്തും കോഴിക്കോട്ടും പ്രവർത്തിച്ചുവരുന്നു കാർഷിക വിവര സേവനവും അതുമായി ബന്ധപ്പെട്ട പരിപാടികളും വിപുലീകരിക്കുന്നതിനായി ഉദ്ദേശിക്കുന്നു സൈബർ വിജ്ഞാന വ്യാപനത്തിലേക്ക് നയിക്കുന്ന ദൈനംദിന വിവരങ്ങൾ കൃത്യമായി അറിയിക്കുന്നതിനും എത്തിച്ചു കൊടുക്കുന്നതിനും പര്യാപ്തമായ എല്ലാവിധ നവീന

സൗകര്യങ്ങളോടുകൂടി ഒരു സെന്റർ സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത് 'കിസ്സാൻ പ്രോജക്ട്' ഫാം ഇൻഫർമേഷൻ ബ്യൂറൊ വഴി നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ചിരിക്കുന്നു. കിസ്സാൻ പ്രോജക്ടിന്റെ പദ്ധതി അധിഷ്ഠിത സഹായമായി 60.00 ലക്ഷം രൂപ വകയിരുത്തുന്നു. ഘടകങ്ങൾ തിരിച്ചുള്ള പദ്ധതി നിഹിതം താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | വിഹിതം (ലക്ഷം രൂപ) |
|---|---|---|
| 1 | കേരള കർഷകനും, എഫ്.ഐ.ബിയിലെ മറ്റു ഡിവിഷനുകളും | 270.00 |
| 2 | പ്രസിദ്ധീകരണങ്ങൾ | 40.00 |
| 3 | മാധ്യമ സഹകരണം | 80.00 |
| 4 | റേഡിയോ ഉൾപ്പെടെയുള്ള മറ്റ് വിനിമയ പ്രവർത്തനങ്ങൾ | 50.00 |
| 5 | കിസ്സാൻ പ്രോജക്ട് | 60.00 |
| | **ആകെ** | **500.00** |

| 13) | മാനവശേഷി വികസനം | ശീർഷകം : 2415-01-277-98 |
|---|---|---|
| | | വിഹിതം: 275.00 ലക്ഷം രൂപ |

2012-13 മുതൽ വിജ്ഞാന വ്യാപന പദ്ധതി നടപ്പിലാക്കുവാൻ സഹായിക്കുന്ന തരത്തിൽ കാർഷിക വിജ്ഞാന വ്യാപനം, അഗ്രിക്കൾച്ചറൽ എക്കണോമിക്സ്, എന്റമോളജി, പ്ലാന്റ് പാത്തോളജി, അഗ്രോണമി, സോയിൽ സയൻസ് എന്നീ ആറ് വകുപ്പുകളിൽ കൃഷി വകുപ്പിലെ സാങ്കേതിക ഉദ്യോഗസ്ഥർക്ക് ബിരുദാനന്തര കോഴ്സുകൾ പഠിക്കുന്നതിനുള്ള പരിപാടി നടപ്പിലാക്കുന്നുണ്ട്. 2019-20-ലും ഇത് തുടരേണ്ടതായിട്ടുണ്ട്. കാർഷിക സർവ്വകലാശാല ഈ 6 കോഴ്സുകൾക്കും പ്രത്യേകം സീറ്റ് നീക്കിവെയ്ക്കുന്നതാണ്. ദേശീയ തലത്തിൽ നടക്കുന്ന സെമിനാറിലും ശിൽപ്പശാലകളിലും കൃഷി വകുപ്പിലെ സീനിയർ ഉദ്യോഗസ്ഥന്മാർക്ക് പങ്കെടുക്കുന്നതിനു വേണ്ടി വരുന്ന ചെലവും വിഹിതത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ജില്ലാ തലത്തിൽ ഈ പദ്ധതി ആത്മ പ്രോജക്ട് ഡയറക്ടർ ഏകോപിപ്പിക്കുന്നതാണ്. കൃഷി വകുപ്പിലെ സാങ്കേതിക ഉദ്യോഗസ്ഥന്മാർക്ക് അവരുടെ കഴിവ് മെച്ചപ്പെടുത്തുന്നതിനു വേണ്ടി രാജ്യത്തെ പ്രമുഖ സ്ഥാപനങ്ങളിൽ ഹ്രസ്വകാല പരിശീലനങ്ങൾക്ക് പങ്കെടുക്കുന്നതിനു വേണ്ടിവരുന്ന ചെലവും ഈ വിഹിതത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

വിജ്ഞാന വ്യാപന വിഭാഗത്തിലേയും പരിശീലന കേന്ദ്രങ്ങളിലേയും ഉദ്യോഗസ്ഥർക്ക് ദേശീയ തലത്തിലെ സ്ഥാപനങ്ങളിൽ നിന്നുള്ള വിദഗ്ധരിൽ നിന്നും കാര്യശേഷി വർദ്ധനവിനായുള്ള പരിശീലനത്തിനും സമേതിയിലൂടെയുള്ള മാനേജ്മെന്റ് ഡെവലപ്പ്മെന്റ് പരിപാടിക്കുമായി 75.00 ലക്ഷം രൂപ വകയിരുത്തുന്നു.

എൻ.ഐ.പി.എച്ച്.എംമുമായി സഹകരിച്ച് വിള ആരോഗ്യ പരിപാലന പദ്ധതിയിലുള്ള കാര്യശേഷി വർദ്ധനവിനുള്ള പരിപാടികൾ തുടരുന്നതാണ് . എൻ.ഐ.പി.എച്ച്.എം

ഹൈദരാബാദുമായി സഹകരിച്ച് കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർക്കായി സമേതിയിൽ നടപ്പിലാക്കി വരുന്ന പ്ലാന്റ് ഹെൽത്ത് മാനേജ്മെന്റിൽ പി.ജി, ഡിപ്ലോമ കോഴ്സിനും സഹായം നൽകുന്നതാണ്. കാര്യശേഷി വർദ്ധനവിന് വകയിരുത്തിയ 50.00 ലക്ഷം രൂപയിൽ നിന്നും പി.ജി.ഡി. എച്ച്.എം കോഴ്സിന് ചേർന്ന ഉദ്യോഗസ്ഥർ ഏറ്റെടുക്കുന്ന പദ്ധതികൾക്കും വിനിയോഗിക്കാവുന്നതാണ്. ഘടകങ്ങൾ തിരിച്ചുള്ള പദ്ധതി വിഹിതം താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | *വിഹിതം (ലക്ഷം രൂപ)* |
|---|---|---|
| 1 | മാനവ ശേഷി വികസന പ്രവർത്തനങ്ങൾ | 150.00 |
| 2 | ദേശീയതലത്തിലുള്ള സ്ഥാപനങ്ങളിലൂടെ കാര്യശേഷി വർദ്ധനവും സമേതിയിലൂടെയുള്ള മാനേജ്മെന്റ് ഡെവലപ്പ്മെന്റ് പരിപാടിയും | 75.00 |
| 3 | എൻ.ഐ.പി.എച്ച്.എം മുമായി സഹകരിച്ചു കൊണ്ട് കാര്യശേഷി വർദ്ധനവും പ്ലാന്റ് ഹെൽത്ത മാനേജ്മെന്റിൽ പി.ജി ഡിപ്ലോമയും | 50.00 |
| | **ആകെ** | **275.00** |

| 14) | കാർഷിക സേവന കേന്ദ്രങ്ങളും, സേവന സംവിധാനവും | ശീർഷകം : 2401-00-113-83 |
|---|---|---|
| | | വിഹിതം: 1810.00 ലക്ഷം രൂപ |
| | | ശീർഷകം : 4401-00-113-98 |
| | | വിഹിതം: 670.00 ലക്ഷം രൂപ |

യന്ത്രവത്ക്കരണം, ആത്മ അടിസ്ഥാനത്തിൽ വിജ്ഞാന വ്യാപനം, വായ്പാസഹായം, കാലാവസ്ഥാ ഉപദേശ സേവനം, മണ്ണുപരിശോധന സഹായം, മറ്റു സാങ്കേതിക സഹായം നൽകുന്നതടക്കമുള്ള സേവനങ്ങൾ സംയോജിപ്പിച്ച് നൽകുന്നതിനുവേണ്ടിയാണ് ബ്ലോക്ക് തലത്തിൽ കാർഷിക സേവനകേന്ദ്രങ്ങൾ സ്ഥാപിച്ചിരിക്കുന്നത്. കർഷകർക്ക് ആവശ്യമായ എല്ലാ സേവനങ്ങളും ഒരേ കേന്ദ്രത്തിൽ നിന്നും നൽകുന്നതിലേക്കായി അവരുടെ വിവധ ആവശ്യങ്ങൾ പ്രധാനമായും കാർഷിക ഉത്പാദനോപാധികൾ, വിപണനം, വായ്പാ വിവരങ്ങൾ തുടങ്ങിയവ ഒരു പൊതുസേവന കേന്ദ്രത്തിൻ കീഴിൽ കൊണ്ടുവരേണ്ടതാണ്. ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് കാർഷിക സേവനകേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുള്ളത്. സാങ്കേതിക വിദ്യ കൈമാറ്റത്തിനും സേവന സംവിധാനത്തിനും , വേണ്ട സഹായം ഒന്നാംഘട്ടത്തിൽ ബ്ലോക്ക് തലത്തിൽ രൂപീകരിച്ചിട്ടുള്ള കാർഷിക സേവന കേന്ദ്രങ്ങൾ നൽകുന്നതായിരിക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇവയ്ക്കാവശ്യമായ തുടർ അടിസ്ഥാന സൗകര്യങ്ങൾ നൽകുമെന്ന് പ്രതീക്ഷിക്കുന്നു. സ്ഥല സന്ദർശനം അടക്കമുള്ളവ പ്രോത്സാഹിപ്പിച്ചുകൊണ്ടുള്ള സാങ്കേതിക വിവര വിതരണ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ടുള്ള

സ്ഥാപനങ്ങളായി ഇവ പ്രവർത്തിക്കുന്നതായിരിക്കും. കൃഷി സ്ഥലങ്ങളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ദൃശ്യ ശ്രാവ്യ സംവിധാനങ്ങളോട്ടുകൂടി ഓൺ ലൈൻ സഹായത്തോടെയുള്ള സഞ്ചരിക്കുന്ന ഒരു ഫാം ക്ലിനിക്ക് ബ്ലോക്ക് തലത്തിൽ സ്ഥാപിക്കുന്നതായിരിക്കും. ആത്മയുടെ പ്രവർത്തനങ്ങളും അതോടൊപ്പം യന്ത്രവൽക്കരണത്തിന് വേണ്ട സഹായവും ഈ കാർഷിക സേവനകേന്ദ്രങ്ങൾ നൽകുന്നതായിരിക്കും. സഹകരണ വകുപ്പിന്റെ കീഴിൽ ബ്ലോക്കുതലത്തിൽ സ്ഥാപിച്ചിട്ടുള്ള കർഷക സേവനകേന്ദ്രങ്ങൾ, കാർഷിക സേവനകേന്ദ്രങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ട് ഉത്പാദനോപാധികളുടെ വിതരണത്തിനായി പ്രവർത്തിക്കുന്നതായിരിക്കും. 2019-20 ൽ 20 പുതിയ സെന്ററുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിച്ചിരിക്കുന്നു.

ഭരണതലത്തിലുള്ള ജോലിബാഹുല്യവും കുറയ്ക്കുന്നതിലേക്കായി കൃഷിഭവനുകൾ മുതൽ ഡയറക്ടറേറ്റ് വരെയുള്ള പ്രവർത്തനത്തെ നിരീക്ഷിക്കുന്ന തരത്തിലുള്ള ഒരു സമഗ്ര സോഫ്റ്റ് വെയറും, കമ്പ്യൂട്ടർവത്ക്കരണവും ഇന്റർനെറ്റ് കണക്ഷനും, വാഹനസൗകര്യങ്ങളും 2012-13-ൽ ഏർപ്പെടുത്തിയിട്ടുണ്ട്. 2012-13 മുതൽ കർഷകർക്കുള്ള എല്ലാ സബ്സിഡികളും ബാങ്ക് അക്കൗണ്ട് വഴി വിതരണം നടത്തുന്നുണ്ട്. സോഫ്റ്റ് വെയർ വികസനവും ഡാറ്റാ എൻട്രി ഉൾപ്പെടെയുള്ള ഇ -പേയ്മെന്റ് സമ്പ്രദായത്തിനുള്ള സഹായവും ഇതിൽ നിന്നും വഹിക്കാവുന്നതാണ്. ഇ-പേയ്മെന്റ് സമ്പ്രദായത്തിന്റെ നടത്തിപ്പിനായി കരാർ അടിസ്ഥാനത്തിൽ ബ്ലോക്ക് തലത്തിൽ എൻ.ഇ.ജി.പി-യിലൂടെ നിയമിച്ചിട്ടുള്ള ജീവനക്കാരെ പരമാവധി ഒരു വർഷത്തേക്ക് നിയമിക്കുന്നതിനായി 425.00 ലക്ഷം രൂപ വകയിരുത്തുന്നു. തിരഞ്ഞെടുത്ത കാർഷിക കേന്ദ്രങ്ങൾ മുഖേന മണ്ണ് പരിശോധന ലാബുകൾ സ്ഥാപിക്കുന്നതിനായി 10.00 ലക്ഷം രൂപ വകയിരുത്തുന്നു. അംഗീകരിച്ച മാനദണ്ഡപ്രകാരം ആയിരിക്കും ഇവ സ്ഥാപിക്കുന്നത്.

കേന്ദ്രങ്ങളുടെ മറ്റു പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 320.00 ലക്ഷം രൂപ വകയിരുത്തുന്നു. സെന്ററുകൾ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ഒരു വർഷം കൂടി പ്രവർത്തന സഹായം നൽകുന്നതാണ്. ബയോഫാർമസികൾ, നഴ്സറികൾ എന്നിവ എല്ലാ കൃഷി സേവന കേന്ദ്രങ്ങളിലും സ്ഥാപിക്കുന്നതിനും മറ്റ് സേവനങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. സേവനങ്ങൾ കഴിയുന്നത്ര കാർഷിക കർമ്മ സേനയുടെ പ്രവർത്തനങ്ങളുമായി സംയോജിപ്പിക്കണം

തിരഞ്ഞെടുത്ത കാർഷിക കർമ്മ സേനയുടെ സഹായത്തിനായും പുതിയ കർമ്മസേന രൂപീകരിക്കുന്നതിനുമായി 200.00 ലക്ഷം രൂപ വകയിരുത്തുന്നു ധനസഹായം നൽകുന്നതിനുമുമ്പായി എല്ലാ കാർഷിക സേവന കേന്ദ്രങ്ങളുടെയും കാർഷിക കർമ്മ സേനകളുടെയും പ്രവർത്തനം വിലയിരുത്തേണ്ടതാണ്

കാർഷിക കർമ്മസേനയുടേയും കാർഷിക സേവന കേന്ദ്രത്തിലേയും രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകർക്കും അംഗങ്ങൾക്കും അപകട ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനായി ഗുണഭോക്തൃ വിഹിതം ഉൾപ്പെടുത്തിക്കൊണ്ട് ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി

ആരംഭിക്കുന്നതിന് ഉദ്ദേശിച്ചിരിക്കുന്നു ഇതിനുള്ള പ്രീമിയം തുക ഒടുക്കുന്നതിനായി 20.00 ലക്ഷം രൂപ വകയിരുത്തുന്നു.

കാർഷിക സേവന കേന്ദ്രങ്ങളുടെയും കാർഷിക കർമ്മ സേനയുടെയും പ്രവർത്തനങ്ങൾക്ക് മാർഗ്ഗ നിർദ്ദേശം നൽകുന്നതിനായി രൂപീകരിച്ചിട്ടുള്ള അപെക്സ് ബോഡി കാർഷിക സേവന കേന്ദ്രങ്ങളും കാർഷിക കർമ്മ സേനയും തമ്മിൽ യോജിച്ച് പ്രവർത്തിക്കുന്നതിനുള്ള ഘടന രൂപീകരിച്ചിട്ടുണ്ട്. അഗ്രോ മെഷീനറി സർവ്വീസ് സെന്ററുകൾ ജില്ല/റീജിയണൽ തലത്തിൽ സ്ഥാപിച്ച് ഇതിന്റെ പ്രവർത്തനങ്ങൾ കൃഷി വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ അപെക്സ് ബോഡി ഏകോപിപ്പിക്കുന്നതാണ്. മെഷീനറികളുടെ അറ്റകുറ്റപ്പണികൾക്കായി അഗ്രോ സർവ്വീസ് സെന്ററുകളിൽ ഐ.റ്റി.ഐ പരിശീലനം ലഭിച്ചവരുടെ സേവനം ലഭ്യമാണെങ്കിൽ ഉപയോഗപ്പെടുത്താവുന്നതാണ്. ഈ പദ്ധതിയുടെ 15 ശതമാനം ഗുണഭോക്താക്കൾ വനിതകളായിരിക്കും. ഘടകങ്ങൾ തിരിച്ചുള്ള പദ്ധതി വിഹിതം താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | വിഹിതം *(ലക്ഷം രൂപ)* | ശീർഷകം |
|---|---|---|---|
| 1 | പുതിയ കാർഷിക സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് | 640.00 | 4401-00-113-98 |
| 2 | പ്രവർത്തന ചെലവുകൾക്ക് (മൊബൈൽ ക്ലിനിക്കുകളുടെ വേതനം ഉൾപ്പെടെ) | 190.00 | 2401-00-113-83 |
| 3 | ബ്ലോക്കുതല ആഫീസുകൾക്കും പ്ലാന്റ് ക്ലിനിക്കുകൾക്കും ആധുനീകരണത്തിനായി അടിസ്ഥാന സൗകര്യ വികസനം | 30.00 | 4401-00-113-98 |
| | | 170.00 | 2401-00-113-83 |
| 4 | കാർഷിക കർമ്മസേനയ്ക്കുള്ള സഹായം | 200.00 | 2401-00-113-83 |
| 5 | തെരഞ്ഞെടുത്ത കാർഷിക സേവന കേന്ദ്രങ്ങളിൽ മണ്ണുപരിശോധനാ ലാബുകൾ | 10.00 | 2401-00-113-83 |
| 6 | കൃഷി ഭവനുകളിലെ വാഹനങ്ങൾക്കുള്ള പ്രവർത്തന സഹായം | 50.00 | 2401-00-113-83 |
| 7 | നിലവിലുള്ള കാർഷിക സേവന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുന്നതിന് | 320 | 2401-00-113-83 |
| 8 | കാർഷിക കർമ്മസേനയിലേയും കാർഷിക സേവന കേന്ദ്രത്തിലേയും കർഷകർക്കും അംഗങ്ങൾക്കുമുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി | 20.00 | 2401-00-113-83 |
| 9 | NeGP – ഡേറ്റാ എൻട്രിക്കുള്ള വിഹിതം | 425.00 | 2401-00-113-83 |

| | | | |
|---|---|---|---|
| 10 | കാർഷിക സേവന കേന്ദ്രങ്ങളുടെ ഫലപ്രദമായ ഏകോപനത്തിനായി രൂപീകരിച്ചിട്ടുള്ള അപെക്സ് ബോഡിയുടെ പ്രവർത്തന ചെലവുംമേൽനോട്ടത്തിനായി സോഫ്റ്റ് വെയർ വികസിപ്പി ച്ചെടുക്കുന്നതിനും കാർഷിക സേവന കേന്ദ്രങ്ങളുടേയും കാർഷിക കർമ്മസേനയുടെയും നൈപുണ്യ വികസനം ഉൾപ്പെടെയുള്ള കാര്യശേഷി വികസനം, അഗ്രോ മെഷിനറി സർവ്വീസ് സെന്ററുകൾ | 425.00 | 2401-00-113-83 |
| | **ആകെ** | **2480.00** | |

**റിസ്ക് മാനേജ്മെന്റ്**

| | | |
|---|---|---|
| **15)** | **സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി** | **ശീർഷകം : 2401-00-110-82** |
| | | **വിഹിതം: 2000.00 ലക്ഷം രൂപ** |

സംസ്ഥാനത്ത് 25 പ്രധാനപ്പെട്ട വിളകളെ ഉൾപ്പെടുത്തിക്കൊണ്ട് 1995 മുതൽ നിലവിലുള്ള വിള ഇൻഷ്വറൻസ് പദ്ധതി 2016-17 ൽ വിള നഷ്ടപരിഹാര തുകയിൽ കാര്യമായ വർദ്ധനവ് വരുത്തിക്കൊണ്ട് പുനസംഘടിപ്പിച്ചിട്ടുണ്ട്. ഇതിൽ അംഗങ്ങളായ കർഷകരിൽ നിന്നും പ്രീമിയം, രജിസ്ട്രേഷൻ ഫീസ്, സർക്കാരിൽ നിന്നുള്ള സംഭാവന എന്നിവ സ്വരൂപിച്ചാണ് വിള ഇൻഷ്വറൻസ് ഫണ്ട് രൂപീകരിക്കുന്നത്. നിലവിലുള്ള വിളകൾക്ക് കൂടാതെ മില്ലറ്റുകൾക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതായിരിക്കും. ഈ പദ്ധതിക്കായി 2000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

| | | |
|---|---|---|
| **16)** | **പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനും കീടരോഗ ബാധനിയന്ത്രണത്തിനുമുള്ള അടിയന്തിര പരിപാടി** | **ശീർഷകം : 2401-00-800-91** |
| | | **വിഹിതം: 750.00 ലക്ഷം രൂപ** |

അവിചാരിതമായ കാരണങ്ങളാൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് അത്തരം സന്ദർഭങ്ങൾ നേരിടുന്നതിനായി നെൽവിത്തിന്റെയും മറ്റു കാർഷിക വിളകളുടെയും ഒരു കരുതൽ ശേഖരം ഉണ്ടാക്കുന്നതിനാണ് തുക വകകൊള്ളിച്ചിരിക്കുന്നത്. വെള്ളപ്പൊക്കം തടയാനായി ബണ്ട് ശക്തിപ്പെടുത്തുന്നതിനും മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും അവശ്യാധിഷ്ഠിത സഹായം നൽകുന്നതാണ്. 2019-20-ൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 750.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**ജൈവവൈവിധ്യ സംരക്ഷണവും കാർഷിക വൈവിധ്യവത്ക്കരണവും**

| | | |
|---|---|---|
| **17)** | **നാടൻ വിത്തിനങ്ങളുടെ ജൈവവൈവിധ്യ സംരക്ഷണവും പ്രോത്സാഹനവും** | **ശീർഷകം : 2401-00-103-77** |
| | | **വിഹിതം: 50.00 ലക്ഷം രൂപ** |

നെല്ല്, മില്ലറ്റുകൾ ഉൾപ്പെടെ വിവിധ വിളകളുടെ പരമ്പരാഗത ഇനങ്ങളും നാടൻ ഇനങ്ങളും പ്രത്യേകിച്ചും പട്ടിക വർഗ്ഗ പ്രദേശങ്ങളിലുള്ളത് സംരക്ഷിക്കുന്നതിനായി ഇത്തരം ഇനങ്ങളുടെ വിത്തുകൾ കൃഷി ചെയ്യുന്നതിനും വിത്തുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുമായി പട്ടിക വർഗ്ഗക്കാർ, കർഷക ക്ലസ്റ്ററുകൾ, എൻ.ജി.ഒ-കൾ മറ്റ് സംഘടനകൾ എന്നിവയ്ക്ക് സഹായം നൽകുന്നതിന് ഉദ്ദേശിച്ചിരിക്കുന്നു. മറ്റ് പ്രദേശങ്ങളിലും ഈ തരത്തിലുള്ള കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പരമ്പരാഗത ഇനങ്ങളുടെ വിത്തുകൾ സംഭരിക്കുന്നതിനും വിതരണം നടത്തുന്നതിനും വിഹിതം ഉപയോഗിക്കാവുന്നതാണ്. വിവിധ വിളകളുടെ പരമ്പരാഗത ഇനങ്ങളും മറ്റ് ഇനങ്ങളും സംരക്ഷിക്കുന്നതിനായി ആധുനിക സീഡ് ബാങ്ക് സ്ഥാപിക്കുന്നതാണ്. ഇതിനായി 50.00 ലക്ഷം രൂപ വകയിരുത്തുന്നു.

**പുതിയ പദ്ധതികൾ**

| | | |
|---|---|---|
| **18)** | **കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനുള്ള പദ്ധതി (പുതിയ പദ്ധതി)** | **ശീർഷകം : 2401-00-119-78** |
| | | **വിഹിതം: 2000.00 ലക്ഷം രൂപ** |

കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനായി 2000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ആവശ്യത്തിനുള്ള പശ്ചാത്തല സൌകര്യങ്ങൾ ഒരുക്കുന്നതിനും , നഷ്ടങ്ങൾ നികത്തുന്നതിനുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത് . ആകെയുള്ള പദ്ധതി വിഹിതത്തിൽ നിന്നും 1500.00 ലക്ഷം രൂപ കുട്ടനാട് ആവാസ വ്യവസ്ഥയുടെ (കുട്ടനാട് വെറ്റ്ലാന്റ് ഇക്കോസിസ്റ്റം) പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള 'റിസ്ക് മാനേജ്മെന്റ് പാക്കേജിനായി' വകയിരുത്തിയിരിക്കുന്നു. ഈ പ്രദേശത്തെ കൃഷി രീതികളിൽ വരുന്ന വ്യത്യാസങ്ങൾ/മാറ്റങ്ങൾ മൂലം ഉണ്ടാകാവുന്ന നഷ്ടങ്ങൾ നികത്തുന്നതിനുവേണ്ടിയാണിത്.

പരമ്പരാഗത പെട്ടി, പറ സമ്പ്രദായം മാറ്റി പകരം വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പ്/സബ്മേഴ്സിബിൾ പമ്പ്സെറ്റുകൾ (10-50 എച്ച്.പി) എന്നിവ സ്ഥാപിക്കുന്നതിനും, ഇവ സ്ഥാപിക്കുന്നതിനുള്ള ഉയർന്ന തിട്ടകൾ പണിയുന്നതിനുമായി 500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു

| | | |
|---|---|---|
| **19)** | **കവുങ്ങ് കൃഷിയ്ക്കുള്ള പ്രത്യേക പദ്ധതി (പുതിയ പദ്ധതി)** | **ശീർഷകം : 2401-00-108-56** |
| | | **വിഹിതം: 200.00 ലക്ഷം രൂപ** |

നമ്മുടെ സംസ്ഥാനത്തെ , പ്രത്യേകിച്ച് വടക്കൻ ജില്ലകളിലെ ഒരു പ്രധാന തോട്ടവിളയാണ് കവുങ്ങ്. കവുങ്ങ് കൃഷി ചെയ്യുന്ന പ്രദേശത്തിന്റെ വിസ്തൃതിയും ഉല്പാദനവും കുറഞ്ഞുവരുന്നതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത് . കവുങ്ങിനെ ബാധിക്കുന്ന മഹാളി

എന്ന രോഗമാണ് ഇതിന്റെ പ്രധാന കാരണം. ഇതുമൂലം കൃഷി സംരക്ഷണത്തിന് ഉയർന്ന ഉല്പാദനചെലവ് വേണ്ടി വരുന്നു. നല്ലയിനം നടീൽ വസ്തുക്കൾ ലഭിക്കാത്തതിനാലും , കൃഷി ചെയ്യുന്നതിന് ആവശ്യമായ സഹായം കിട്ടാത്തതിനാലും, മെച്ചപ്പെട്ട സാങ്കേതിക കൃഷി രീതികൾ സ്വീകരിക്കുവാൻ കവുങ്ങ് കർഷകർ വിമുഖത കാണിക്കുന്നു. ആയതിനാൽ, കവുങ്ങ് കൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും, കൃഷി സംരക്ഷണത്തിനും പരിപാലനത്തിനുമായി 200.00 ലക്ഷം രൂപ സംസ്ഥാന വിഹിതമായി, 2019-20 വാർഷികപദ്ധതിയിൽ വകയിരുത്തിയിരിക്കുന്നു.

| | | |
|---|---|---|
| **20)** | **ഓഫീസ് ആട്ടോമേഷനും ഐ.റ്റി സാങ്കേതിക വിദ്യയും (പുതിയ പദ്ധതി)** | **ശീർഷകം : 2401-00-001-86** |
| | | **വിഹിതം: 430.00 ലക്ഷം രൂപ** |

കൃഷി വകുപ്പിൽ ഇ-ഓഫീസ് നടപ്പിലാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇ-ഓഫീസ് നടപ്പിലാക്കുന്നത് വഴി, സ്ഥാപനത്തിന്റെ ഉല്പാദനക്ഷമത വർദ്ധിക്കുകയും , മെച്ചപ്പെട്ടവിഭവപരിപാലനം സാധ്യമാകുകയും തൻമൂലം പ്രവർത്തനങ്ങളിൽ കൂടുതൽ സുതാര്യതയും, സമയലാഭവും കൈവരിക്കാനും സഹായിക്കുന്നു. മെച്ചപ്പെട്ട ഐ .റ്റി സാങ്കേതിക വിദ്യകളായ വെർച്ച്വൽ ക്ലാസ്സ് റൂം ഫെസിലിറ്റി, മിനി കംമ്പ്യൂട്ടർ ലാബുകൾ എന്നിവ കൃഷി വകുപ്പ് ഡയറക്ടറേറ്റിലും, 14 ജില്ലാ ഓഫീസുകളിലും, സമേതി, എസ്.എഫ്.എ.സി കോൾ സെന്റർ, ആർ.എ.റ്റി.റ്റി.സി കൾ, എഫ്.റ്റി.സി കൾ, കെ.എ.യു ഉൾപ്പെടെയുള്ള മറ്റ് ട്രെയിനിംഗ് സെന്ററുകൾ എന്നിവയിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഐ.റ്റി സാങ്കേതിക വിദ്യകൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഹാർഡ് വെയർ , സോഫ്റ്റ് വെയർ എന്നിവ വാങ്ങുന്നതിനും, ഐ.റ്റി ഇ-ഗവേർണൻസ് ശക്തിപ്പെടുത്തുന്നതിനും വേണ്ട പശ്ചാത്തല സൌകര്യങ്ങൾ ഒരുക്കുന്നതിനും തുക വകയിരുത്താവുന്നതാണ്. ഇതിനായി 430.00 ലക്ഷം രൂപ 2019-20 വാർഷിക പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നു.

**കേന്ദ്രാവിഷ്കൃത പദ്ധതി – സംസ്ഥാന വിഹിതം**

| | | |
|---|---|---|
| **21)** | **സംയോജിത പദ്ധതി – കൃഷി ഉന്നതി യോജന ഉൾപ്പെടെയുള്ള മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികൾ - (40 ശതമാനം സംസ്ഥാന വിഹിതം)** | |
| a. | സബ് മിഷൻ ഓൺ അഗ്രികൽച്ചർ എക്സ്റ്റൻഷൻ (എസ്.എം.എ.ഇ ) ജനറൽ | ശീർഷകം : 2401-00-109-64 |
| | | വിഹിതം : 1780.00 ലക്ഷം രൂപ |
| | എസ്.സി.പി | ശീർഷകം : 2401-00-789-97 (01) |
| | | വിഹിതം : 200.00 ലക്ഷം രൂപ |
| | ടി.എസ്.പി | ശീർഷകം : 2401-00-796-96 (01) |
| | | വിഹിതം : 20.00 ലക്ഷം രൂപ |

| | | |
|---|---|---|
| b. | മാറ്റ CSS (40% CSS) ജനറൽ | ശീർഷകം : 2401-00-109-65 |
| | | വിഹിതം : 14982.00 ലക്ഷം രൂപ |
| | എസ്.സി.പി | ശീർഷകം : 2401-00-789-86 |
| | | വിഹിതം : 1683.00 ലക്ഷം രൂപ |
| | ടി.എസ്.പി | ശീർഷകം : 2401-00-796-87 |
| | | വിഹിതം : 168.00 ലക്ഷം രൂപ |

കേന്ദ്രാവിഷ്കൃത പദ്ധതികൾ പുന:സംഘടിപ്പിച്ചതിന്റെ ഭാഗമായി പദ്ധതികളുടെ എണ്ണം കുറയ്ക്കുകയും, അനുയോജ്യമായ പദ്ധതികൾ കണ്ടെത്തുന്നതിനും അവ നടപ്പിലാക്കുന്നതിനും ഉപ പദ്ധതികൾക്ക് രൂപം നൽകുന്നതിനും, സംസ്ഥാനങ്ങൾക്ക് കൂടുതൽ അധികാരം നൽകിക്കൊണ്ട് സംയോജിത പദ്ധതി എന്ന ഒരു പുതിയ ആശയത്തിന് രൂപം നൽകുകയുണ്ടായി. കേന്ദ്രബഡ്ജറ്റിൽ ഇതിനായുള്ള വിഹിതം സുതാര്യ മാനദണ്ഡ പ്രകാരം വകയിരുത്തുന്നതാണ്. പദ്ധതി നടത്തിപ്പ് കൂടുതൽ സുഗമമാക്കുന്നതിനായി കാർഷിക മേഖലയിലെ എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികളും ഈ സംയോജിത പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

കൃഷി ഉന്നതി യോജന എന്ന പദ്ധതിയാണ് കാർഷിക മേഖലയിൽ ഏറ്റെടുത്തിട്ടുള്ള സംയോജിത പദ്ധതി. ഈ പദ്ധതിയുടെ 60 ശതമാനം തുക കേന്ദ്ര വിഹിതവും 40 ശതമാനം തുക സംസ്ഥാന വിഹിതവുമാണ്. തുടർന്ന് നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളായ ദേശീയ ഭക്ഷ്യസുരക്ഷാ മിഷൻ (എൻ.എഫ്.എസ്.എം), ഹോർട്ടികൾച്ചർ വികസനത്തിനായുള്ള മിഷൻ (എം.ഐ.ഡി.എച്ച്), ദേശീയ കാർഷിക സുസ്ഥിര പദ്ധതി(എൻ.എം.എസ്.എ),എണ്ണപ്പന, എണ്ണക്കുരു എന്നിവയ്ക്കുള്ള ദേശീയ മിഷൻ (എൻ.എം.ഒ.പി), കാർഷിക വിജ്ഞാന വ്യാപനത്തിനും സാങ്കേതിക വിദ്യക്കുമുള്ള ദേശീയ പദ്ധതി (എൻ.എം.എ.ഇ.റ്റി), രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ), പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ), പ്രധാൻ മന്ത്രി കൃഷി സിഞ്ചയ് യോജന (പി.എം.കെ.എസ്.വൈ), അഗ്രോ ഫോറസ്ട്രിക്കായുള്ള ദേശീയ പദ്ധതി , സസ്യരോഗകീടകളവ്യാപന നിയന്ത്രണ പരിശോധനയ്ക്കായുള്ള സബ്മിഷൻ, വിവര സങ്കേതിക വിദ്യ, കാർഷിക വിപണത്തിനായുള്ള സംയോജിത പദ്ധതി, കേന്ദ്ര സഹായത്തോടെയുള്ള വിള ഇൻഷ്വറൻസ് പദ്ധതി എന്നീ പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു. 2019-20 വർഷം ഈ പദ്ധതിയുടെ സംസ്ഥാന വിഹിതമായി 18833.00 ലക്ഷം രൂപ വകയിരുത്തുന്നു. ഇതിൽ 2000.00 ലക്ഷം രൂപ കാർഷിക വിജ്ഞാന വ്യാപനത്തിനും സാങ്കേതിക വിദ്യക്കുമുള്ള പദ്ധതിയുടെ ഉപപദ്ധതിയായ കാർഷിക വിജ്ഞാന വ്യാപനത്തിനായി (എസ്.എം.എ.ഇ) നീക്കിവച്ചിരിക്കുന്നു. ഇതിനു പുറമെ 2019-20-ൽ പുതിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെങ്കിലും അനുവദിക്കുകയാണെങ്കിൽ അവയ്ക്കുള്ള സംസ്ഥാന വിഹിതവും ഇതിൽനിന്നും വഹിക്കാവുന്നതാണ്. എൻ.എം.എ.ഇ.റ്റി. ഒഴികെയുള്ള എല്ലാ പദ്ധതികൾക്കും കേന്ദ്ര

ഗവൺമെന്റിൽ നിന്നും അനുമതി ലഭിച്ച ശേഷം ഭരണാനുമതി നൽകാവുന്നതാണ് . ആർ.കെ.വി.വൈ-യുടെ കീഴിലുള്ള വിഹിതം നെൽകൃഷി വികസനം , പച്ചക്കറി വികസനം, ജൈവ കൃഷി പ്രോത്സാഹനം, മൊത്ത വ്യാപാര വിപണികളുടെ അടിസ്ഥാന സൗകര്യ വികസനം, ജില്ലാ സംഭരണ കേന്ദ്രങ്ങൾ, നീര സംസ്കരണ പ്രോജക്ടുകൾക്കുള്ള സഹായം എന്നിവയ്ക്കായി വിനിയോഗിക്കാവുന്നതാണ്.

**വിപണനം, സംഭരണം, സൂക്ഷിക്കലും വിതരണവും**

2019-20 വാർഷിക പദ്ധതിയിൽ കാർഷിക വിപണനം, സംഭരണം, വെയർഹൌസിംഗ്, മറ്റ് കാർഷിക പരിപാടികൾ എന്നിവയ്ക്കായി 73.65 കോടി രൂപ വകയിരുത്തിയിരിക്കുന്നു.

**കാർഷിക വിപണനവും വിളവെടുപ്പിനു ശേഷമുള്ള പരിപാലനവും**

2019-20 ൽ 72.45 കോടി രൂപ വിപണനവും ഗുണനിലവാരത്തിനുമായുള്ള പദ്ധതികൾക്ക് വകയിരുത്തിയിരിക്കുന്നു.

| **22)** | **കാർഷിക വിപണി ശക്തിപ്പെടുത്തൽ** | **വിഹിതം : 4235.00 ലക്ഷം രൂപ** |
|---|---|---|
| i. | മാർക്കറ്റ് വികസനം | ശീർഷകം : 2435-01-800-99 |
| | | വിഹിതം : 1985.00 ലക്ഷം രൂപ |
| ii. | വില സ്ഥിരതയ്ക്ക് വേണ്ടി വിപണിയിൽ ഇടപെടൽ | ശീർഷകം : 2435-01-101-85 |
| | | വിഹിതം : 2000.00 ലക്ഷം രൂപ |
| iii. | ഹോർട്ടികോർപ്പിനുള്ള ഓഹരി മൂലധനം | ശീർഷകം : 4401-00-190-97 |
| | | വിഹിതം : 25.00 ലക്ഷം രൂപ |
| iv. | സംസ്ഥാന വെയർഹൌസിംഗ് കോർപ്പറേഷന് ഗോഡൌണുകളുടേയും കാർഷിക സമുച്ചയത്തിന്റെയും നിർമ്മാണത്തിന് നൽകുന്ന സഹായം (പുതിയ പദ്ധതി ) | ശീർഷകം : 4408-02-101-98 |
| | | വിഹിതം : 150.00 ലക്ഷം രൂപ |
| v | സംസ്ഥാന വെയർഹൌസിംഗ് കോർപ്പറേഷനിലെ കമ്പ്യൂട്ടർവത്ക്കരണ പ്രവർത്തനങ്ങൾക്കുള്ള ധനസഹായം (പുതിയ പദ്ധതി ) | ശീർഷകം : 2408-02-190-98 |
| | | വിഹിതം : 75.00 ലക്ഷം രൂപ |

സംസ്ഥാനത്ത് ഉൽപ്പാദകരും കച്ചവടക്കാരും തമ്മിൽ ശക്തമായ ബന്ധം നിലവിലില്ല. വിപണിയിലെ അടിസ്ഥാന സൗകര്യത്തിന്റെയും , മാർക്കറ്റ് ഇന്റലിജൻസിന്റേയും സ്ഥാപനവത്ക്കരണ സഹായവും മെച്ചപ്പെടുത്തേണ്ടതുണ്ട്. വി.എഫ്.പി.സി.കെ മുഖേനയുള്ള പഴം-പച്ചക്കറി വിപണി പ്രോത്സാഹിപ്പിക്കുക, വിപണന ഇടപെടൽ ഫണ്ട് എന്നിവയ്ക്കുള്ള വിഹിതമായി 2019-20-ൽ 4235.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

തിരഞ്ഞെടുത്ത കാർഷിക ഉൽപ്പന്നങ്ങളുടെ വിലസ്ഥിരത ഉണ്ടാക്കുന്നതിനും കർഷകർക്ക് മികച്ച വരുമാനം ലഭ്യമാക്കുക എന്ന ലക്ഷ്യം നിറവേറ്റുന്നതിനും വേണ്ടി വിളവെടുപ്പ് കാലങ്ങളിൽ നിയുക്ത ഏജൻസികൾ വഴി സംഭരണ നടപടികളിലൂടെ വിപണിയിൽ ഇടപെടൽ നടത്തുന്നതിനായാണ് വിലസ്ഥിരതാ ഫണ്ട് വകയിരുത്തിയിട്ടുള്ളത്. ഗവൺമെന്റിന്റെ നിബന്ധനകൾക്കനുസൃതമായി സംഭരണം നടത്തുന്നതിനും അതിന്റെ ചെലവുകൾക്കും വേണ്ടി സംഭരണ ഏജൻസികൾക്ക് ഇൻസെന്റീവ് നൽകുന്നതിന് ഈ തുക വിനിയോഗിക്കാവുന്നതാണ്. ഉത്സവ കാലങ്ങളിൽ പച്ചക്കറികൾ സംഭരിക്കുന്നതിനും പച്ചത്തേങ്ങ സംഭരണത്തിനും തുക വിനിയോഗിക്കാവുന്നതാണ്. 2019-20 ൽ ഉല്പന്ന വിപണന രംഗത്തേക്കുള്ള ശക്തമായ ഇടപെടലിനായി വകയിരുത്തുന്ന തുക ഉത്തേജകമായി വർത്തിക്കുന്നതാണ്. വകയിരുത്തിയിട്ടുള്ള 4235.00 ലക്ഷം രൂപയിൽ 2000.00 ലക്ഷം രൂപയാണ് വിപണന ഇടപെടൽ ഫണ്ടായി മാറ്റി വച്ചിരിക്കുന്നത്. ഇതിനുപുറമേ 80.00 ലക്ഷം രൂപ അഗ്രികൾച്ചറൽ പ്രൈസസ് ബോർഡിന്റെ പ്രവർത്തനത്തിനും മാറ്റി വെച്ചിട്ടുണ്ട് . വി.എഫ്.പി.സി.കെ മുഖേനയുള്ള പഴം പച്ചക്കറി വിപണി പ്രോത്സാഹിപ്പിക്കുന്നതിനായി 700.00 ലക്ഷം രൂപയും തിരുവനന്തപുരം, എറണാകുളം, കാസർഗോഡ് എന്നിവിടങ്ങളിലെ കൃഷി ബിസിനസ്സ് കേന്ദ്രങ്ങൾ അറിവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനായി 100.00 ലക്ഷം രൂപയും നീക്കി വച്ചിരിക്കുന്നു. വിപണിയിൽ കാര്യമായ വിലവ്യതിയാനം ഉണ്ടാകുമ്പോൾ പച്ചക്കറി വികസന പരിപാടിയിൻ കീഴിൽ പ്രോത്സാഹനം നൽകുന്ന ക്ലസ്റ്ററുകളിൽ നിന്നും ഉല്പന്നങ്ങൾ സംഭരിക്കുന്നതിന് മാത്രമായിട്ടാണ് വിപണിയിൽ ഇടപെടുന്നതിനുള്ള സഹായം ഹോർട്ടികോർപ്പിന് അനുവദിച്ചിട്ടുള്ളത്. അംഗീകരിച്ച പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കണം. തുക അനുവദിക്കുന്നത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഗ്രാമ പഞ്ചായത്ത് തലത്തിലുള്ള ആഴ്ച വിപണികൾക്ക് സഹായം നൽകുന്നതാണ്. അധികമുള്ള കാർഷിക ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി കർഷക മിത്രകൾ പൊതുമാധ്യമങ്ങൾ ഉൾപ്പെടെയുള്ളവയുടെ സഹായത്തോടെ വിപണിയിൽ ഇടപെടുന്നതാണ്. 2019-20 ൽ ആലപ്പുഴ ജില്ലയിൽ 25 പുതിയ കർഷക മിത്രങ്ങളുടെ സേവനങ്ങൾ ഉപയോഗപ്പെടുത്തുവാൻ ലക്ഷ്യമിടുന്നു

കർഷകർക്ക് ഉല്പന്നങ്ങൾക്കുള്ള വിപണി കണ്ടെത്തുന്നതിനും അവയ്ക്ക് പരമാവധി വില ഉറപ്പാക്കുന്നതിനും, പുത്തൻ സാങ്കേതിക വിദ്യകൾ സ്വായത്തമാക്കുന്നതിനും എസ്.എഫ്.എ.സി യിലെ കോൾ സെന്ററിൽ ഒരു ഇ പോർട്ടൽ പ്രവർത്തിക്കുന്നുണ്ട് ഇ-പോർട്ടലിന്റെ സൌകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനും ഉത്തമകാർഷിക മുറകൾ പിന്തുടരുന്ന കർഷക കൂട്ടായ്മയുടെ സംസ്ഥാന ശൃംഖലയുടെ സോഫ്റ്റ് വെയർ വികസനത്തിനുമായി 63.00 ലക്ഷം രൂപ വകയിരുത്തുന്നു. കേരള സംസ്ഥാന വെയർ ഹൌസിംഗ് കോർപ്പറേഷന് കമ്പ്യൂട്ടർവത്ക്കരണത്തിനായി 75.00 ലക്ഷം രൂപയും കാർഷിക സംഭരണത്തിനായുള്ള ഗോഡൌൺ നിർമ്മാണത്തിനായി 150.00 ലക്ഷം രൂപയും ഒറ്റത്തവണ സഹായമായി വകയിരുത്തുന്നു . ഘടകങ്ങൾ തിരിച്ചുള്ള പദ്ധതി വിഹിതം താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | ഘടകം | തുക (ലക്ഷം രൂപ) | ശീർഷകം |
|---|---|---|---|
| 1 | കാർഷിക മൊത്ത വ്യാപാര വിപണികളും ജില്ലാ സംഭരണ കേന്ദ്രങ്ങളും | 477.00 | 2435-01-800-99 |
| 2 | വി.എഫ്.പി.സി.കെ യുടെ വിപണി വികസനത്തിന് | 700.00 | 2435-01-800-99 |
| 3 | കൃഷി ബിസിനസ്സ് കേന്ദ്രങ്ങൾ അറിവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് | 100.00 | 2435-01-800-99 |
| 4 | അഗ്മാർക്ക് നെറ്റിനും വിപണി വിവര ശേഖരണത്തിനും | 50.00 | 2435-01-800-99 |
| 5 | വിലനിലവാരം സ്ഥിരപ്പെടുത്തുവാൻ വിപണിയിൽ ഇടപെടുന്നതിന് | 2000.00 | 2435-01-101-85 |
| 6 | പ്രൈസസ് ബോർഡ് | 80.00 | 2435-01-800-99 |
| 7 | ഹോർട്ടികോർപ്പിനുള്ള ഓഹരി മൂലധനം | 25.00 | 4401-00-190-97 |
| 8 | ഗ്രാമപഞ്ചായത്ത് തലത്തിലുള്ള ആഴ്ച വിപണികൾക്കുള്ള അധിക സഹായം | 50.00 | 2435-01-800-99 |
| 9 | ഇ-പോർട്ടലും ഉത്തമ കൃഷി മുറകൾ പിൻതുടരുന്ന കർഷക ഗ്രൂപ്പുകളുടെ സംസ്ഥാനതലത്തിലുള്ള ശൃംഖല-സോഫ്റ്റ് വെയർ വികസനവും നെറ്റ് വർക്കിംഗും | 63.00 | 2435-01-800-99 |
| 10 | കർഷക മിത്ര-പരിശീലനവും പോർട്ടൽ അടിസ്ഥാനമാക്കിയുള്ള സേവനവും | 210.00 | 2435-01-800-99 |
| 11 | WTO CELL- പ്രവർത്തന സഹായം | 5.00 | 2435-01-800-99 |
| 12 | അഗ്രോ സൂപ്പർബസാർ | 250.00 | 2435-01-800-99 |
| 13 | കേരള സംസ്ഥാന വെയർ ഹൌസിംഗ് കോർപ്പറേഷന് കമ്പ്യൂട്ടർവത്ക്കരണത്തിനുള്ള സഹായം | 75.00 | 2408-02-190-98 |
| 14 | കേരള സംസ്ഥാന വെയർ ഹൌസിംഗ് കോർപ്പറേഷന് ഗോഡൌൺ നിർമ്മാണത്തിനുമുള്ള സഹായം | 150.00 | 4408-02-101-98 |
| | **ആകെ** | **4235.00** | |

| 23) | മൂല്യ വർദ്ധനവും വിളവെടുപ്പിന് ശേഷമുള്ള പരിപാലനവും | ശീർഷകം : 2435-01-800-94 |
|---|---|---|
| | | വിഹിതം: 1910.00 ലക്ഷം രൂപ |

കേരളത്തിന്റെ സമ്പദ് വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനും കർഷകർക്ക് കാർഷിക മേഖലയിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനും മൂല്യവർദ്ധനവ് /കാർഷിക സംസ്കരണ/വിളവെടുപ്പിന് ശേഷമുള്ള പരിപാലനം എന്നിവ പ്രധാന പങ്ക് വഹിക്കുന്നുണ്ട്.

എസ്.എഫ്.എ.സി. ചെറുകിട ഇടത്തരം സംരംഭകർക്ക് ഇൻഡസ്ട്രീസ് വകുപ്പിൽ നടപ്പിലാക്കി വരുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള സഹായം നൽകുന്നതാണ് . ഇതിനായി 800.00 ലക്ഷം രൂപ വകയിരുത്തുന്നു. ഒരു യൂണിറ്റിന് നൽകാവുന്ന പരമാവധി സഹായം50.00 ലക്ഷം രൂപയാണ്. സാമ്പത്തിക സ്ഥാപനത്തിൽ നിന്നുള്ള വായ്പ അനുവദിച്ച ശേഷമാണ് തുക അനുവദിക്കുന്നത്. സ്വയംസഹായ സംഘങ്ങൾക്കും വ്യക്തിഗത യൂണിറ്റുകൾക്കും പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി 400.00 ലക്ഷം രൂപ വകയിരുത്തുന്നു. സ്വയം സഹായ സംഘങ്ങൾക്കും വ്യക്തിഗത യൂണിറ്റുകൾക്കും സഹായം അനുവദിക്കുന്നതിന് മൈക്രോലെവൽ യൂണിറ്റുകൾ അടിസ്ഥാനമാക്കി പ്രത്യേക മാനദണ്ഡങ്ങൾ തയ്യാറാക്കേണ്ടതാണ്. മൈക്രോലെവൽ സംരംഭങ്ങളിൽ തൊഴിൽ ലഭ്യതയും ഉപജീവന മാർഗ്ഗവും ഉറപ്പ് വരുത്തുന്നതിനു വേണ്ട ഊന്നൽ നൽകേണ്ടതാണ് . സർക്കാർ/പൊതുമേഖല/സഹകരണ മേഖല/കുടുംബശ്രീ യൂണിറ്റുകൾ എന്നിവ മുഖേനയുള്ള വിപണനത്തിനും മൂല്യവർദ്ധനവിനും പദ്ധതി അധിഷ്ഠിത സഹായമായി 200.00 ലക്ഷം രൂപ വകയിരുത്തുന്നു. എസ്.എഫ്.എ.സി മുഖേന സംരംഭകർക്ക് സാങ്കേതിക സഹായം നൽകുന്നതിനായി 325.00 ലക്ഷം രൂപ വകയിരുത്തുന്നു. പരിശീലനങ്ങൾ, സെമിനാറുകൾ, ശില്പശാലകൾ, കൺസൽട്ടൻസി എന്നിവയ്ക്ക് തുക വിനിയോഗിക്കാവുന്നതാണ്. ഈ തുകയിൽ നിന്നും 100.00 ലക്ഷം രൂപ വൈഗ 2019 ന്റെ നടത്തിപ്പിനായി വിനിയോഗിക്കാവുന്നതാണ്.

തേനീച്ച വളർത്തലും തേൻ ഉല്പാദനവും കേരളത്തിൽ വളരെയധികം സാദ്ധ്യതയുള്ള മേഖലയാണ്. തേൻ ഉത്പാദകർക്കുള്ള സഹായമായും തേനിന്റെ മൂല്യവർദ്ധിത ഉത്പന്നങ്ങൾ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖേന ഉല്പാദിപ്പിക്കുന്നതിനുള്ള സഹായവും തുടരുന്നതാണ്. ഇതിനായി 100.00 ലക്ഷം രൂപ വകയിരുത്തുന്നു.

കേരള അഗ്രോ ബിസിനസ് കമ്പനി (KABCO) അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിനും, കർഷകർക്ക് വിപണിയുമായി ബന്ധപ്പെടുന്നതിനും, കൃഷിയിൽ നിന്നും കാർഷിക വ്യവസായത്തിലേക്കുള്ള മാറ്റത്തിന് സഹായിക്കുന്നതിനും മൂല്യവർദ്ധനവ് പ്രോത്സാഹിപ്പിക്കുന്നതിനും മറ്റുമായി പ്രവർത്തിക്കുന്നതാണ്. ഇന്ത്യൻ കമ്പനി നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഈ കമ്പനി സ്വതന്ത്രവും , തൊഴിൽപരമായ മേൽനോട്ടം വഹിക്കുന്നതിനുമുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി പ്രവൃത്തിച്ച് കേരളത്തിലെ കാർഷിക സംസ്കരണ മേഖലയ്ക്ക് ഒരു പുത്തൻ ഉണർവ് നൽകുന്നതാണ്. അഗ്രോ പാർക്കുകൾ

സ്ഥാപിക്കുന്നതിനും അഗ്രോമാളുകൾ, അഗ്രോബസാറുകൾ എന്നിവ സ്ഥാപിക്കുന്നതിനും , പച്ചക്കറിയുമായി ബന്ധപ്പെട്ട വ്യവസായങ്ങളുടെ വികസനം , പഴവർഗ്ഗങ്ങൾ, നാണ്യവിളകൾ മുതലായവയുടെ ഗാർഹികവും അന്തർദേശീയവുമായ വിപണിയെയും (KABCO) സഹായിക്കുന്നതാണ്. സർവ്വേകളും സാധ്യതാ പഠനങ്ങളും KABCO ഏറ്റെടുക്കുന്നതാണ്. കൂടാതെ പുതിയ വിപണികൾ കണ്ടെത്തുന്നതിനും വിവര സാങ്കേതിക വിദ്യ പോർട്ടലോട്ടുകൂടി നടപ്പിലാക്കുകയും, ഇ-കൊമേഴ്സ്, ഐ.വി.ആർ സിസ്റ്റം മുതലായവയിലും ഏർപ്പെടുന്നതാണ്. അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തന ചെലവുകൾക്കും KABCO യുടെ പ്രവർത്തനങ്ങൾക്കുമായി 40.00 ലക്ഷം രൂപ വകയിരുത്തുന്നു.

കാർഷിക ഉല്പന്നങ്ങളുടെ കയറ്റുമതിയ്ക്കും മൂല്യവർദ്ധനവിനും ശീതീകരിച്ച വിതരണശൃംഖലാ സംവിധാനങ്ങൾ ആവശ്യമാണ് . സംസ്ഥാനത്ത് ശീതീകരിച്ച ശൃംഖലാ സംവിധാനങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഒരു പഠനം നടത്തുവാനായി 25.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു കാർഷിക മേഖലയിൽ പുതിയ സംരംഭങ്ങൾ (സ്റ്റാർട്ടപ്പ്സ്) ആരംഭിക്കുന്നതിനും, അഗ്രി ബിസിനസ്സ് ഇൻകുബേറ്റേഴ്സിനുമായി 20.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു ഘടകങ്ങൾ തിരിച്ചുള്ള പദ്ധതി വിഹിതം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഘടകം | തുക *(ലക്ഷം രൂപ)* |
|---|---|---|
| 1 | എസ്.എഫ്.എ.സി മുഖേന മൂല്യവർദ്ധനവ് യൂണിറ്റുകൾക്കുള്ള സഹായം | |
| എ) | ചെറുകിട ഇടത്തരം കാർഷിക സംസ്കരണ യൂണിറ്റുകൾക്കുള്ള സഹായം | 800.00 |
| ബി) | വ്യക്തിഗത/സ്വയംസഹായ സംഘങ്ങൾ അടിസ്ഥാനമാക്കി ഗ്രാമപഞ്ചായത്ത് തലത്തിലുള്ള മൂല്യവർദ്ധനവ് യൂണിറ്റുകൾ- മൈക്രോലെവൽ യൂണിറ്റ് | 400.00 |
| 2 | സർക്കാർ/പൊതുമേഖല/സഹകരണ/കുടുംബശ്രീ യൂണിറ്റ് തലത്തിൽ വിപണികൾക്കും മൂല്യവർദ്ധനവ് യൂണിറ്റുകൾക്കുള്ള സഹായം | 200.00 |
| 3 | ട്രെയിനിംഗുകൾ, സെമിനാർ, വർക്ക്ഷോപ്പ്, കൺസൾട്ടൻസി, എസ്.എ.സി യ്ക്കുള്ള പ്രവർത്തന സഹായവും | 325.00 |
| 4 | തേൻ ഉല്പാദനത്തിനുള്ള സഹായം | 100.00 |
| 5 | അഗ്രോബിസിനസ് കമ്പനി (KABCO ആന്റ് അഗ്രോപാർക്കിനുള്ള പ്രവർത്തന സഹായം) | 40.00 |
| 6 | ശീതീകരിച്ച വിതരണ ശൃംഖലാ സംവിധാനങ്ങളുടെ പഠനം | 25.00 |
| 7 | അഗ്രി സ്റ്റാർട്ടപ്പിനുള്ള സഹായവും അഗ്രി ബിസിനസ് ഇൻകുബേറ്ററും | 20.00 |
| | **ആകെ** | **1910.00** |

| | | |
|---|---|---|
| **24)** | **ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള അധികസഹായം** | **ശീർഷകം : 2810-01-105-97** |
| | | **വിഹിതം: 100.00 ലക്ഷം രൂപ** |

കേന്ദ്രാവിഷ്കൃത പദ്ധതിയായ പുതിയ ദേശീയ ബയോഗ്യാസ് വികസന പദ്ധതിയിൽ ബയോഗ്യാസ് സ്ഥാപിക്കുന്നതിനായി ജനറൽ വിഭാഗത്തിന് 12000 രൂപയും പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിന് 13000 രൂപയുമാണ് ഒരു പ്ലാന്റിനുള്ള സഹായമായി ഉൾപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാനത്ത് ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണ ചെലവ് 30000 രൂപ മുതൽ 100000 രൂപ വരെ ആകാറുണ്ട്. കർഷക സമൂഹത്തിന് ഈ പദ്ധതി കൂടുതൽ ആകർഷകമാക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിൽ നിന്നുള്ള തുകക്ക് പുറമെ അധിക തുക സംസ്ഥാന ഗവൺമെന്റ് അധികസഹായമായി വകയിരുത്തിയിരിക്കുന്നു. ജനറൽ വിഭാഗത്തിന് ഒരു പ്ലാന്റിന് 8000 രൂപയും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് 9000 രൂപയുമാണ്. ഇതിനായി 2019-20 ൽ 100.00 ലക്ഷം രൂപ വകയിരുത്തുന്നു.

| | | |
|---|---|---|
| **25)** | **ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന നിധി (ആർ.ഐ.ഡി.എഫ്)** | **ശീർഷകം : 4435-01-101-97** |
| | | **വിഹിതം: 1000.00 ലക്ഷം രൂപ** |

ആർ.ഐ.ഡി.എഫ്-നു കീഴിൽ അംഗീകരിച്ച പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് വേണ്ടിയാണ് വിഹിതം. വിപണിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2019-20 വർഷം നബാർഡിൽ നിന്നുള്ള ആർ.ഐ.ഡി.എഫ് വിഹിതം ഉപയോഗിക്കാവുന്നതാണ്. കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷന് ആർ.ഐ.ഡി.എഫ്. പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനുള്ള സഹായവും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**മറ്റു പരിപാടികൾ**

മറ്റു കാർഷിക പരിപാടികളുടെ കീഴിൽ 2019-20 വർഷത്തിൽ താഴെ പറയുന്ന പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്.

| | | |
|---|---|---|
| **26)** | **ഇന്റർനാഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗ് സെന്റർ ഫോർ ബിലോ സീ ലെവൽ ഫാമിംഗ് (IRTCBF)** | **ശീർഷകം : 2415-01-004-88** |
| | | **വിഹിതം: 70.00 ലക്ഷം രൂപ** |

ഇന്റർനാഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗ് സെന്റർ ഫോർ ബിലോ സീ ലെവൽ ഫാമിംഗ് കുട്ടനാട്ടിലാണ് സ്ഥാപിച്ചിട്ടുള്ളത്. നൂതന പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുന്നതിനും,

ഫീൽഡ് തലത്തിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും , മലിനീകരണം സംബന്ധിച്ച ഡേറ്റാ ബേയ്സ് തയ്യാറാക്കുന്നതിനും, കാര്യശേഷി വർദ്ധനവ് പരിപാടികൾക്കുമായി വിഹിതം വകയിരുത്തുന്നു.

**സംഭരണവും സൂക്ഷിക്കലും**

| | | |
|---|---|---|
| **27)** | **കേരള സംസ്ഥാന വെയർഹൌസിംഗ് കോർപ്പറേഷൻ ഓഹരി മൂലധനം** | **ശീർഷകം : 4408-02-190-99** |
| | | **വിഹിതം: 50.00 ലക്ഷം രൂപ** |

കേന്ദ്ര വെയർ ഹൗസിംഗ് കോർപ്പറേഷൻ നൽകുന്ന ഓഹരി മൂലധനത്തിന് തുല്യമായ സംസ്ഥാന സർക്കാരിന്റെ വിഹിതമായി തുക വകകൊള്ളിച്ചിരിക്കുന്നു . 2019-20 ൽ ഇതിലേയ്ക്കായി 50.00 ലക്ഷം രൂപ വകയിരുത്തുന്നു.

**പ്രാദേശിക വികസനത്തിനുള്ള പ്രത്യേക പരിപാടി**

| | | |
|---|---|---|
| **28)** | **വയനാട് പാക്കേജ്** | **ശീർഷകം : 2401-00-800-27** |
| | | **വിഹിതം: 1700.00 ലക്ഷം രൂപ** |

സംസ്ഥാനത്തെ ഏറ്റവും പിന്നോക്കാവസ്ഥയിലുള്ളതും, ദുരിതാവസ്ഥയിലുള്ളതുമായ ജില്ലയാണ് വയനാട്. വളരെയധികം പദ്ധതികൾ ഈ ജില്ലയിൽ നടപ്പിൽ വരുത്തിയിട്ടുണ്ടെങ്കിലും അടിസ്ഥാനപരമായ പ്രശ്നങ്ങൾ ഇപ്പോഴും ഈ ജില്ലയുടെ വികസനത്തെ ബാധിക്കുന്നു. അടുത്ത കാലത്തായി, ജില്ലയുടെ കാർഷിക സമ്പദ് വ്യവസ്ഥ അപകടകരമായ അവസ്ഥയിലാണ് . വിലയിലുണ്ടാകുന്ന വ്യാപകമായ ഏറ്റക്കുറച്ചിലുകൾ കാർഷിക വരുമാനത്തെ വളരെ വലിയ തോതിൽ അസ്ഥിരപ്പെടുത്തുന്നുണ്ട് ദുരിത ബാധിതരായ ജനങ്ങളുടെ ഉപജീവനം പുനരുദ്ധീകരിക്കാൻ കേന്ദ്ര സംസ്ഥാന സർക്കാരുകൾ വിവിധ പാക്കേജുകൾ കൊണ്ടുവരുന്നുണ്ട് വളരെക്കാലമായുള്ള സുസ്ഥിരമല്ലാത്ത ഭൂവിനിയോഗ സമ്പ്രദായം കൊണ്ടും, കാപ്പി, കുരുമുളക് എന്നിവയുടെ വിലയിടിവ് കാരണം സാമ്പത്തികമായും, പരിസ്ഥിതിക്കേല്പിച്ച ആഘാതങ്ങളും വയനാട് ജില്ലയെ ക്ലേശത്തിലാക്കി . കീടബാധ കൊണ്ടുണ്ടാകുന്ന ഉത്പാദനക്കുറവ് , നിലവാരത്തകർച്ച, കൃമികീടങ്ങൾ, രോഗബാധകൾ എന്നിങ്ങനെയുള്ള കാരണങ്ങൾ കൊണ്ടും കുരുമുളക് തകർച്ചയുടെ ഘട്ടത്തിലാണ്. ജില്ലയുടെ കാർഷിക സമ്പദ് വ്യവസ്ഥയ്ക്ക് ഉണർവ്വേകാൻ സമുചിതമായ മുൻ-പിൻ സംയോജനത്തോടു കൂടിയ നിരവധി കേന്ദ്രീകൃത ഇടപെടലുകൾ നടപ്പിൽ വരുത്തുവാൻ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്

കുരുമുളകിന്റെ പുനരുജ്ജീവനത്തിനായുള്ള സമഗ്ര പ്രോജക്ടിന് സഹായം നൽകുന്നതാണ്. കുരുമുളക് സമിതികളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് പഞ്ചായത്തുതല അപ്പക്സ് സമിതികൾ രൂപീകരിക്കുന്നതാണ്. പ്രാദേശിക സമഗ്ര കീട

പരിപാലനം, ഗ്രാഫ്റ്റിംഗ്, ഓർത്തോട്രോപ്പിക് ഷൂട്ട്സിൽ നിന്നുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനം, നഴ്സറികൾ സ്ഥാപിക്കൽ, സൂക്ഷ്മ മൂലകങ്ങളുടെ പ്രയോഗം , വേരിന്റെ വികസനത്തിനാവശ്യമായ പ്രവർത്തനങ്ങൾ മറ്റ് അത്യാവശ്യ സഹായങ്ങൾ എന്നിവയ്ക്കായി വിഹിതം ഉപയോഗിക്കാവുന്നതാണ്. വയനാട് ജില്ലയുടെ കുരുമുളക് വികസനത്തിനായി 1000.00 ലക്ഷം രൂപ വകയിരുത്തുന്നു. ഇതിൽ 25.00 ലക്ഷം രൂപ ബാഹ്യകൺസൾട്ടൻസി ഏജൻസി കൃത്യമായ ഫീൽഡ് സന്ദർശനം നടത്തി നിർദ്ദിഷ്ട ഉപദേശം നൽകുന്നതിനും ലഘുലേഖകളും റഫറൻസ് മെറ്റീരിയൽസും പ്രസിദ്ധീകരിക്കുന്നതിനും വകയിരുത്തുന്നു. കുരുമുളക് കൃഷിയിടങ്ങളിൽ ഡോളമൈറ്റ് പ്രയോഗത്തിനായി 175.00 ലക്ഷം രൂപ നീക്കിവെച്ചിരിക്കുന്നു. ഘടകങ്ങൾ തിരിച്ചുള്ള പദ്ധതി വിഹിതം താഴെ കൊടുത്തിരിക്കുന്നു .

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (ലക്ഷം രൂപ) |
|---|---|---|
| 1 | സമഗ്ര കുരുമുളക് വികസനം | 1000.00 |
| 2 | പദ്ധതി നടപ്പാക്കൽ യൂണിറ്റ് | 30.00 |
| 3 | ജാതികൃഷിയുടെ വിസ്തൃതി വ്യാപിപ്പിക്കുന്നതിന് | 50.00 |
| 4 | വെള്ളപ്പൊക്ക ദുരിതങ്ങൾ പരിഹരിക്കുന്നതിനും പുനരുദ്ധാരണത്തിനും | 620.00 |
| | **ആകെ** | **1700.00** |

മുൻ വർഷങ്ങളിൽ സഹായം ലഭിച്ചിട്ടുള്ള നഴ്സറികളുടെ സഹായത്തോടെ നടീൽ വസ്തുക്കളുടെ ഉല്പാദനത്തിനായി സമഗ്ര തന്ത്രം ആവിഷ്കരിക്കേണ്ടതാണ് . ഈ പദ്ധതിയിൽ ലീഡ്സിലെ ഫീൽഡ് അസിസ്റ്റന്റ്മാരുടെ സന്ദർശനം പദ്ധതി നിർവ്വഹണ യൂണിറ്റുമായി സംയോജിപ്പിക്കുന്നതാണ്.

## കേന്ദ്രാവിഷ്കൃത പദ്ധതികൾ

| 1) | **സംയോജിത പദ്ധതി - കൃഷി ഉന്നതി യോജന ഉൾപ്പടെയുള്ള മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികൾ - (60 ശതമാനം കേന്ദ്ര വിഹിതം)** | |
|---|---|---|
| a. | സബ് മിഷൻ ഓൺ അഗ്രികൽച്ചർ എക്സ്റ്റൻഷൻ (എസ്.എം.എ.ഇ ) - കേന്ദ്ര വിഹിതം<br>ജനറൽ | ശീർഷകം : 2401-00-109-64 |
| | | വിഹിതം : 2670.00 ലക്ഷം രൂപ |
| | എസ്.സി.പി | ശീർഷകം : 2401-00-789-97 (01) |
| | | വിഹിതം : 300.00 ലക്ഷം രൂപ |
| | ടി.എസ്.പി | ശീർഷകം : 2401-00-796-96 (01) |
| | | വിഹിതം : 30.00 ലക്ഷം രൂപ |

| | | |
|---|---|---|
| b. | മാറ്റു CSS (40% CSS) കേന്ദ്ര വിഹിതം ജനറൽ | ശീർഷകം : 2401-00-109-65 |
| | | വിഹിതം : 22472.00 ലക്ഷം രൂപ |
| | എസ്.സി.പി | ശീർഷകം : 2401-00-789-86 |
| | | വിഹിതം : 2525.00 ലക്ഷം രൂപ |
| | ടി.എസ്.പി | ശീർഷകം : 2401-00-796-87 |
| | | വിഹിതം : 252.00 ലക്ഷം രൂപ |

കേന്ദ്രാവിഷ്കൃത പദ്ധതികൾ പുന:സംഘടിപ്പിച്ചതിന്റെ ഭാഗമായി പദ്ധതികളുടെ എണ്ണം കുറയ്ക്കുകയും, അനുയോജ്യമായ പദ്ധതികൾ കണ്ടെത്തുന്നതിനും അവ നടപ്പിലാക്കുന്നതിനും ഉപ പദ്ധതികൾക്ക് രൂപം നൽകുന്നതിനും, സംസ്ഥാനങ്ങൾക്ക് കൂടുതൽ അധികാരം നൽകിക്കൊണ്ട് സംയോജിത പദ്ധതി എന്ന ഒരു പുതിയ ആശയത്തിന് രൂപം നൽകുകയുണ്ടായി. കേന്ദ്രബഡ്ജറ്റിൽ ഇതിനായുള്ള വിഹിതം സുതാര്യ മാനദണ്ഡ പ്രകാരം വകയിരുത്തുന്നതാണ്. പദ്ധതി നടത്തിപ്പ് കൂടുതൽ സുഗമമാക്കുന്നതിനായി കാർഷിക മേഖലയിലെ എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികളും ഈ സംയോജിത പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

കൃഷി ഉന്നതി യോജന എന്ന പദ്ധതിയാണ് കാർഷിക മേഖലയിൽ ഏറ്റെടുത്തിട്ടുള്ള സംയോജിത പദ്ധതി. ഈ പദ്ധതിയുടെ 60 ശതമാനം തുക കേന്ദ്ര വിഹിതവും 40 ശതമാനം തുക സംസ്ഥാന വിഹിതവുമാണ്. തുടർന്ന് നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളായ ദേശീയ ഭക്ഷ്യസുരക്ഷാ മിഷൻ (എൻ.എഫ്.എസ്.എം), ഹോർട്ടികൾച്ചർ വികസനത്തിനായുള്ള മിഷൻ (എം.ഐ.ഡി.എച്ച്), ദേശീയ കാർഷിക സുസ്ഥിര പദ്ധതി(എൻ.എം.എസ്.എ),എണ്ണപ്പന, എണ്ണക്കുരു എന്നിവയ്ക്കുള്ള ദേശീയ മിഷൻ (എൻ.എം.ഒ.പി), കാർഷിക വിജ്ഞാന വ്യാപനത്തിനും സാങ്കേതിക വിദ്യക്കുമുള്ള ദേശീയ പദ്ധതി (എൻ.എം.എ.ഇ.റ്റി), രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ), പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ), പ്രധാൻ മന്ത്രി കൃഷി സിഞ്ചയ് യോജന (പി.എം.കെ.എസ്.വൈ), അഗ്രോ ഫോറസ്ട്രിക്കായുള്ള ദേശീയ പദ്ധതി , സസ്യരോഗകീടകളവ്യാപന നിയന്ത്രണ പരിശോധനയ്ക്കായുള്ള സബ്മിഷൻ, വിവര സങ്കേതിക വിദ്യ, കാർഷിക വിപണത്തിനായുള്ള സംയോജിത പദ്ധതി, കേന്ദ്ര സഹായത്തോടെയുള്ള വിള ഇൻഷ്വറൻസ് പദ്ധതി എന്നീ പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു. 2019-20 വർഷം ഈ പദ്ധതിയുടെ സംസ്ഥാന വിഹിതമായി 28249.00 ലക്ഷം രൂപ വകയിരുത്തുന്നു. ഇതിൽ 3000.00 ലക്ഷം രൂപ കാർഷിക വിജ്ഞാന വ്യാപനത്തിനും സാങ്കേതിക വിദ്യക്കുമുള്ള പദ്ധതിയുടെ ഉപപദ്ധതിയായ കാർഷിക വിജ്ഞാന വ്യാപനത്തിനായി (എസ്.എം.എ.ഇ) നീക്കിവച്ചിരിക്കുന്നു. ഇതിനു പുറമെ 2019-20-ൽ പുതിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെങ്കിലും അനുവദിക്കുകയാണെങ്കിൽ അവയ്ക്കുള്ള സംസ്ഥാന വിഹിതവും ഇതിൽനിന്നും

വഹിക്കാവുന്നതാണ്. എൻ.എം.എ.ഇ.റ്റി. ഒഴികെയുള്ള എല്ലാ പദ്ധതികൾക്കും കേന്ദ്ര ഗവൺമെന്റിൽ നിന്നും അനുമതി ലഭിച്ച ശേഷം ഭരണാനുമതി നൽകാവുന്നതാണ് . ആർ.കെ.വി.വൈ-യുടെ കീഴിലുള്ള വിഹിതം നെൽകൃഷി വികസനം , പച്ചക്കറി വികസനം, ജൈവ കൃഷി പ്രോത്സാഹനം, മൊത്ത വ്യാപാര വിപണികളുടെ അടിസ്ഥാന സൗകര്യ വികസനം, ജില്ലാ സംഭരണ കേന്ദ്രങ്ങൾ, നീര സംസ്കരണ പ്രോജക്ടുകൾക്കുള്ള സഹായം എന്നിവയ്ക്കായി വിനിയോഗിക്കാവുന്നതാണ്.

| | | |
|---|---|---|
| **31)** | **ദേശീയ ബയോഗ്യാസ് വികസന പരിപാടി** | **ശീർഷകം : 2810-00-105-99** |
| | | **വിഹിതം: 1.00 ലക്ഷം രൂപ** |

ഈ പദ്ധതി പ്രകാരം സാധാരണ ബയോഗ്യാസ് പ്ലാന്റും സാനിറ്ററി ടോയ്‌ലറ്റ് പ്ലാന്റും സ്ഥാപിക്കുന്നതിനും നിർമ്മാണ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് പരിശീലനവും , ഗുണഭോക്താവിനും മറ്റ് ടേൺ കീ ഏജന്റുമാർക്കും സാമ്പത്തിക സഹായവും ലക്ഷ്യമിട്ടിരിക്കുന്നു. ഒരു പ്ലാന്റിന്റെ സബ്സിഡി നിരക്ക് ജനറൽ വിഭാഗത്തിന് 12000 രൂപയും പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിന് 13000 രൂപയുമാണ്. ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന്റെ ചിലവ്, പരിശീലന ചിലവ്, മറ്റു പ്രവർത്തന ചിലവുകൾക്കും നടത്തിപ്പിനുമായി വിഹിതം വകകൊള്ളിച്ചിരിക്കുന്നു. 2019-20 ൽ ടോക്കൺ വിഹിതമായി വകയിരുത്തിയിട്ടുള്ള 1.00 ലക്ഷം രൂപ കേന്ദ്ര സഹായമായി പ്രതീക്ഷിക്കുന്നു. കേന്ദ്ര ഗവൺമെന്റ് പ്രോജക്ട് അംഗീകരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തുക അനുവദിക്കുന്നതാണ്.